1൫ അണ ഗ്രന്ഥാവലി

# ഞങ്ങൾ വിഗ്രഹം

1807

G
894.8124
CHE

# അത്ഭുതവിഗ്രഹം

1807
1352

## വി. എം. ചെറിയാന്റെ കൃതികൾ

| | |
|---|---|
| ആരണ്യകന്യക | (നോവൽ) |
| അത്ഭുത വിഗ്രഹം | ,, |
| ഹിപ്നോട്ടിസം-പ്രഥമ പാഠങ്ങൾ | |
| ടി ഉപരിപാഠങ്ങൾ | |
| കാമസൂത്രം | |
| ശകുനശാസ്ത്രം | |
| Phala Deepika | |
| Chamalkara Chintamani | |
| Sakuna Sastra | |

# അത്ഭുതവിഗ്രഹം

(നോവൽ)

1807
135.2

ഗ്രന്ഥകർത്താവ്
വി. എം. ചെറിയാൻ

DISTRIBUTORS

നാഷനൽ ബുക്കസ്റ്റാൾ

കളരിക്കൽ ബസാർ, കോട്ടയം

വില 12 ണ.

NATIONAL BOOK STALL
TRIVANDRUM-1

11217

ഒന്നാം പതിപ്പ് കോപ്പി 1000

1953 സെപ്തംബർ

(പകർപ്പവകാശം)

പ്രസാധകന്മാർ :

പി. പി. ബുക്ക് ഡിപ്പോ, കോട്ടയം

C. M. S. PRESS, KOTTAYAM

1807
1352

# ആമുഖം

ഞങ്ങളുടെ "പന്ത്രണ്ടണ ഗ്രന്ഥാവലി"യിലെ രണ്ടാം പുസ്തകം ആയ "അത്ഭുതവിഗ്രഹം" എന്ന നോവൽ, ഒന്നാം പുസ്തകം പ്രസിദ്ധപ്പെടുത്തി നാലു മാസം തികയുന്നതിനു മുമ്പുതന്നെ അച്ചടിച്ചിറക്കാൻ സിദ്ധിച്ചതിൽ അതിയായ ചാരിതാൎത്ഥ്യമുണ്ടു്. "അത്ഭുതവിഗ്രഹവും," "ആരണ്യകന്യക"യെപ്പോലെ തന്നെ "പത്രിക"യിൽ ഖണ്ഡശ്ശഃ പ്രസിദ്ധപ്പെടുത്തുകയും വായനക്കാരുടെ പ്രശംസയ്ക്കു പാത്രീഭവിക്കയും ചെയ്തിട്ടുള്ളതാകുന്നു. ഞങ്ങളുടെ ബന്ധുക്കളും ഈ നോവലിനു ഹൃദയംഗമമായ സ്വീകരണം നൽകുമെന്നുള്ള പ്രതീക്ഷയോടുകൂടെ അത്ഭുതവിഗ്രഹത്തെ സാദരം സമൎപ്പിച്ചുകൊള്ളുന്നു. പന്ത്രണ്ടണ ഗ്രന്ഥാവലിയിലെ മൂന്നാമത്തെ പുസ്തകമായ "വാനരനാരി" അച്ചടി ആരംഭിച്ചു കഴിഞ്ഞു എന്നു പ്രസ്താവിക്കുന്നതിനു ഞങ്ങൾക്കു അതിയായ സന്തോഷമുണ്ടു്.

മലയാളത്തിൽ ഇതിനു മുമ്പ് ആരും പരീക്ഷിച്ചിട്ടില്ലാത്ത ഈ പുതിയ ഉദ്യമത്തിൽ സംസ്കാരസമ്പന്നരായ കേരളീയരുടെ ഉള്ളഴിഞ്ഞ സഹകരണവും, അനുഗ്രഹവും ഉണ്ടാകണമെന്നപേക്ഷിച്ചുകൊള്ളുന്നു.

പ്രസാധകർ

1953 ഒക്ടോബർ 25.

പി. വി. ബുക്കുഡിപ്പോ

കോട്ടയം.

# അത്ഭുതവിഗ്രഹം

## അദ്ധ്യായം I.

ഇൻഡ്യ ഒരു ഭൂഖണ്ഡമൊ വൻകരയൊ ആയി എണ്ണപ്പെടേണ്ടതാണെന്നു വാദിക്കയൊ, ഭൂഖണ്ഡമാണെന്നു നാം അഭിമാനംകൊള്ളുകയൊ ചെയ്യുന്നുണ്ട്. നമ്മുടെ വൻകരയുടെ വടക്കേ അററത്തിന്റ് അപ്പുറത്തു ഹിമാലയത്തിൻെറ മറുവശത്തു ആരംഭിച്ച് നെട്ടനീളെ തെക്കേ അററംവരെ ഒഴുകി കന്യാകുമാരിയിൽ ചെന്നു കടലിൽചേരുന്ന ഒരു നദി ഉണ്ടെങ്കിൽ അതു് എന്തൊരു മഹാ ഭീമൻ ആറായി നാം അതിനെ ഗണിക്കും? ഹിമാലയത്തിൽനിന്ന് ഉയന്നു ഇന്ത്യയുടെ ഒരു അരികിൽകൂടി ചാഞ്ഞൊഴുകി കടലിൽചേരുന്ന ബ്രഹ്മപുത്രാനദിയുടെ വലുപ്പത്തേയും മാഹാത്മ്യത്തേയുംപററി എത്ര പറഞ്ഞാലും മതിയാവാത്ത നാം, ഈ നദിയെ എങ്ങനെ പുകഴ്ത്തും? തെക്കേ അമ്മേരിക്കയുടെ വടക്കുപടിഞ്ഞാറു ഭാഗത്തുനിന്നു പുറപ്പെട്ട് ആ വൻകര വിലങ്ങി കടന്നു കിഴക്കുതിരത്തു ചെന്നു അററ്ലാൻറിക്കു സമുദ്രത്തിൽ വീഴുന്ന ഒരു നദിയാണ് ആമസൺ. ആമസൺ നദിയുടെ നീളം നാലായിരം മൈൽ എന്നാണ് കണക്കുവച്ചിരിക്കുന്നതു്. ഈ നദിയുടെ ആരംഭം എവിടെയാണെന്നു പരമാത്ഥത്തിൽ കണ്ടുപിടിച്ചിട്ടില്ലെന്നു പറഞ്ഞാൽ അതു തെററാവില്ല. കടലിൽനിന്നു ഏതാനും മൈൽ മുകളിലേക്കു ചെല്ലുമ്പോൾ മുതൽതന്നെ നദി പലപല ശാഖകളായി പടരുന്നു. മേല്പോട്ടു മേല്പോട്ടു പോകുന്തോറും ശാഖകളുടെ സംഖ്യ വർദ്ധിക്കുന്നു. ഇതിൻെറ ശാഖകൾ എന്നു പറയപ്പെട

ന്ന പല നദികളും, മഹാനദികളായി എണ്ണപ്പെടുന്ന പലപല നദികളേക്കാൾ വളരെ വലുതാണ് ആമസൺ നദിയുടെ ഉത്ഭവസ്ഥാനമായ ആൻഡെസ് പർവ്വതപ്രദേശത്തു എത്തുമ്പോഴേക്ക് ശാഖോപശാഖകൾ എത്ര ഉണ്ടെന്നു കണക്കാക്കുക കേവലം അശക്യം തന്നെയാണ്. ഇങ്ങനെയുള്ള നിരവധി ശാഖകളിൽ ഏതിൻെറ ഉത്ഭവസ്ഥാനത്തെയാണ്, മഹാനദിയുടെ ഉല്പത്തിയായി എണ്ണേണ്ടതു്? ആർക്കും ധൈര്യമായി ഒന്നും പറവാൻ ആവില്ല.

ആമസൺ നദിയുടെ ദൈർഘ്യം ഹിമാലയംമുതൽ കന്യാകുമാരിവരെക്കല്ല. അതിലും അധികമാണെന്നു പറഞ്ഞുവല്ലോ. നദീതടത്തിൻെറ വിസ്തീർണ്ണം മുപ്പതിനായിരം ചതുരശ്രമൈത്സാണെന്നു കേൾക്കുമ്പോൾ നീളത്തിനു ചേരുന്നതാണ് അതും എന്നു ആരും സമ്മതിക്കും. മററൊരുതരത്തിൽ പറഞ്ഞാൽ "പൊണ്ണത്തടിയനെ എന്തിനു കൊള്ളാം? നെടിയപുരയ്ക്കൊരു തൂണിനു കൊള്ളാം" എന്നതല്ല ആമസൺനദിയുടെ സ്ഥിതി. നെടുനെടുങ്കനായി ഒഴുകി പോകുന്നതോടൊപ്പംതന്നെ അനേകായിരം ചതുരശ്രമൈൽ സ്ഥലത്തിനു അതിനെക്കൊണ്ടു് പ്രയോജനവും ഉണ്ടാകുന്നുണ്ടു. ഇൻഡ്യയും പാകിസ്ഥാനുംകൂടി ചേർന്നാൽതന്നെ ആമസൺ നദീതടത്തിൻെറ പകുതിയിൽ അല്പം അധികമെ വിസ്തീർണ്ണമുള്ളു എന്നും പറഞ്ഞാൽ, 1800 മൈൽ നീളം മുതൽ കീഴ്പ്പോട്ടുള്ള അനേകം ശാഖകളുള്ള ഈ നദീമാതാമഹിയുടെ ഗാംഭീര്യത്തെപ്പററി ഏതാണ്ടൊന്നു ഊഹിക്കാൻ സാധിച്ചേക്കാം. മഹാനദിയിലും അതിൻെറ പല പോഷകനദികളിലുംകൂടി കടലിൽ സഞ്ചരിക്കാൻ തക്ക വലുപ്പമുള്ള കപ്പലുകൾക്കു സുഖമായി സഞ്ചരിക്കാൻ തക്ക വീതിയും ആഴവുമുള്ള മുപ്പതിനായിരം മൈൽ നീർച്ചാലുകൾ ഉണ്ടു്. കടലിൽനിന്നു രണ്ടായിരത്തിനാനൂറ മൈൽ മുകളിൽ ചെന്നു് ആറി

ൻെറ ആഴം നോക്കിയാൽ കാണാം 120 അടി ഉണ്ടെ ന്ന്. നദി അത്ലാൻറിക്കുസമുദ്രത്തിൽ പതിക്കുന്ന ഭാഗത്തു്, നദിമുഖത്തു രണ്ടു ദ്വീപുകൾ ഉണ്ടു്. ഇവ യിൽ ഒന്നിനു സ്വിററ്സർലണ്ടു് രാജ്യത്തോളം വി സ്തീർണ്ണം ഉണ്ടു്.

ഇങ്ങനെ പല തരത്തിൽ അസാധാരണമായ മാഹാത്മ്യമുള്ള ആമസൺ നദി, അതു ഒഴുകുന്ന പ്രദേ ശങ്ങളെ എല്ലാം ധനഭൂയിഷ്ഠമാക്കുന്നു എന്നു പറയാ മെങ്കിൽ, പല ഭാഗങ്ങളെ അപകടശങ്ക കൂടാതെ മനു ഷ്യർക്കു എത്തിനോക്കാൻ പാടില്ലാത്ത നിലയിൽ ആക്കു ന്നു എന്നും പറയാം.

രണ്ടാമത്തെ ലോകമഹായുദ്ധകാലത്തു സമരോ പകരണനിർമ്മാണത്തിനും മററും അത്യാവശ്യമുള്ള റബ്ബ ർ, ടിൻ എന്നിങ്ങനെയുള്ള അപൂർവ്വസാധനങ്ങൾ ഉല്പാ ദിപ്പിക്കുന്ന വിഭാഗങ്ങളിൽ ഭൂരിഭാഗവും ജർമ്മനിയും ജ പ്പാനുംകൂടി കൈവശപ്പെടുത്തിക്കളഞ്ഞുവല്ലോ. ഐക്യ കക്ഷികളുടെ ആവശ്യത്തിനു ഈ അപൂർവ്വസാധനങ്ങ ളിൽ പലതും ആമസൺനദീകലവറയിൽനിന്നു മുങ്ങി ത്തപ്പിവാരി എടുക്കാൻ സാധിച്ചതുകൊണ്ടാണു് അച്ചു തണ്ടുശക്തികളെ തോല്പിക്കാൻ അവർക്കു കഴിഞ്ഞതു്. ആമസൺനദീതലപ്രദേശത്തുനിന്നു ഇന്നും വളരെ അധികം സ്വർണ്ണവും രത്നങ്ങളും എടുത്തുകൊണ്ടാണിരി ക്കുന്നതു്. അവിടെ ഒരു വജ്രഖനിപ്രദേശത്തുനി ന്നു കുഴിക്കലും മണ്ണുമറിക്കലും ഒന്നും കൂടാതെ ഒരാഴ്ചയ്ക്കു ള്ളിൽ രണ്ടായിരം രത്നങ്ങൾ പെറുക്കി എടുക്കുകയു ണ്ടായി.

ഈ നദിപ്രദേശത്തിൻെറ ധനപരമായ ഔന്ന ത്യം അനേക ശതാബ്ദങ്ങൾക്കുമുമ്പു അമേരിക്കൻ ഇ ൻഡ്യരിൽ ചില വിഭാഗക്കാർ മനസ്സിലാക്കിയിട്ടുണ്ടാ യിരുന്നു. അമേരിക്കൻ ഇൻഡ്യരേയും മററും കാട്ടാള

ന്മാരും അപരിഷ്കൃതരും ആയി മുദ്ര അടിക്കാൻ ഇന്നു ധൈര്യപ്പെടുന്ന വെള്ളക്കാരിൽ പലരുടേയും പൂർവ്വിക ന്മാർ ഇരുമ്പിന്റെ ഉപയോഗം മനസ്സിലാക്കുന്നതിനു മുമ്പ് ഈ അമേരിക്കൻ ഇൻഡ്യൻ വർഗ്ഗക്കാർ ഇന്ന ത്തെ അതിസമർത്ഥന്മാരായ ശില്പകലാവിദഗ്ധന്മാർ അ ത്ഭുതപ്പെടുന്ന തരത്തിലുള്ള ആഭരണങ്ങളും കോട്ടകൊ ത്തളങ്ങളും മററും നിർമ്മിച്ചുവന്നിരുന്നു.

ഇന്നു ഒരുതരം കെട്ടുകഥപോലെ അത്ഭുതകരമാ യി ഗണിക്കപ്പെട്ടുവരുന്ന ഇൻകാ സംസ്കാരത്തെപ്പ ററി ആദ്യമായി പാശ്ചാത്യർക്ക് അറിവുകിട്ടിയതു് പതിന ഞ്ചാംനൂററാണ്ടിൽ ആയിരുന്നു എന്നു തോന്നുന്നു. തെ ക്കേഅമേരിക്കയിൽ കുടിയേറിപ്പാർക്കാൻ സ്പെയിനിൽ നിന്നു പുറപ്പെട്ട കൊള്ളക്കാരുടെയും കടൽക്കള്ളന്മാരുടെ യും സന്താനങ്ങൾ ഇൻകാവർഗ്ഗക്കാരായ ഇൻഡ്യരെ വളരെയധികം ദ്രോഹിച്ചു. അവരുടെ വിലതീരാത്ത വകകൾ കൊള്ളിവച്ചു നശിപ്പിക്കുകയും കൊള്ളചെയ്തു കൊണ്ടുപോകയും ചെയ്തു. മൂന്നു ശതാബ്ദക്കാലത്തേ ക്കു ലോകത്തിലെ ആവശ്യത്തിനുള്ള സ്വർണ്ണം അത്രയും ആമസൺനദീതലപ്രദേശത്തുനിന്നാണു് എടുത്തുകൊ ണ്ടിരുന്നതു്. അവിടത്തെ അടിമപ്പെണ്ണുങ്ങൾപോലും അവരുടെ തലമുടിയുടെ ആകർഷണീയത വർദ്ധിപ്പിക്കാ ൻ അവയിൽ സ്വർണ്ണപ്പൊടി വിതറുമായിരുന്നു എന്നു പറഞ്ഞാൽ സ്വർണ്ണം എത്ര ധാരാളമായിരുന്നു അവിടെ എന്നു മനസ്സിലാക്കാമല്ലോ.

ഇങ്ങനെ, ഇന്നും ഒരു കടങ്കഥയായി കിടക്കുന്ന ആമസൺനദീതലപ്രദേശത്തു നടന്ന ചില സംഭവ ങ്ങളാണു് ഈ കഥയ്ക്കു അടിസ്ഥാനം.

# അദ്ധ്യായം 2

സ്പെയിൻകാരുടെ കൊള്ളയിൽപെടാതെ ഇൻകാകളുടെ പ്രധാന ദേവൻെറ വിലമതിക്കാവതല്ലാത്ത വിശിഷ്ടവിഗ്രഹവും വിലമതിക്കാവതല്ലാത്ത വളരെ അധികം സ്വർണ്ണാഭരണങ്ങളും പാത്രങ്ങളും രത്നങ്ങളും ഇപ്പോഴും ആമസോൺനദിതലപ്രദേശത്തു എവിടെയോ ഉണ്ടെന്നും അവയെല്ലാം ഇന്നു ജനവാസമില്ലാതെ ഉപേക്ഷിക്കപ്പെട്ട ഒരു നഗരത്തിലാണെന്നും വിശ്വസിച്ചു് അവ കണ്ടുപിടിക്കുന്നതിനായി ഏതാനും വർഷങ്ങൾക്കുമുമ്പു് ഒരു അന്വേഷണസംഘം തെക്കെ അമേരിക്കയിലേക്കു പുറപ്പെട്ടു. അതിനുമുമ്പു പുറപ്പെട്ട പല സംഘങ്ങൾക്കും ഉണ്ടായ അനുഭവംതന്നെ ആ സംഘത്തിനും ഉണ്ടായി. സംഘത്തിലെ അംഗങ്ങളുടെ അന്ത്യം എന്തായിരുന്നു എന്നുപോലും ലോകർക്കു അറിയാൻ സാധിച്ചില്ല. ആ സംഘത്തിലെ നേതാവു് അയാളുടെ ഭാര്യയേയും പത്തുവയസ്സ്മാത്രം പ്രായമുണ്ടായിരുന്ന പുത്രി എൽസിയേയും അവരുടെ പട്ടി സീസറിനേയും കൂട്ടി ഒരു വിനോദയാത്രയ്ക്കു പുറപ്പെടുന്ന മട്ടിലാണ് പുറപ്പെട്ടതു്. എൽസിക്കു ഒരു കൂട്ടു വേണമല്ലോ എന്നുവച്ചു സംഘത്തിലെ ഒരംഗത്തിൻെറ പുത്രൻ പന്ത്രണ്ടുവയസ്സുള്ള ജേക്കബിനേയും അവർ കൊണ്ടുപോയിരുന്നു.

ആ സംഘം തെക്കെ അമേരിക്കയിൽ എത്തി. ഇൻകാ സാമ്രാജ്യമെന്നു അറിയപ്പെട്ടിരുന്ന പ്രദേശമെല്ലാം ചുററിത്തിരിഞ്ഞു. എന്നും മഞ്ഞുകൊണ്ടു് മൂടപ്പെട്ടിരുന്ന മലകളും ചൂടിൻെറ കാഠിന്യംമൂലം തല വെളിക്കു കാണിക്കാൻ പാടില്ലാത്ത സമതലപ്രദേശങ്ങളും അവർ സന്ദർശിച്ചു അന്വേഷണം നടത്തി. അപകടം ഉണ്ടായില്ല. അപ്പോൾ മററു പല ഗവേഷണ സം

ഫലങ്ങളും മനുഷ്യഭോജികളായ കാട്ടാളന്മാരുടേയും ഭയങ്കരന്മാരായ കാട്ടുമൃഗങ്ങളുടെയും ആഹാരമായിത്തീൎന്നു എന്നുള്ള കേൾവി വെറും കെട്ടുകഥയായി ഇവൎക്കു തോന്നിയതിൽ തെററില്ലല്ലോ. പക്ഷേ അവിടെങ്ങും അവർ തേടി പുറപ്പെട്ട നഗരാവശിഷ്ടങ്ങൾ കണ്ടില്ല.

ഇങ്ങനെ പല മാസത്തെ പൎയ്യടനത്തിനുശേഷം ഒരു നഗരത്തിൻെറ നഷ്ടശിഷ്ടങ്ങൾ അവർ കണ്ടു. അനേകായിരം ജനങ്ങൾ അവിടെ താമസിച്ചിരുന്നതാണ്. നഗരവീഥികളും മണിമേടകളും വിനോദത്തിനും വ്യായാമത്തിനും ഉള്ള സ്ഥലങ്ങളും അനേകമനേകം ഗൃഹങ്ങളും ക്ഷേത്രങ്ങളും അവിടെ ഉണ്ടായിരുന്നു എന്നു ആദ്യ ദിവസത്തെ അന്വേഷണത്തിൽ തന്നെ അവർ കണ്ടു. അവർ അന്വേഷിച്ചിറങ്ങിയ നഗരം അതു തന്നെ എന്നു തീൎച്ച ആയി. എത്രകാലം അവിടെ താമസിക്കേണ്ടതായി വന്നാലും, ഗവേഷണം പൂൎത്തിയാക്കതന്നെ ചെയ്യണമെന്നുറച്ച് താമസത്തിനു കൂടാരങ്ങളും മറവ അടിച്ചു ശരിപ്പെടുത്തി.

ഇൻകാ വൎഗ്ഗക്കാരുടെ വൈദികർ അവരുടെ പ്രധാന ദേവൻെറ പ്രതിമ ആ നഗരത്തിൽ എവിടെയൊ മറച്ചുവച്ചിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യങ്ങൾ പലതു കിട്ടി. അതോടുകൂടി ഗവേഷകരുടെ ഉത്സാഹം വൎദ്ധിച്ചു. ഒന്നു പറയേണ്ടതുണ്ട്. ആ പ്രതിമയിൽ പതിച്ചിരുന്ന വില തീരാത്ത രത്നങ്ങളോ തനിതങ്കംകൊണ്ടു നിൎമ്മിച്ച പ്രതിമ കിട്ടിയാൽ അതു വിററ പണം ഉണ്ടാക്കാമെന്നുള്ള മോഹമൊ അല്ല, ഈ ഗവേഷക സംഘത്തെ നയിച്ച ശക്തി. ചരിത്രപരമായും ശാസ്ത്രീയമായും ഉണ്ടാകാവുന്ന പ്രയോജനങ്ങളാണ് അവൎക്കു ഉത്തേജനം നൽകിയതു്.

പല സ്ഥലങ്ങൾ കഴിച്ചു പല ദിവസങ്ങൾ കഷ്ട

പ്പെട്ടു. അതോടുകൂടി പരിതസ്ഥിതികളെപ്പററിയുള്ള ഭയം ആ ശാസ്ത്രജ്ഞന്മാക്കും അവരുടെ കൂടെ ഉണ്ടായിരുന്നവക്കും നിശ്ശേഷം ഇല്ലാതായി. ഇൻകാകളുടെ ബിംബമൊ മററു എന്തെങ്കിലുമൊ എടുക്കുന്നവക്കു അതി ഭയങ്കരമായ ദുരിതാനുഭവങ്ങൾ ഉണ്ടാകുമെന്നു അവർ ധാരാളമായി കേട്ടിട്ടുള്ളതു കേവലം മിഥ്യയാണെന്നു അവക്കു തോന്നി. ഗവേഷകർ മണ്ണു മാന്തുകയും കാണുന്ന മണ്ണോട്ടുകഷ്ണങ്ങളും ആഭരണശകലങ്ങളും പരിശോധിച്ചുകൊണ്ടിരിക്കയും ചെയ്യുമ്പോൾ അതിലെങ്ങും ഒരു രസവും തോന്നാത്ത കുട്ടികൾ, എൽസിയും ജേക്കബ്ബും, ആ പ്രാചീന നഗരത്തിൻെറ നാനാഭാഗത്തും ചുററിത്തിരിഞ്ഞു അവക്കു രസകരമായി തോന്നുന്ന വല്ലതും ഉണ്ടോ എന്നു ആരായുക പതിവായിരുന്നു. ഗവേഷണ സംഘത്തിൽപെട്ടവരല്ലാതെ അവിടെങ്ങും വേറെ ആരും ഇല്ല എന്നും, വന്യമൃഗങ്ങളും ഇല്ലെന്നും ബോദ്ധ്യമായിരുന്നതുകൊണ്ട് കുട്ടികൾ അവരുടെ പട്ടിയും ഒരുമിച്ചു ചുററിത്തിരിയാൻ അനുവദിക്കപ്പെട്ടിരുന്നു.

ഒരു ദിവസം നഗരത്തിൻെറ ഏതൊ ഭാഗത്തുവച്ചു കുട്ടികൾ ആരെയോ കണ്ടെന്നു, അന്നു വൈകുന്നേരം തന്നെ അവർ അവരുടെ രക്ഷാകത്താക്കളെ ധരിപ്പിച്ചു. കണ്ട ആളുകളുടെ വേഷവിധാനങ്ങളും മററും വണ്ണിക്കാൻ കുട്ടികൾക്കു കഴിഞ്ഞില്ല. എങ്കിലും പറഞ്ഞതിൽ നിന്നു്, അവർ കണ്ടതു്, ഇൻകാ ഇൻഡ്യൻമാരെ ആണെന്നു അനുമാനിക്കാമായിരുന്നു. പ്രായമായവർ ഈ ദിവസങ്ങളെല്ലാം അന്വേഷിച്ചു് നടന്നിട്ടും ഒരു ഒററ ഇൻകായെ പോലും കണ്ടില്ല. പിന്നെങ്ങനയാണു കുട്ടികൾ അവരെ കാണുന്നതു്? ഇൻകാകളുടെ വസ്ത്രധാരണരീതി മുതലായവയെപ്പററി പ്രായമുള്ളവർ വാദപ്രതിവാദം ചെയ്യുന്നതു് പലപ്പോഴും കേട്ടിട്ടുള്ളതു കൊണ്ടായിരിക്കാം കുട്ടികൾ കണ്ടു എന്നു പറയുന്നവരുടെ വേഷവും മററും ഇത്രയും എങ്കിലും

വിവരിക്കാൻ സാധിക്കുന്നതെന്നും അവർ കണ്ടതല്ല, കളവു പറയുന്നതുമല്ല, അവരുടെ "തോന്നൽ" യഥാൎത്ഥമാണെന്നു വിശ്വസിച്ചു പറയുന്നതാണെന്നും വിധിക്കപ്പെട്ടു. ഇക്കാരണത്താൽ, കുട്ടികൾ നൽകിയ വിവരങ്ങളിൽ വല്ല കഥയും ഉണ്ടോ എന്ന് ആരും അന്വേഷിച്ചില്ല.

ഇൻകാകളുടെ ദേവൻെറ സുവൎണ്ണവിഗ്രഹം ക്ഷേത്രത്തിൻെറ ഒരു കല്ലറയിൽ നിന്നു ഗവേഷകൎക്കു കിട്ടി. തങ്കത്തിൽ കൊത്തിയെടുത്ത ആ വിഗ്രഹത്തിൻെറ ഭംഗിയും, അതിൻെറ പണിയിൽ പ്രത്യക്ഷപ്പെട്ടിരുന്ന കലാവൈദഗ്ദ്ധ്യവും, അവരെ അത്ഭുതപരതന്ത്രരാക്കി. പക്ഷേ ബിംബം കണ്ടെടുത്ത ദിവസം തന്നെ ഒരു അത്യാഹിതം സംഭവിച്ചു. സംഘത്തിൻെറ നേതാവിൻെറ തലയിൽ ഒരു വലിയ ഉണ്ടക്കല്ലു വീണു അയാൾ തകൎന്നു മരിച്ചു. അതോടുകൂടി, ഇൻകാകളുടെ ഭണ്ഡാഗാരത്തിൽ കൈവയ്ക്കുന്നതു് അപകടം വിളിച്ചു വരുത്തുന്ന സൂത്രമാണെന്നുള്ള സംസാരത്തിൽ കഥയുണ്ടെന്ന് സംഘത്തിലെ ബാക്കി ഉള്ളവൎക്കു ബോദ്ധ്യമായി. കിട്ടിയതുംകൊണ്ടു് അതിവേഗം നാടുപററണമെന്നു അവർ തീൎച്ചപ്പെടുത്തി. ഒട്ടും താമസിക്കാതെ തടികൾ വെട്ടി ഒരു ചെങ്ങാടം ഉണ്ടാക്കി അതിൽ യാത്ര പുറപ്പെട്ടു. ആമസൺ നദി വളരെ ആഴവും വീതിയും ഉള്ളതാണെങ്കിലും, അതിൻെറ അനേകശതം പോഷകനദികൾ എല്ലാം, ആരംഭത്തിൽ അനേകമനേകം വെള്ളച്ചാട്ടങ്ങളും ചുഴലിമലരികളും ഉണ്ടാക്കിയാണു കീഴ്പ്പോട്ടു പോകുന്നതു്. ഇങ്ങനെയുള്ള പല വെള്ളച്ചാട്ടങ്ങളും ചുഴലികളും അപകടം കൂടാതെ അവർ തരണം ചെയ്തു. ഒടുവിൽ ഒരു വെള്ളച്ചാട്ടത്തിങ്കൽ വന്നു് ചെങ്ങാടം തകൎന്നു. ബിംബവും അതിൽ യാത്ര ചെയ്തിരുന്ന ആളുകളും അപ്രത്യക്ഷമാകുകയും ചെയ്തു.

ഈ സംഭവം നടന്നു കുറെ വാരങ്ങൾ കഴിഞ്ഞു്, കാട്ടുറബർ ശേഖരിക്കാൻ പുറപ്പെട്ട ഏതാനും ആളുകൾ വൻകാട്ടിലെ ഒരു അരുവിക്കു സമീപത്തു വച്ചു ഒരു പയ്യനെ കണ്ടു. നിറംകൊണ്ടു കാട്ടാളനല്ലെന്നു അറിയാം. വസ്ത്രം, ഒരു നൂൽപോലുമില്ല. സുബുദ്ധിയില്ല. നടക്കാൻ അശേഷം ശക്തിയില്ല. റബർ അന്വേഷിച്ചു പുറപ്പെട്ടവർ അവനെ മരണത്തിൻെറ വക്ത്രത്തിൽ നിന്നും രക്ഷിച്ചു. കുറെ ദിവസം പോഷണശക്തിയുള്ള ആഹാരങ്ങളും മററും കൊടുത്തപ്പോൾ അവൻ ആരോഗ്യവാനായി. അതു ഗവേഷണ സംഘത്തിൽ പെട്ട ജേക്കബ് ആയിരുന്നു. അവൻ ഒരു തരത്തിൽ നാട്ടിൽ മടങ്ങി എത്തി.

## അദ്ധ്യായം 3

നീണ്ടവർഷങ്ങൾ പത്തു കഴിഞ്ഞു. ജേക്കബ് സൽസ്വഭാവി ആയിരുന്നതിനാലും വിദ്യാഭ്യാസകാര്യങ്ങളിലും മററും ശുഷ്കാന്തിയോടെ ശ്രദ്ധ പതിച്ചിരുന്നതിനാലും അവൻെറ അദ്ധ്യാപകൎക്കും സഹപാഠികൾക്കും പൊതുജനങ്ങൾക്കും എല്ലാം അവനോടു വലിയ സ്നേഹമായിരുന്നു. എന്നാൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴും ക്ലാസ്സിൽ അദ്ധ്യാപകൻ പഠിപ്പിക്കുന്നതു ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോഴും, കളിസ്ഥലത്തുവച്ചുപോലും ചില അവസരങ്ങളിൽ ചിന്താമഗ്നനായി എല്ലാം മറന്നു ഒരുതരം സുഷുപ്താവസ്ഥയിൽ ആയിപ്പോകും എന്നൊരു പ്രത്യേകത അവനുണ്ടായിരുന്നു. ആമസൺ നദി അവനെ കൈമാടിവിളിക്കുന്നു എന്നാണ് അവനു അപ്പോൾ തോന്നുന്നതെന്നു പറഞ്ഞാൽ ആരും വിശ്വസിക്കയില്ല. ആമസൺ നദീതലപ്രദേശത്തു വച്ചുണ്ടായ ഭയങ്കരസംഭവങ്ങളും അവൻെറ അച്ഛ

ൻെറയും, സഹപ്രവത്തകരുടെയും, കൂട്ടുകാരിയുടെയും നാശവും അവൻെറ മനസ്സിനെ കഠിനമായി ക്ഷത പ്പെടുത്തിയതുകൊണ്ടു ഇങ്ങനെ സംഭവിക്കുന്നതാണെ ന്നായിരുന്നു പൊതുവെയുള്ള അഭിപ്രായം. ഏതായാ ലും ജേക്കബിൻെറ ബുദ്ധിക്കു എന്തെങ്കിലും തകരാറു പററി എന്നു ആരും സംശയിച്ചില്ല. അവൻെറ അ ച്ഛനും എൽസിയും മററും മരിച്ചു എന്നു വിശ്വസിക്കാൻ അവനു സാദ്ധ്യവുമല്ല.

കഷ്ടപ്പാടുകൂടാതെ കാലം കഴിക്കാൻ അത്യാവശ്യ മുള്ളവ ഉണ്ടായിരുന്നു ജേക്കബിന്. ഉള്ളതെല്ലാം വി ററിട്ടെങ്കിലും അച്ഛൻെറയും എൽസിയുടെയും വിവര ങ്ങൾ വല്ലതും സമ്പാദിക്കാമൊ എന്നു അന്വേഷിക്ക ണം എന്നു അവൻ പണ്ടെ തീച്ചപ്പെടുത്തിയതാണ്. ഇരുപത്തിഒന്നു വയസ്സു തികഞ്ഞ ദിവസം തുടങ്ങി യാ ത്രയ്ക്കുള്ള ഒരുക്കങ്ങൾ. കൂടെ ആരെ എങ്കിലും കൊണ്ടു പോകണമെന്നു അവനു ഉദ്ദേശമില്ല. ആമസൺ ന ദിയിലൂടെ കുറെ മുകളിലേക്കു പോയി "മാതൊഗ്രൊ സൊ" എന്ന സ്ഥലത്തു എത്തണം. അവിടെ ചെ ന്നു കഴിയുമ്പോൾ പിന്നീട്ടുള്ള പ്രോഗ്രാം ഒക്കെ താനെ തോന്നി വരും എന്നായിരുന്നു ജേക്കബിൻെറ വിശ്വാ സം. അച്ഛനും ഒരുമിച്ചുപോയപ്പോൾ സഞ്ചരിച്ച സ്ഥലങ്ങളിൽ കിഴക്കേട്ടത്തുള്ളവയിൽ മാതോഗ്രോസൊ എന്ന പേർ മാത്രമെ അവനു ഇപ്പോൾ ഓമ്മയുള്ളു. അതുകൊണ്ടാണു പ്രഥമലക്ഷ്യമായി അതു തെരഞ്ഞെ ടുത്തതു്.

ജേക്കബ് നാട്ടിൽനിന്നും പുറപ്പെട്ടു് മാതൊഗ്രൊ സോ പ്രദേശത്തു എത്തിയതുവരെയുള്ള വിവരങ്ങൾ ഈ ചരിത്രത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല. ആ മസൺ നദിയിലൂടെ ഉള്ള യാത്രയിൽ ഉണ്ടായ ചില ചില്ലറ സംഭവങ്ങൾ ഒഴിച്ചാൽ രേഖപ്പെടുത്തത്തക്കതാ

യി ഒന്നും ഉണ്ടായതുമില്ല. മാതൊഗ്രാസൊ എന്ന ലക്ഷ്യം തെററാൻ പാടില്ലാത്ത വിധം അത്ര വിസ്തൃതമാണെന്നു ജേക്കബിനു മനസ്സിലായതു വളരെ വൈകിയാണു്. ബ്രസീൽ രാജ്യത്തെ ഒരു പ്രവിശ്യയുടെ പേരാണ് ഇതു്. ആ പ്രവിശ്യയിലെ മലനാട്ടുവിഭാഗത്തിന്റെ പേരും ഇതു തന്നെ. "മഹാവനം" എന്നാണ് ഈ പേരിന്റെ സാരം. അമേരിക്കൻ ഐക്യരാജ്യങ്ങളിലെ ജനങ്ങൾ കെട്ടിടങ്ങൾ പണിയുന്നതിനും മററും ഉപയോഗിക്കുന്നിടത്തോളം തടി, ബ്രസീൽകാർ തീ എരിക്കുന്നതിനു ഉപയോഗിക്കുന്നുണ്ട്. ഇതിൽനിന്നു ബ്രസീലിലെ വനങ്ങളെപ്പററി അല്പം മനസ്സിലാക്കാമല്ലോ. അത്തരം വനങ്ങൾ ധാരാളമുള്ള ഒരു രാജ്യത്തു, ഒരു പ്രത്യേക വനത്തിനു "മഹാവനം" എന്നു പേർ കൊടുക്കണമെങ്കിൽ അതു ഏതു തരം വനം ആയിരിക്കണം?

മാതൊഗ്രാസോയിലേക്കു പ്രവേശിക്കാൻ രണ്ടാണു മാർഗ്ഗങ്ങൾ. രണ്ടു മാർഗ്ഗങ്ങളും ആപൽസമ്പൂർണ്ണമാണ്. ഒന്ന് നദിവഴി. മാതൊഗ്രാസൊ മലനാടിനു കടൽനിരപ്പിൽനിന്നു മൂവായിരം അടി ഉയരവും താണപ്രദേശത്തിനു മുന്നൂറു അടി ഉയരവും ആണുള്ളതു്. താണ പ്രദേശത്തുനിന്നു മലനാടിന്റെ നിരപ്പിൽ എത്തണമെങ്കിൽ രണ്ടായിരത്തിഎഴുന്നൂറു അടി മേല്പോട്ടു കേറണമല്ലോ. റോഡോ വഴിത്താരയൊ ഇല്ലാത്ത കാട്ടിൽകൂടിയാണു കാൽനടയായിട്ടാണെങ്കിൽ പോകേണ്ട രണ്ടാമത്തെ മാർഗ്ഗം. നോക്കിയാൽ നോട്ടം എത്തുന്നതിൽ അധികം ഉയരമുള്ള മരങ്ങൾ ഇടതൂർന്നു വളരുന്നതുകൊണ്ടു അടിക്കാടുകൾ അധികം ഇല്ലെന്നു പറയാം. പക്ഷെ ഇവിടെ ആ തത്വം ഒന്നും നടപ്പില്ല. കുത്തനെ ഉള്ള കേററവും കാട്ടിൽകൂടി വലിഞ്ഞുള്ള നടത്തയും, കാട്ടുമൃഗങ്ങളിൽനിന്നും സർപ്പങ്ങളിൽനിന്നും ഉണ്ടാകാവുന്ന ഉപദ്രവവും, മലവാസികളായ തല കൊ

യ്യുന്ന കാട്ടാളന്മാരുടെ വിഷം തേച്ച അമ്പിൽനിന്നുള്ള അപകടവും ഒക്കെക്കൂടി ആലോചിക്കുമ്പോൾ കാട്ടുവഴി കാൽനടയ്ക്കു മാതൊഗ്രോസൊ മലനാട്ടിൽ എത്താൻ ആ പ്രദേശത്തെപ്പററി അല്പം അറിവുള്ളവർ ആരും ഒരുങ്ങി ഇറങ്ങുകയില്ല. പിന്നെ ബാക്കിയുള്ളതു നദീമാർഗ്ഗമാണ്. ഒരു നദി മൂവായിരം അടി ഉയരത്തിൽ നിന്നു മുന്നൂറു അടി താഴ്ചയിൽ എത്തുന്നതിനു എന്തെല്ലാം കസ്രത്തുകൾ കാണിക്കേണ്ടതായി വരും. കീഴ്ക്കാൻതൂക്കമായ പാറക്കെട്ടുകളുടെ മുകളിൽ നിന്നു താഴത്തേക്കു നദി ചാടുക സാധാരണമാണെന്നു തന്നെ പറയണം. ഇങ്ങനെ ഉള്ള വെള്ളച്ചാട്ടങ്ങളിൽ താഴത്തുനിന്നു മേല്പോട്ടു കേറുക എന്നുള്ളതു അപകടസമ്പൂർണ്ണമായ യത്നമാണ് എങ്കിലും മലനാട്ടിലേക്കു കരവഴി പോകുന്നതിനേക്കാൾ സൗകര്യം ആ വഴി പോകയാണെന്നാണു വയ്പ്.

മലനാട്ടിലേക്കുള്ള മാർഗ്ഗത്തിന്റെ ആരംഭത്തിൽ താഴ്ചപ്രദേശത്തിന്റെ പടിഞ്ഞാറ് അതൃത്തിയിൽ ആയി കച്ചവടപ്പീടികയും ഹോട്ടലും മദ്യഷാപ്പും എല്ലാം കൂടി ചേർന്ന ഒരു വ്യാപാരസ്ഥലം ഉണ്ട്. മദ്യവ്യാപാരത്തിനാണ് ആ കടക്കാരൻ പ്രാധാന്യം കല്പിച്ചിരിക്കുന്നതെന്നു തോന്നും, അയാളുടെ ചുവന്ന മൂക്കും തുടിച്ച കവിളും വീങ്ങിയ കൺപോളകളും തെന്നിത്തെറിച്ചുള്ള നടത്തയും കണ്ടാൽ. മലനാട്ടിന്റെയും താഴ്ചപ്രദേശത്തിന്റെയും അതൃത്തിയിൽവച്ചും, ധൈര്യം അവലംബിച്ചും അല്പം മുമ്പോട്ടു കടന്നും മലയന്മാരും വെള്ളക്കാരും, പല തരത്തിലും പല തലമുറകളിലും ഉള്ള കൂടിക്കലച്ച്കൊണ്ടു പല വിധത്തിൽ സങ്കീർണ്ണന്മാരായിട്ടുള്ളവരും ആയ ആളുകളും വർഗ്ഗങ്ങളും സമ്പാദിക്കുന്ന വനവിഭവങ്ങളും മൃഗചർമ്മങ്ങളും ഈ കടയിൽ കൊണ്ടുവന്നുകൊടുത്തു പകരം പല സാമാനങ്ങൾ വാങ്ങുന്നതുകണ്ടാൽ അതൊരു നല്ല കച്ചവടസ്ഥലമാണെന്നു തോ

ന്നും. പലരും സാമാനത്തിൻെറ വിലയിൽ ഒരു നല്ല ഭാഗം മദ്യമായി വാങ്ങി അപ്പോൾ തന്നെ കുടിച്ചുമറിയുന്നതും മററു ചിലർ ധാരാളം മദ്യം വാങ്ങി കുടിക്കയും പിന്നെയും ധാരാളം വാങ്ങിക്കൊണ്ടു പോകയും ചെയ്യുന്നതും കണ്ടാൽ കടയുടമസ്ഥൻെറ പ്രധാന തൊഴിൽ മദ്യവ്യാപാരം ആണെന്നു തെളിയും.

അത്യാവശ്യക്കാർക്കു ഒരു രാത്രിയൊ നാലു രാത്രിയൊ കിടക്കുന്നതിനുള്ള സൗകര്യവും അവിടെ ഉണ്ട്. ഉറങ്ങുന്നതിനുള്ള സൌകര്യ്യവും കുപ്പികളിൽ നിറച്ചുവച്ചിട്ടുണ്ട്. അതു വാങ്ങിക്കുടിച്ചു ബോധമില്ലാതെ കിടുന്നുറങ്ങിയാൽ ഉറങ്ങാം. അല്ലാത്തപക്ഷം ആ കടയിലെ മ്ലേച്ഛതയും, അവിടെ നടക്കുന്ന മ്ലേച്ഛതരങ്ങളും അവിടത്തെ കൊതുകും ഈച്ചയും മററു പ്രാണികളും ഉറക്കത്തെ ആ രാജ്യത്തുനിന്നും ഓടിക്കും. കിട്ടുന്നതു ആഹാരം എന്ന തത്വം സ്വീകരിച്ചിട്ടുള്ളവർ മാത്രമെ ആ വഴിക്കു യാത്രചെയ്യുകയുള്ളു എന്നുള്ളതുകൊണ്ടു ആഹാരകാര്യത്തിൽ, അവിടെ താമസിക്കാൻ ഇടവരുന്നവരിൽ നിന്നു പരാതി ഉണ്ടാകാറില്ല. ജേക്കബ്ബു അവിടെ ഏതാനും ദിവസം താമസിച്ചു.

---

## അദ്ധ്യായം 4

മദ്യംകുടിച്ചു മറിയുന്നതിനു പകരം കടക്കാരനേയും, അവിടെ സാധാരണ ചെല്ലുന്നവരേയും മലനാട്ടിൽ നിന്നു തുകലും വനവിഭവങ്ങളും ശേഖരിച്ചുകൊണ്ടു ചെല്ലുന്നവരേയും കുടിപ്പിച്ചു മറിക്കുകയാണു അവൻ ചെയ്തുവന്നതു്. കടക്കാരൻെറ വലംകൈയും കുടിയന്മാക്കു മദ്യംപകന്നു കൊടുക്കുക, താമസക്കാക്കു ആഹാരം പാകം ചെയ്തു കൊടുക്കുക, എന്നീ കൃത്യങ്ങൾ തൃപ്തികരമായി ചെയ്യാൻ കഴിവുള്ളവളും ആയി ഒരു വനിത അ

വിടെ ഉണ്ടായിരുന്നവൎക്കും അല്പം മദ്യം കുടിക്കുന്ന തിനു വിരോധമില്ലെന്നും, കുറച്ചു കൂടുതൽ കിട്ടുന്നതു സന്തോഷകരമാണെന്നും, അവളിൽ നിന്നു പല വിവരങ്ങൾ കിട്ടാനുണ്ടെന്നും മനസ്സിലാക്കിയതുകൊണ്ടു ജേക്കബിന്റെ സല്ക്കാരത്തിൽ അവളും ഭാഗഭാക്കാകാൻ ഇടയായി.

ഏതാനും ദിവസങ്ങൾ ഈ വിധം നിലംഒരുക്കൽ നടത്തിക്കഴിഞ്ഞു് ജേക്കബിനു മലനാട്ടിലുള്ള ഇൻകാകളുടെ നശിച്ച നഗരം കാണാൻ ആഗ്രഹമുണ്ടെന്നും സഹായത്തിനും വഴികാണിച്ചുകൊടുക്കുന്നതിനും തക്കതായ പ്രതിഫലത്തിന്മേൽ ആൾ ആവശ്യമുണ്ടെന്നും കടയിൽ കൂടിയിരുന്ന ആളുകളെ ശരിക്കു "സൽക്കരിച്ച" ശേഷം അവൻ പറഞ്ഞു.

അതിനു അതിവേഗത്തിൽ തന്നെ കടക്കാരൻ മറുപടികൊടുത്തു. അപ്പോഴും കുടിച്ചുകൊണ്ടിരിക്കുന്ന വിവിധ വൎഗ്ഗത്തിൽ പെട്ട ആളുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു "തല കൊയ്യുന്നവരുടെ രാജ്യത്തേക്കു വഴികാണിക്കുന്നതിനൊ അവിടെ എത്തുന്നതിനു നിങ്ങളെ സഹായിക്കുന്നതിനൊ ഈ ഇരിക്കുന്ന വിദ്വാന്മാരിൽ ഒരുവൻപോലും വരുകയില്ല. നിങ്ങളുടെ പണത്തേക്കാൾ അവരുടെ തലയോടാണു അവൎക്കിഷ്ടം. അതാണു കുഴപ്പം."

അവിടെ കൂടിയിരുന്നവരിൽ ഏററം അധികം ഉന്മത്തനായിട്ടുള്ളവനെപ്പോലും തോല്പിക്കാൻ വേണ്ട മദ്യം അകത്താക്കിയ കടക്കാരൻ പറഞ്ഞതു വളരെ ശരിആയിരുന്നു. അവിടത്തെ പതിവുകാർ എല്ലാവരും തന്നെ മദ്യത്തിനുവേണ്ടിമാത്രം ജീവിക്കുന്നവരാണു്. ഏതു തരത്തിലെങ്കിലും അന്നത്തെ കുടിക്കുള്ള വക ഉണ്ടാക്കണം. അതു കൊടുത്തു കുടിച്ചുമറിയണം. സാമൂഹ്യമായി ഇതിലധികം അധഃപതിച്ച ഒരു കൂട്ടം ആളു

കളെ കണ്ടുകിട്ടാൻ പ്രയാസമാണ്. പല ജാതിയിലും പല വർഗ്ഗത്തിലും പെട്ടവരുണ്ട്. അവരിൽ ഓരോരുത്തരും സ്വന്തം ആളുകളുടെ ഇടയിൽ താമസിക്കാൻ പാടില്ലാത്ത പരിതഃസ്ഥിതി സൃഷ്ടിച്ചു ഈ നരകത്തിൽ വന്നുകൂടിയിട്ടുള്ളവർ തന്നെയാണ്. എന്നാലും തല പണയത്തിലാക്കാൻ അവരും ഒരുക്കമില്ലായിരുന്നു.

പക്ഷെ കടക്കാരൻ ഇതൊന്നും ഓർത്തുകൊണ്ടല്ല പറഞ്ഞതു്. ജേക്കബിനെ കാര്യങ്ങൾ ശരിക്കു ധരിപ്പിക്കുന്നതിനായി കടക്കാരൻ തുറന്നുപറഞ്ഞു, "എത്ര തന്നെ കൊടുക്കാമെന്നു നിങ്ങൾ പറഞ്ഞാലും ആരും തലകൊയ്യുന്ന പിശാചുക്കളുടെ നാട്ടിൽ എത്തിച്ചേരാക്കാൻ ധൈര്യപ്പെടുകയില്ല. അതിൽ ഞാൻ ഇവരെ കുററപ്പെടുത്തുകയുമില്ല. അവിടെ ചെന്നുപററിയാൽ എന്താണു വിശേഷം? ഒരു നിമിഷത്തിനകം, കഴുത്തിൽ തല ഇല്ലാതാകും. അടുത്ത നിമിഷത്തിൽ അവർ അതു എന്തോ മരുന്നിൽ പുഴങ്ങി ആകൃതിമാററാതെ അതു ഒരു പേരയ്ക്കായുടെ വലുപ്പത്തിലാക്കി നിങ്ങളെ കാണിക്കും. എത്ര എത്ര വർഷം കഴിഞ്ഞാലും ആ തലയ്ക്കു യാതൊരു കേടും സംഭവിക്കാതെ അതേ തരത്തിൽ ഇരിക്കയും ചെയ്യും. അവിടെ എത്തിക്കഴിഞ്ഞാലുള്ള അനുഭവമാണിതു്. അവിടെ എത്തണമെങ്കിൽ ഏതെല്ലാം നരകത്തിൽ കൂടി കടക്കണം!"

കടക്കാരൻെറ വാചാലത വർദ്ധിച്ചു. അവൻെറ ശബ്ദം അവനെത്തന്നെ രസിപ്പിച്ചു. "ഒരു ആയിരം മരണം കഴിഞ്ഞെ അവിടെ ചെന്നുപററാൻ സാധിക്കയുള്ളു. ആററിൽ മുട്ടിനു മുട്ടിനു ഭയങ്കര വെള്ളച്ചാട്ടവും ചുഴലിയും മലരിയും. അവയിൽ പെടാതെ രക്ഷപ്പെടുക അസാദ്ധ്യം തന്നെയാണ്. അസാദ്ധ്യമായതു സാധിച്ചാൽതന്നെ എന്താണു പുണ്യം? ഒരിടത്തുചെല്ലുമ്പോൾ കൊതുകുകളായിരിക്കും ഇളകി വരുന്നതു്. അ

വ കൂട്ടത്തോടെ വന്നുപററിയാൽ നിങ്ങളുടെ ദേഹത്തി ലുള്ള രക്തം മുഴുവനും അരനിമിഷംകൊണ്ടു് ഊററിക്കുടി ച്ചുകളയും. അവയിൽ നിന്നു രക്ഷപ്പെട്ടു എന്നു വയ്ക്കു ക. മലകളുടെ വലുപ്പത്തിലുള്ള മുതലകൾ കൂട്ടംകൂട്ടമാ യി ഇളകിവരുന്നതായിരിക്കും പിന്നെ കാണുന്നതു്. അവയിൽ ഒന്നിനു കൊറിക്കാൻ പോലും കാണുകയി ല്ല ഒരു മനുഷ്യന്റെ ശരീരം. അപ്പോൾ പിന്നെ ഡ യാൻ കണക്കിനു വരുന്ന മുതലകളെ എങ്ങനെ തൃപ്തി പ്പെടുത്തും? എങ്ങനെ തടഞ്ഞുനിർത്തും?"

ഇത്രയും ആയിട്ടും ജേക്കബ്ബ് നിരാശപ്പെട്ടില്ല. അ വന്റെ കൂടെ ചെല്ലുന്നവർക്കു വലിയ സംഖ്യകൾ കൊ ടുക്കാമെന്നു വിളിച്ചു പറഞ്ഞു. കടക്കാരന്റെ വർണ്ണന കേട്ട സദസ്യർ എല്ലാവരും ഒരേ സമയത്തു അവരവ രുടെ ശക്തിക്കനുസരിച്ചു അത്യുച്ചത്തിൽ അവരുടെ അ നുഭവങ്ങളും അഭിപ്രായങ്ങളും തുറന്നുപറയാൻ മുതിർന്ന തുകൊണ്ടു ജേക്കബ്ബ് പറഞ്ഞതു ആരും കേട്ടില്ല.

അവനു സഹായത്തിനു ആൾ കിട്ടരുതെന്നു കട ക്കാരനു ഇല്ലാഞ്ഞതുകൊണ്ടോ അവൻ സ്വീകരിക്കാൻ ശ്രമിക്കുന്ന മാർഗ്ഗങ്ങൾ അഭിമുഖീകരിക്കാൻ ഇടയുള്ള അപകടങ്ങൾ കുറെക്കൂടി വർണ്ണിക്കാൻ അവസരം കിട്ടുമ ല്ലോ എന്നുവച്ചിട്ടോ, ജേക്കബ്ബ് കൊടുക്കാമെന്നു പറയു ന്ന സംഖ്യ എല്ലാവർക്കും കേൾക്കത്തക്ക വിധം ആ കടക്കാരൻ ഒന്നു രണ്ടു പ്രാവശ്യം വിളിച്ചു പറ ഞ്ഞു. പോകാൻ ആരെങ്കിലും തയ്യാറുണ്ടോ എന്നു ചോ ദിച്ചു.

ഒരുവൻ മാത്രമെ ഇതിനു മറുപടി പറഞ്ഞുള്ളു. "എന്തു്? തലകൊയ്ത്തുകാരുടെ രാജ്യത്തേയ്ക്കോ? നിങ്ങൾ എത്ര പണം തന്നാലെന്താ വിശേഷം? തലയില്ലാതാകു മ്പോൾ മദ്യം സേവിക്കാൻ വായും ഇല്ലാതാകുമല്ലോ. പിന്നെ പണംകൊണ്ടുള്ള പ്രയോജനം എന്താണു്?"

തന്നെയല്ലാ ആ കാട്ടാളന്മാരുടെ കൂട്ടത്തിൽ നല്ല വെളുത്ത നിറമുള്ള ഒരു സുന്ദരി ഒരു ദേവിയെപ്പോലെ ജീവിക്കുന്നുണ്ടെന്നു കേട്ടിട്ടുണ്ട്. അവളുടെ കൈയിൽ നിങ്ങൾ പെട്ടുപോയാൽ ഉണ്ടാകുന്ന അനുഭവം എന്തായിരിക്കും?"

അവിടെ കൂടിയിരുന്നവരുടെ ഭീരുത്വവും, മദ്യത്തിനായി മാത്രം ജീവിക്കുന്ന ആ മനുഷ്യകീടങ്ങളുടെ കിടഃവസ്ഥയും കടക്കാരന്റെ സഹായി ആയ വന്നിയെ ക്ഷോഭിപ്പിച്ചു. അവൾ ജേക്കബിനെ ഉപദേശിച്ചു: "അങ്ങ് എന്തിനാണ് ഈ മൃഗങ്ങളോട് ഇങ്ങനെ പറയുന്നതു? ഇവന്മാരെക്കൊണ്ടു മദ്യം സേവിക്കുന്നതിനും, വല്ല പെണ്ണുങ്ങളെയും കണ്ടാൽ വായ്പൊളിച്ചു നോക്കിനിൽക്കുന്നതിനും അല്ലാതെ കാശിനു കൊള്ളുകയില്ല. അഭിമാനത്തിന്റെയൊ ധൈര്യത്തിന്റെയൊ പൗരുഷത്തിന്റെയൊ കണികപോലും ഇവരിൽ ബാക്കിഇല്ല. കുടിക്കണം. മദ്യംവാങ്ങാൻ എങ്ങനെയും പണം ഉണ്ടാക്കണം. ഇതു മാത്രമെ ഇവക്കറിഞ്ഞുകൂടൂ."

അവിടെ കൂടിയിരുന്നവരുടെ അനാസ്ഥ, ഒന്നിനും കഴിവില്ലാത്ത സ്ഥിതി, ഒരു തരത്തിലും ആയാസപ്പെടുവാൻ ഒരുക്കമില്ലാത്ത സ്വഭാവം ഇവ ജേക്കബിനെ നിരാശപ്പെടുത്തി. ഉണ്ടായിരുന്ന പണമെല്ലാം ശേഖരിച്ച്, കിട്ടാമായിരുന്ന പണി ഉപേക്ഷിച്ചു, വളരെ കഷ്ടപ്പാടുകൾ സഹിച്ച് ഇത്രടം വന്നിട്ട് ഈ വിഡ്ഢികളുടെ സഹകരണം ലഭിക്കാത്തതുകൊണ്ട് മടങ്ങിപ്പോകേണ്ടിവരുമോ എന്നു അവൻ ഭയപ്പെട്ടു. വല്ലാത്ത ഈർഷ്യ ഉണ്ടായി. മുമ്പു കൊടുക്കാമെന്നു പറഞ്ഞ സംഖ്യയുടെ ഇരട്ടി, മൂന്നിരട്ടി കൊടുക്കാമെന്നു പറഞ്ഞു. പണംകൊണ്ടല്ലാതെ അവരെ ഉണർത്താൻ സാധിക്കയില്ലെന്നു മനസ്സിലാക്കിയാണ് ജേക്കബ് പറഞ്ഞതു്. പക്ഷെ ആ പണിയും പററിയില്ല.

ജേക്കബിനു മറുപടിയായി ഒരുവൻ പറഞ്ഞു. "പിരണമത്സ്യങ്ങളുടെ നാട്ടുകൂടി പോകാനാണു വിളിക്കുന്നതു്. എത്ര പണം കിട്ടിയാൽ എന്താണു വിശേഷം. ഓക്കാപ്പുറത്തു എങ്ങാൻ കയ്യോ കാലോ വെള്ളത്തിൽ ഒന്നു തൊട്ടുപോയാൽ തീൎന്നു. അല്ല അതിൻെറ ഫലം കാണിച്ചുതരുകതന്നെ ചെയ്യാം."

മദ്യം മുറയ്ക്കു സേവിച്ചുകൊണ്ടിരുന്ന ഒരു കൂട്ടുകാരൻെറ ഇടതുകൈയിൽ പിടിച്ചു ഉയൎത്തിക്കാണിച്ചുകൊണ്ടു അവൻ തുടൎന്നു, "നോക്കണം ഈ കയ്യിൻെറ മുട്ടിനു താഴെ എങ്ങാൻ ഒരു പണമിട മാംസം ഉണ്ടോ എന്നു്. പ്രിണം ഇന്നും എന്നും കരിയാതെ പഴുത്തുകൊണ്ടും ഇരിക്കുന്നു. ഒരിക്കൽ ഓക്കാതെ വെള്ളത്തിൽ ഒന്നു കൈ ഇട്ടുപോയതിൻെറ ഫലമാണു്. ഇങ്ങനെ മനുഷ്യനെ പച്ചയോടെ തിന്നുന്ന മത്സ്യങ്ങളുടെ നാട്ടിൽകൂടി കുറച്ചു പണത്തിനുവേണ്ടി യാത്രചെയ്യാനാണു നിങ്ങൾ ക്ഷണിക്കുന്നതു്."

മറെറാരു മദ്യപൻ പറഞ്ഞു, "പിരണ മത്സ്യങ്ങൾ എന്നോ ഒരിക്കൽ ചെയ്യുതല്ലേ കാണിച്ചുകൊടുത്തതു്? ഇപ്പോൾ ചെയ്യുന്നതു കാണാമല്ലോ." അയാൾ കടക്കാരനെ നോക്കിപ്പറഞ്ഞു, "ഒരു പന്നിക്കുട്ടിയെക്കൂടി കൊണ്ടുവരണം, വില ഞാൻ തന്നുകൊള്ളാം."

---

## അദ്ധ്യായം 5

ആ കട ആററരികിലാണു് കെട്ടിയിരിക്കുന്നതു്. ഒരു ഭാഗം ആററിൽ തൂണുകൾ നിറുത്തി തട്ടിട്ടിട്ടുള്ളതാണു്. കടക്കാരൻ പന്നിക്കുട്ടിയെ കൊണ്ടുവരാൻ പോയപ്പോഴേക്കു അതിനു ആവശ്യപ്പെട്ടയാൾ തട്ടിൻെറ നാലടി ചതുരമുള്ള ഒരു ഭാഗം വലിച്ചു മേല്പോട്ടു ഇളക്കി ജേക്കബിനെ അവിടേക്കു ക്ഷണിച്ചു. അയാളോടൊ

പ്പം മദ്യപന്മാരിൽ പലരും അവിടെ ചെന്നു. ഒരു റാന്തൽവിളക്കു കയറിൽകെട്ടി കിണ്ണോട്ടിറക്കി. കിണ്ണോട്ടു നോക്കിയാൽ ഒരു എട്ടടി താഴെ വെള്ളം കാണാം. അപ്പോഴേക്കു കടക്കാരൻ പന്നിക്കുട്ടിയേയുംകൊണ്ടു എത്തിക്കഴിഞ്ഞു. കൂടിനിന്നവരെ തള്ളിമാററിയശേഷം കിണ്ണോട്ടുള്ള വാതിലിനു സമീപം ആയാൾ എത്തിയ ഉടനെ പന്നിയെ വെള്ളത്തിലേക്കു ഇടാൻ അതിന്റെ വിലകൊടുത്തുകൊള്ളാമെന്നു പറഞ്ഞയാൾ ആവശ്യപ്പെട്ടു. പന്നിക്കുട്ടി വെള്ളത്തിൽ പതിക്കുന്നതുവരെ ശാന്തമായികിടന്ന ആ ജലപ്പരപ്പിൽ അപ്പോൾ ഉണ്ടായ കോലാഹലം! ഒരടിനീളമുള്ള ഒട്ടധികം മത്സ്യങ്ങൾ പന്നിക്കുട്ടി വെള്ളത്തിൽ തൊട്ട ക്ഷണത്തിൽ അതിന്റെ ദേഹത്തു കടിച്ചുകഴിഞ്ഞു. ഓരോ മത്സ്യവും നല്ല ഓരോ കഷണം മാംസം ആണു് ഓരോ കടിക്കും എടുക്കുന്നതു്. ആ പന്നിക്കുട്ടിക്കു നീന്തി രക്ഷപെടാമൊ എന്നു ശ്രമിക്കുന്നതിനുപോലും അവസരം കിട്ടിയില്ല. അഞ്ചു മിനിററിനുള്ളിൽ അതിന്റെ അസ്ഥികൾമാത്രം ശേഷിച്ചു. പിരണമത്സ്യം എന്താണെന്നും അതിന്റെ കഴിവുകൾ എന്തെല്ലാമാണെന്നും ജേക്കബിനു ശരിക്കു മനസ്സിലായി.

ഈ തമാശയ്ക്കു ഇടയിൽ ഒരു ഇൻഡ്യൻ ഒരു ചെറുവഞ്ചിയിൽ വന്നടുത്തു് കടയിൽ കേറിച്ചെന്നു. അവന്റെ കൈവശമുണ്ടായിരുന്ന കുറെ റബർ വില്ക്കുന്നതിനാണു് അവൻ ചെന്നതു്. പിരണമത്സ്യ പ്രശ്നത്തിൽ സർവ്വ ശ്രദ്ധയും കേന്ദ്രീകരിച്ചിരുന്ന കടക്കാരനും അയാളുടെ അസിസ്റ്റന്റായ സ്ത്രീയും അവൻ വിളിച്ചതു കേട്ടില്ല. ഒന്നിനും ഒരിക്കലും ധൃതിയില്ലാത്ത ഇൻഡ്യൻ കൈയിൽ ഉണ്ടായിരുന്ന റബർ താഴത്തു വച്ചിട്ടു കടയിൽ വില്പനയ്ക്കു വച്ചിരുന്ന സാധനങ്ങൾ പരിശോധിച്ചു. യൂറോപ്യൻസ്ത്രീകൾ ധരിക്കുന്ന തരം

വളരെ ഉയൎന്ന ഉപ്പൂകുററി (കുതികാൽ) ഉള്ള ഒരു ജോടി ചെരിപ്പു അവനെ ആകൎഷിച്ചു. അവ കൈയിൽ എടുത്തുനോക്കി രസിച്ചുകൊണ്ടിരിക്കുമ്പോഴേക്കു പിരണപ്രദൎശനം കഴിഞ്ഞു കടക്കാരൻ തിരിഞ്ഞു നോക്കിയപ്പോൾ ഇൻഡ്യൻ ചെരിപ്പുകൾ കൈയിൽ പിടിച്ചിരിക്കുന്നതുകണ്ടു് ക്ഷുഭിതനായി. അവൻ അരയിൽ തിരുകിയിരുന്ന കൈത്തോക്കു എടുത്തു ചൂണ്ടിയിട്ടു ചെരിപ്പു താഴത്തുവയ്ക്കാൻ ആജ്ഞാപിച്ചു. ഇൻഡ്യൻ യാതൊരു കൂസലും കൂടാതെ അവ താഴത്തുവച്ചു. അതുകൊണ്ടും തീൎന്നില്ല കടക്കാരന്റെ അരിശം. "നടക്കെടാ പുറകോട്ടു്" എന്നായി അവൻ. ഇൻഡ്യൻ പുറകോട്ടു രണ്ടു ചുവടുവച്ചു. ഇൻഡ്യനെ പുറകോട്ടു നടത്തി പന്നിയെ വെള്ളത്തിലേക്കു ഇട്ട വാതിലിൽകൂടി വീഴിച്ചു പിരണമൽസ്യങ്ങൾക്കു ആഹാരം ആക്കണമെന്നാണു കടക്കാരന്റെ ലാക്കു് എന്നു ജേക്കബിനു മനസ്സിലായി. ആ അധമ്മം കണ്ടുനില്ക്കാൻ അവൻ തയ്യാറില്ലായിരുന്നു.

ജേക്കബ് ഇൻഡ്യനോടു "ഇനി ഒരടി പുറകോട്ടു വയ്ക്കരുതു്. അപകടം ഉണ്ടു്" എന്നു വിളിച്ചുപറഞ്ഞതും അവിടെ തൂക്കിയിരുന്ന വിളക്കു വെടിവച്ചു തകൎത്തതും ഒന്നായി കഴിഞ്ഞു. അതോടൊപ്പംതന്നെ വഞ്ചിയിലേക്കു ഓടിക്കൊള്ളണം എന്നും അയാൾ ഇൻഡ്യനോടു പറഞ്ഞു. എന്നും എപ്പോഴും അപകടങ്ങളെ അഭിമുഖീകരിച്ചു ശീലിച്ച ഇൻഡ്യൻ പരിഭ്രമിച്ചില്ല. അവൻ ജേക്കബ് പറഞ്ഞതനുസരിച്ചു ഒരു നിമിഷത്തിനിടയിൽ അവിടെനിന്നു കടന്നു.

## അദ്ധ്യായം 6

**മദ്യസേവ പതിവും, 'വിൽപന തൊഴിലും ആയി**

സ്വീകരിച്ചിരുന്ന കടയുടമസ്ഥനും ഇൻഡ്യനെ പിരണ്ണ മത്സ്യങ്ങൾ വെട്ടിവിഴുങ്ങുന്നതുകണ്ടു രസിക്കാൻ ചുററിലും കൂടിനിന്ന മദ്യപാനികളും ജേക്കബ്ബിൻെറ വെടിയുടെയും ഇൻഡ്യനു നൽകിയ നിർദ്ദേശത്തിൻെറ ഉദ്ദേശവും അത്ഥവും മനസ്സിലാക്കി വന്നപ്പോഴേക്കു അവർ രണ്ടാളും വഞ്ചിയിൽ കയറി പുഴയുടെമദ്ധ്യത്തിൽ എത്തിക്കഴിഞ്ഞു. അവരുടെ ഇര കൈവിട്ടുപോയി എന്നു കണ്ടപ്പോൾ ക്രോധാക്രാന്തന്മാരായി ഭവിച്ച മദ്യപന്മാർ ഇരുട്ടിൽ ഉതണ്ടു വീണും പിടഞ്ഞു എണീററും പുഴവക്കിൽ എത്തിയപ്പോഴേക്കു വെടി എത്താത്ത ദിക്കിൽ എത്തിപ്പോയി ആ ചെറുവള്ളം.

ജേക്കബ്ബ് അപകടത്തിൽനിന്നു രക്ഷിച്ചു എന്നുള്ള ബോധം അവനുണ്ടെന്നും അതിൽ കൃതജ്ഞനാണെന്നും ഇൻഡ്യൻ ഒരു പുഞ്ചിരിയും നോട്ടവുംകൊണ്ടു ധരിപ്പിച്ചു. അവൻെറ പേർ ഹരി എന്നാണെന്നും ധരിപ്പിച്ചു. ജേക്കബ്ബ് പോക്കററിൽനിന്നു എന്തോ എടുത്തു വള്ളം തുഴഞ്ഞു മുമ്പോട്ടു വിട്ടുകൊണ്ടിരുന്ന ഇൻഡ്യൻെറ കയ്യിൽകൊടുത്തു. അവൻ അതു കണ്ടപ്പോൾ വളരെ സന്തോഷിച്ചു. അല്പം അത്ഭുതപ്പെടുകയും ചെയ്തു. തൻെറ റബ്ബറിൻെറ വിലയല്ലിയ്യോ എന്നു ജേക്കബ്ബ് ചോദിച്ചതു ഇൻഡ്യനു വളരെ രസിച്ചു. കടയിൽ വച്ചു അവൻ കൈയിൽ എടുത്തു നോക്കിയ ചെരിപ്പുകൾ ആയിരുന്നു അതു്.

രണ്ടാളും തുഴഞ്ഞുവിടുകയാണു്. ഇൻഡ്യൻ വള്ളത്തിലും വെള്ളത്തിലും നല്ല പരിചയക്കാരനാണെന്നു അവൻെറ ഇരിപ്പും തുഴയലും കണ്ടാൽ അറിയാം. യാതൊരു ധൃതിയും ഇല്ല. ഒരു യന്ത്രം നടക്കുന്നതുപോലെ സാവധാനത്തിൽ, അതുപോലെതന്നെ ഒരേ ക്രമത്തിൽ തന്നെയാണു് അവൻെറ തുഴ വെള്ളത്തിൽ

വിഴുന്നതു്. യാതൊരു വിശ്രമവുംകൂടാതെ എത്ര മണിക്കൂർ സമയം വേണമെങ്കിലും ആ പണിചെയ്യാൻ ചെറുപ്പം മുതൽ തന്നെ അവൻ അഭ്യസിച്ചിട്ടുള്ളതാണ്. അതു ജീവസന്ധാരണത്തിനു തന്നെ അവനു അത്യാവശ്യവും ആയിരുന്നു.

തലമുറതലമുറകളായി അപകടങ്ങളെ അഭിമുഖീകരിക്കുക എന്നതു മിക്കവാറും നിത്യനടപടിയായി അനുഭവപ്പെട്ടുവന്നിരുന്ന ഇൻഡ്യരിൽ ഒരുവനായ ആ മലനാടൻ യുവാവിനു യാതൊരു കൂസലും ഇല്ല. ജീവൻ തന്നെ അപകടത്തിലായതാണല്ലോ എന്നുള്ള ഓർമ്മ ഉണ്ടായിരുന്നിരിക്കാം. എങ്കിലും മുഖത്തു യാതൊരു ക്ഷോഭവും കാണുന്നില്ല.

ജേക്കബും നന്നായി തുഴഞ്ഞു. അവൻ യാത്ര പുറപ്പെടുംമുമ്പു് അതിനായി പ്രത്യേക പരിശീലനം നടത്തിയതാണ്. അവർ അങ്ങനെ പോകുമ്പോൾ ജേക്കബിൻെറ ചിന്ത വേറൊരു മാർഗ്ഗത്തിലേക്കു തിരിഞ്ഞു. ഇൻഡ്യൻമാരുടെ നാട്ടിലേക്കു പോകുന്നതിനു ഒരു വഴികാട്ടിയെ കിട്ടാൻ അവൻ എത്രമാത്രം പരിശ്രമിച്ചു! ആരോടെല്ലാം കെഞ്ചിയപേക്ഷിച്ചു. കൈയിലുള്ള പണത്തിൽ ഭൂരിഭാഗവും പ്രതിഫലമായി കൊടുക്കാമെന്നു പോലും അവൻ പറഞ്ഞു. ആരെയും കിട്ടിയില്ല. അപ്പോൾ ഇതാ, അത്ഭുതപ്രവർത്തനം കൊണ്ടെന്നതുപോലെ അവനു പോകേണ്ട സ്ഥലവും അവിടേക്കുള്ള വഴിയും അറിയാവുന്ന ഒരാളെ ആരോ പിടിച്ചുകൊടുത്തതുപോലെ കിട്ടിയിരിക്കുന്നു! അത്ഭുതങ്ങൾ ഇരുപതാംനൂററാണ്ടിലും നടക്കുന്നുണ്ടെന്നു അവനു ബോദ്ധ്യമായി. അവൻെറ യാത്ര വിജയകരമാകുമെന്നു ഒരു വിശ്വാസവും. ജേക്കബ് ഉന്മേഷവാനായി. മനസ്സിൻെറ ഭാരവും കുറഞ്ഞു.

രാത്രികഴിഞ്ഞു. വളഞ്ഞു ഒഴുകുന്ന നദിയിലൂടെ

അവർ മേല്പോട്ടു പോകയാണ്. മേല്പോട്ടു ചെല്ലുന്തോറും ഇരുവശത്തുമുള്ള വനത്തിലെ വൃക്ഷങ്ങളുടെ ഉയരം വദ്ധിച്ചുകൊണ്ടിരുന്നു. വെടിവച്ചാൽ കടക്കാത്ത കാടും ഉണ്ടു്. ആഹാരകാൎയ്യത്തിനു ഒരു ബുദ്ധിമുട്ടും അനുഭവിക്കേണ്ടതായി വന്നില്ല. ജേക്കബിന്റെ കൈത്തോക്കുകൊണ്ടു വെടിവച്ചാൽ മതി നല്ല മാംസമുള്ള പക്ഷിയേയൊ മൃഗത്തെയൊ വീഴ്ത്താൻ. ഇൻഡ്യൻ കൂടെ ഉണ്ടായിരുന്നതുകൊണ്ടു് അതിന്റെ ആവശ്യം ഉണ്ടായില്ല. ജേക്കബിനെ അവന്റെ അതിഥിയായിട്ടാണ് ഹരി ഗണിച്ചിരിക്കുന്നതു്. അതിഥിയുടെ ആവശ്യങ്ങൾ അറിഞ്ഞു നിറവേററണ്ട ചുമതല ഹരി ശരിക്കുതന്നെ നിൎവ്വഹിക്കുന്നു.

ദിവസങ്ങൾ പലതു കഴിഞ്ഞു. ജേക്കബും ഹരിയും നല്ല സ്നേഹിതന്മാരായി തീൎന്നിട്ടുണ്ടു്. പരസ്പരം ആശയം അറിയിക്കുന്നതിനു ആരംഭത്തിൽ ഉണ്ടായിരുന്ന പ്രയാസം വളരെ കുറഞ്ഞിട്ടുണ്ടു്. അവർ തമ്മിൽ കണ്ടുമുട്ടിയ മദ്യക്കടയിലും അവിടെ നിത്യമായി കഴിയുന്നവരുടെ ഇടയിലും നടപ്പുള്ള ഒരുതരം പ്രാകൃത ഇംഗ്ലീഷുഭാഷയിൽ ഏതാനും വാക്കുകൾ ഹരിക്കറിയാം. അവയിൽ ചിലവ ജേക്കബിനും അറിയാമായിരുന്നു. അവയാണ് ആശയവിനിമയത്തിനു ആരംഭത്തിൽ അവരെ സഹായിച്ചതു്. ഇപ്പോഴാവട്ടെ ഇൻഡ്യൻ അവന്റെ സ്വന്തഭാഷയിൽ പറയുന്നതു ജേക്കബിനും ജേക്കബിന്റെ മാതൃഭാഷയിൽ എന്തു പറഞ്ഞാലും അതു ഹരിക്കും മനസ്സിലാകും എന്നു രണ്ടാൾക്കും തോന്നിത്തുടങ്ങിയിട്ടുണ്ടു്.

ഒരു ഉല്ലാസയാത്രയായി അവർ അങ്ങനെ പോകയാണ്. ആററിലും ഇരുവശത്തേയും വൻകാടുകളിലും അവരെ സംഹരിക്കുന്നതിനും ആഹാരമാക്കുന്നതിനും കഴിവുള്ള ശത്രുക്കൾ പതിയിരിക്കുന്നുണ്ടെന്നുള്ള

കഥ തന്നെ ഓൎമ്മയില്ല. ഒരു ദിവസം രാവിലെ ആഹാരസാധനങ്ങൾ ശേഖരിക്കുന്നതിനും യാത്രയുടെ ഗതിയിലുണ്ടായ സംശയം തീൎക്കുന്നതിനുമായി ഹരി കരയിൽ ഇറങ്ങി, അവൻ തീരത്തുകൂടി മുമ്പോട്ടുതന്നെ പോകുമെന്നും ജേക്കബ്ബ് സാവധാനം മുമ്പോട്ടുതന്നെ വഞ്ചി നയിച്ചുകൊള്ളണമെന്നും പറഞ്ഞിട്ടാണ് ഹരി പോയത്.

---

## അദ്ധ്യായം 7

ഹരി വള്ളത്തിൽനിന്നു ഇറങ്ങിപ്പോയിട്ടു അധികസമയം ആയിട്ടില്ല. അപ്പോഴേക്കു ജേക്കബിനു അതിയായ ഒരു ക്ഷീണം തോന്നി. തുഴയാൻ വയ്യാ. എന്നല്ല വള്ളത്തിൽ കുത്തിയിരിക്കുന്നതുതന്നെ ഒരു ആയാസമായി അവനു തോന്നി. വള്ളം കരയിൽ അടുപ്പിക്കാൻ വേണ്ടി കുറെ സമയം തുഴഞ്ഞപ്പോഴേക്കുതന്നെ അവൻ കേവലം അവശനായി. തല വെട്ടിപ്പൊളിക്കുന്ന മാതിരി വേദനിക്കുന്നു. നട്ടെല്ലു പൊട്ടുന്ന തരത്തിൽ അവിടെയും വേദന. മലമ്പനി കിട്ടിപ്പോയി എന്നു ജേക്കബ്ബ് മനസ്സിലാക്കി. വള്ളം തുഴഞ്ഞു കരക്കു അടുപ്പിക്കാൻ ശക്തിയില്ല. വെള്ളത്തിനു വളരെ ആഴമില്ലാത്ത ഭാഗത്തു എത്തിയതുകൊണ്ടു വെള്ളത്തിൽ ഇറങ്ങി കരപറ്റാമെന്നു ഉറച്ചു. വള്ളം ഒഴുകിപ്പോകരുതെന്നുവച്ചു തൂങ്ങിക്കിടന്ന ഒരു വള്ളിയിൽ ബന്ധിച്ചിട്ടു വെള്ളത്തിൽ ഇറങ്ങി. അവിടെ പ്രതീക്ഷിച്ചതിൽ കൂടുതൽ ചെളിയുണ്ടായിരുന്നതുകൊണ്ടും കാലുകൾ അതിൽ താണുപോയതുകൊണ്ടും, കരയിൽ കേറാൻ വലിഞ്ഞു നടന്നു തുടങ്ങി. ഏതാനും ചുവടു മുമ്പോട്ടു വെച്ചപ്പോൾ ആ ചെളിവെള്ളത്തിൽ വലിയൊരു ഇളക്കം. അതു എന്തായിരിക്കുമെന്നു അന്വേഷിച്ചപ്പോ

ആലോചിച്ചപ്പോ ബുദ്ധിമുട്ടേണ്ടതായി വന്നില്ല. അതി
നു മുമ്പു തന്നെ കാരണം മനസ്സിലായി. അവനെ
അപ്പട്ടിയെ ശാപ്പിടാൻ ഒരു ഭീമൻ മുതല ഓടിയടുക്കു
കയാണു്. ജേക്കബ്ബ് ക്ഷീണവും പനിയും എല്ലാം
മറന്നു, തൂങ്ങിക്കിടന്ന ഒരു മരക്കമ്പിൽ പിടിച്ചു കുരങ്ങി
നെപ്പോലെ അതിവേഗത്തിൽ മേല്പോട്ടു ഗമിച്ചു് മുതല
യുടെ വായിൽ നിന്നു രക്ഷപെട്ടു. മരം കരയിൽ വളൎ
ന്നതാണല്ലോ. അതുകൊണ്ടു അതിൽനിന്നു ഇറങ്ങു
ന്നതു കരയിൽ ആയിരിക്കുമല്ലോ എന്നുവച്ചു ജേക്കബ്ബ്
കമ്പുവഴി നടന്നു തായ്ത്തടിയിൽ എത്തി. തീൎന്നില്ല
അവൻ്റെ ഗ്രഹപ്പിഴ. അല്പം താഴോട്ടിറങ്ങി മരത്തി
ൻ്റെ ചുവട്ടിലേക്കു നോക്കിയപ്പോൾ ഒരു കരിവരി
യൻ പാമ്പു, ആ മരത്തോളം തന്നെ വണ്ണവും ഒരു
ഇരുപതടിയിൽ അധികം നീളവും കാണും, കുററിക്കാ
ട്ടിൽനിന്നു സാവധാനത്തിൽ വെള്ളത്തിലേക്കു ഇറങ്ങു
ന്നു. അതുകൂടി ആയപ്പോഴേക്കു ജേക്കബ്ബു വിറച്ചു വി
റങ്ങലിച്ചുപോയി.

അല്പസമയം കഴിഞ്ഞു ഒരു തരത്തിൽ വിറച്ചു വി
റച്ചു നിലത്തിറങ്ങി. കാലിൽ നില്ക്കാൻ വയ്യാ. പനി
യാണു്, ഭയമല്ല അതിനു കാരണം. അവൻ ആ മര
ച്ചുവട്ടിൽ തന്നെ ഇരുന്നു. മരത്തിൽ ചാരി അല്പം
വിശ്രമിച്ചാൽ ക്ഷീണം തീരുമല്ലോ എന്നുവച്ചു ഉറച്ചി
രുന്നു. പിന്നെ കുറെ സമയത്തേക്കു അവൻ ഒന്നും
അറിഞ്ഞില്ല—ക്ഷീണംകൊണ്ടോ പനികൊണ്ടോ ആ
യിരിക്കാം. ജേക്കബ്ബ കണ്ണു തുറന്നു. ക്ഷീണം കുറഞ്ഞു.
വേണമെങ്കിൽ എണീററു നടക്കാമെന്നു തോന്നി. അ
ടുത്ത നിമിഷത്തിൽ സുഖവും സമാധാനവും എല്ലാം
പോയി. അടുത്തു നില്ക്കുന്ന മരത്തിൽ എന്തോ ഒരു
അനക്കം. ജേക്കബ്ബ് കണ്ണുയൎത്തി നോക്കിയപ്പോൾ
അവനിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു ഒരു ഭയങ്കരൻ ഉപ

രുമ്പാമ്പു സാവധാനത്തിൽ ഇറങ്ങിവരുന്നതാണ് കണ്ടതു്. അതിൻെറ പിളർന്ന നാക്ക് വായിൽനിന്നും പുറത്തേക്കും അകത്തേക്കും അതിവേഗം ചാട്ടുകയും വലിയുകയും ചെയ്യുന്നതു കണ്ടാൽ കിട്ടിയ ഇരയുടെ രുചി ഓർത്തു രസിക്കുകയാണെന്നു തോന്നും. ഓടുന്നതിനൊ എണീല്ക്കുന്നതിനെങ്കിലുമൊ ജേക്കബിനു കഴിഞ്ഞില്ല. പാമ്പു ക്ഷണനേരത്തിൽ അതിൻെറ ഇരയുടെ അടുത്തെത്തി. തോളിൽ അതിവാത്സല്യപൂർവ്വം ഒന്നു ചുററി. തണുത്ത ഒരു തടിയൻ ഇരുമ്പുകയറുകൊണ്ടു അവനെ വരിഞ്ഞു മുറുക്കുന്നതുപോലെ ജേക്കബിനു തോന്നി. ശ്വാസം കഴിക്കാൻ പ്രയാസം. അസ്ഥികൾ തകരുമൊ........ജേക്കബു ഹരി, ഹരി എന്നു അതിദയനീയമായ സ്വരത്തിൽ വിളിച്ചു. മരങ്ങളിൽ ഉണ്ടായിരുന്ന കുരങ്ങന്മാർ ആ നിലവിളിയെ ഏററുപിടിച്ച് ചിലച്ചു—നിലവിളിച്ചു.

ജേക്കബിൻെറ് വിളിയും കുരങ്ങന്മാരുടെ ശബ്ദവും കേട്ടു ഓടിയെത്തിയ ഹരി "ഞാൻ വരുന്നേ, വരുന്നേ," എന്നു വിളിച്ചുപറഞ്ഞതു് ആ യുവാവു കേട്ടില്ല. അതിനു മുമ്പുതന്നെ അവൻ ബോധരഹിതനായിപ്പോയി. ഒരു പെരുമ്പാമ്പിനെ തോല്പിക്കുക എന്നുള്ളതു ഹരിക്കു വെറും കളിയായിരുന്നതുകൊണ്ടു ജേക്കബ് രക്ഷപെട്ടു. മദ്ധ്യക്കടയിൽവച്ചു ജേക്കബ് ഹരിയുടെ ജീവൻ അപകടത്തിൽ പെടാതെ രക്ഷിച്ചു അവനെ കടക്കാരനാക്കി. ജേക്കബിനെ പെരുമ്പാമ്പിൻെറ വായിൽനിന്നു രക്ഷിച്ചു ഹരി ആ കടം വീട്ടി. അങ്ങനെ അവർ തുല്യന്മാരും സഹോദരന്മാരും ആയി.

ജേക്കബിനു ശരിയായ പ്രജ്ഞയുണ്ടായതു പല ദിവസങ്ങൾക്കു ശേഷമാണു്—പനിവിട്ടതു പല ദിവസങ്ങൾ കഴിഞ്ഞാണു്. പെരുമ്പാമ്പു പിടികൂടിയ ദിവസ്സും ഉണ്ടായ ദുരനുഭവങ്ങളിൽ ഏതെല്ലാം യഥാർത്ഥ

മാണെന്നും ഏതെല്ലാം പനിപ്പിച്ചായിരുന്നു എന്നും അയാൾക്ക് ഇന്നും അറിഞ്ഞുകൂടാ. അയാൾ പനി കൊണ്ടു വീഴ്ചയായി. മിക്കവാറും ബോധരഹിതനായി കഴിഞ്ഞ സമയത്തു ഹരി തനിയെ വഞ്ചി തുഴഞ്ഞുപോകാവുന്നിടത്തോളം മേല്പോട്ടു പോയി. പനി വിട്ടെങ്കിലും ജേക്കബിന്റെ ക്ഷീണം മാറാൻ പല ദിവസങ്ങൾ കഴിയേണ്ടതായി വന്നതുകൊണ്ട് അവർ അക്കാലമെല്ലാം അവിടെ അങ്ങനെ കഴിക്കേണ്ടിവന്നു.

ജേക്കബിന്റെ ക്ഷീണം കുറഞ്ഞപ്പോൾ പിന്നെയും പുറപ്പെട്ടു. അവർ പുഴയിൽകൂടി മേല്പോട്ടു പല ദിവസങ്ങൾ പോയി. ഹരി വഞ്ചി ഒരു തോട്ടിലേക്കു തിരിച്ചു കുറെ ചെന്നപ്പോൾ അല്പം അകലത്തിൽ ചില കുടിലുകളും മററും കാണാം. ഹരിയുടെ സ്വന്തം ഗ്രാമമാണ് അത്. അവിടെ എത്തിയിട്ടു പറഞ്ഞാൽ മതിയല്ലോ എന്നായിരുന്നു ഹരിയുടെ അഭിപ്രായം. ഗ്രാമം കണ്ടു, അതിനോടടുത്തു. വഞ്ചി കരയിൽ അടുപ്പിച്ച ശേഷം ഹരി ജേക്കബിനെ അവന്റെ ഗ്രാമത്തിലേക്കു ക്ഷണിച്ചു. മദ്യഷാപ്പിൽവച്ചു ഹരിയുടെ ശ്രദ്ധ സവിശേഷം ആകർഷിച്ചതും അവിടെനിന്നു ഓടി രക്ഷപെട്ടപ്പോൾ എടുത്തുകൊണ്ടുപോന്നതുമായ ആ രണ്ടു ചെരിപ്പുകൾ കൈയിൽ എടുത്തുകൊണ്ടു ഹരി കരയിൽ ഇറങ്ങി. ഹരിക്കു അവന്റെ ആളുകളെ കാണാനുള്ള ധൃതികൊണ്ടായിരിക്കണം കുറെ വേഗത്തിലാണ് നടക്കുന്നതു്. ജേക്കബ് ചുററുപാടും നോക്കി കണ്ടു സാവധാനത്തിലും. ഹരിയെ ജേക്കബിനു കാണാൻ പാടില്ലാത്തവിധം മുൻപിലായി ഒരു കാടിനു മറഞ്ഞു.

കുട്ടികളുടെ ചിരിയും സ്ത്രീകളുടെ സംസാരവും അടുത്തു എവിടെയോ കേൾക്കുന്നു. ജേക്കബ് അതു കേൾക്കുന്ന ഭാഗത്തേക്കു കാടുകൾ നീക്കി നോക്കി. ഒട്ടധികം സ്ത്രീകൾ. ധാരാളം കുട്ടികളും. ഒരാൾപോലും വ

സ്ത്രം ധരിച്ചിട്ടില്ല. എല്ലാവരും ഉല്ലാസമായി സംസാരിക്കയും കളിക്കുകയും ചെയ്യുകയാണ്. ആ ഇൻഡ്യൻ ഗ്രാമത്തിലെ വനിതകളും കുട്ടികളും എല്ലാം ഉണ്ടായിരിക്കും അവിടെ എന്നു ജേക്കബിനു തോന്നി. കരിമരത്തിൽനിന്നു കടഞ്ഞെടുത്തതുപോലുള്ള ശരീരങ്ങൾ ഒന്നുകൂടി ശരിക്കു കാണ്മാൻ അയാൾ അല്പം എത്തിനോക്കി. ഒരു കാൽ ചവിട്ടിയിരുന്ന കല്ല് മറിഞ്ഞു. ജേക്കബു തെന്നിത്തെറിച്ചു മറിഞ്ഞു ആ വനിതകൾ കുളിച്ചുകൊണ്ടിരുന്ന കുളത്തിന്റെ മദ്ധ്യത്തിൽ ചെന്നു വീണു. നല്ല തണുപ്പുള്ള വെള്ളം. അവരെ ഉപദ്രവിച്ചതു ക്ഷമിക്കണം എന്നു അയാൾ കൈകൾ ഉയർത്തി ആംഗ്യംകൊണ്ടപേക്ഷിച്ചു.

പക്ഷെ അതു കാണാൻ ഒരു ഒററ സ്ത്രീയൊ കുട്ടിയൊ നിന്നില്ല. എല്ലാവരും നഗ്നരായിത്തന്നെ കുളത്തിൽനിന്നു കേറി ഓടി.

വന്ന ക്ഷണത്തിൽ തന്നെ കറുത്ത ദേവികളെ ധാരാളം കണ്ടു. ഇനി വെളുത്ത ദേവി ഉണ്ടെന്നു പറഞ്ഞതിനെ മാത്രമെ കാണാനുള്ളു എന്നു തന്നത്താൻ പറഞ്ഞുകൊണ്ടു ജേക്കബ് എണീററു കുളത്തിൽനിന്നു കരയിലേക്കു കേറിയപ്പോൾ കാണാം ഒരു സംഘം പുരുഷന്മാരും കുട്ടികളും അവിടേക്കു ഓടി അടുക്കുന്നത്. പുരുഷന്മാരുടെ എല്ലാവരുടെയും കൈയിൽ വില്ലും അമ്പൊ കുന്തമൊ ഉണ്ട്. കുട്ടികളുടെ ആയുധം കല്ലും വടികളുമാണ്.

---

## അദ്ധ്യായം 8

തന്റെ പ്രിയതമൻ യാത്ര പോയിട്ടു പല ദിവസങ്ങളായി. പ്രതീക്ഷിച്ച ദിവസങ്ങൾ കഴിഞ്ഞിട്ടും കാണാഴികയാൽ വിരഹാഗ്നിയിൽ ദഹിച്ചുകൊണ്ടിരുന്ന

ഹരിയുടെ കാമുകി മററുള്ള സ്ത്രീകളും ഒരുമിച്ചു കുളിക്കാൻപോലും പോയില്ല. ഹരി ചെല്ലുന്നതു അവൾ ദൂരത്തുവെച്ചുതന്നെ കണ്ടു. സന്തോഷശബ്ദം പുറപ്പെടുവിച്ചുകൊണ്ടു അവൾ ഹരിയുടെ അടുക്കലേക്കു ഓടി. താമസിച്ചുപോയതിനുള്ള കാരണങ്ങൾ പറയുന്നതിനു മുമ്പുതന്നെ സമാധാനാഞ്ജലിയായി അവൻ ചെരിപ്പുകൾ രണ്ടും അവളുടെ കൈയിൽ സമർപ്പിച്ചു. സമ്മാനം ആ യുവതി ആഗ്രഹിച്ചില്ല; പ്രതീക്ഷിച്ചില്ല. പ്രാണനാഥൻെറ ആഗമനം അവളെ പൂർണ്ണമായും സംതൃപ്തയാക്കി. എങ്കിലും മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതരം ചെരിപ്പുകൾ, അവൾ സന്തോഷത്തോടെ സ്വീകരിച്ചു എന്നല്ല അവളെ അവ കുതൂഹലചിത്തയാക്കി. അവ ധരിക്കേണ്ടതു എങ്ങനെയാണെന്നും അപ്പോൾ തന്നെ കാണിച്ചുകൊടുക്കാം എന്നുവെച്ചു ഒരു ചെരിപ്പുവാങ്ങി അതിൻെറ കെട്ടുകൾ ഹരി അഴിച്ചപ്പോളാണ് ജേക്കബിനു പററിയ അമളിയുടെ ഫലമായി ഗ്രാമത്തിലെ സ്ത്രീജനങ്ങൾ എല്ലാം കൂട്ടമായി ശബ്ദം ഉയർത്തിയതും, പുരുഷന്മാർ ഒന്നടങ്കം ഓടിയതും ഹരി കേട്ടതും കണ്ടതും.

തൻെറ പുതിയ സഹോദരനു എന്തോ അബദ്ധം പററിയതാണ് ഈ ബഹളത്തിനു കാരണമെന്നു ഹരി ക്ഷണത്തിൽ മനസ്സിലാക്കി പ്രിയതമയോടു യാതൊരു സമാധാനവും പറയാതെ കൈയിൽ വാങ്ങിയ ചെരിപ്പു അവിടെത്തന്നെ ഇട്ടിട്ട് അവൻ ഓടി ഗ്രാമവാസികൾക്കും ജേക്കബിനും ഇടയ്ക്കുചെന്നു ചാടി. ജേക്കബ് അവൻെറ സഹോദരനാണെന്നു ഹരി പറഞ്ഞതു കേട്ടപ്പോൾതന്നെ, അരിശംകേറി ആയുധങ്ങളുമായി സംഹാരത്തിനു പുറപ്പെട്ടവർ ആയുധങ്ങൾ താഴ്ത്തി. അവരുടെ ദേഷ്യം മാറി. ആ സംഭവത്തിൻെറ പിന്നിലുണ്ടായിരുന്ന നേരംപോക്ക് ആസ്വദിച്ചു ചിരി

ച്ചു. അവർ ചിരിച്ചശേഷമാണ് ജേക്കബിൻെറ ശ്വാസം നേരെ വീണത്. അവൻ കൈലേസു എടുത്തു നെററിയിൽനിന്നും ഒഴുകി വന്ന വിയപ്പു തുടച്ചു. ഹരി രണ്ടാംപ്രാവശ്യവും തന്നെ രക്ഷിച്ചു എന്നു അവൻ തന്നത്താൻ പറഞ്ഞു.

ഹരി അവനെ കൂട്ടി ഗ്രാമനാഥൻെറ അടുക്കൽ ചെന്നു വിവരങ്ങൾ എല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു. ഹരിയുടെ സഹോദരനെ വിശിഷ്ടാതിഥിയായി സ്വീകരിച്ചിരിക്കുന്നു എന്നും അവൻെറ താമസത്തിനു അതിഥിമന്ദിരം തയ്യാറാക്കിക്കൊടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ആ വൻകാട്ടിൽ പ്രതീക്ഷിക്കാവുന്നതിൽ കൂടുതൽ സുഖസൌകര്യങ്ങൾ ജേക്കബിനു ലഭിച്ചു. ആഹാരം വേണ്ടതിൽ വളരെയധികം കിട്ടുന്നുണ്ട്. അവ പാകംചെയ്യുന്ന രീതി തൃപ്തികരമല്ലായിരുന്നു. എങ്കിലും പോഷകാംശം ധാരാളമുണ്ട്. മാത്രമല്ല മത്സ്യമാംസങ്ങൾ ഏതുവിധത്തിൽ പാകംചെയ്താലും ജേക്കബിനു വലിയ വിരോധമില്ലായിരുന്നു. പോരെങ്കിൽ വിവിധതരത്തിലുള്ള പഴങ്ങൾ ധാരാളം കിട്ടിക്കൊണ്ടിരുന്നതിനാൽ അവ കുറവുകൾ എല്ലാം പരിഹരിക്കയും ചെയ്യു. ഇവയോടൊപ്പം തന്നെ നല്ല കാററും നല്ല വെള്ളവും വളരെ മര്യാദയായ പെരുമാററവും. ജേക്കബിൻെറ ക്ഷീണമെല്ലാം രണ്ടു ദിവസത്തെ വിശ്രമംകൊണ്ടു മാറി.

മൂന്നാം ദിവസമാണ് അവിടമെല്ലാം കാണുന്നതിനു ജേക്കബ് ഇറങ്ങിയതു. എന്തു മനോഹരമായ കാഴ്ച! വൃക്ഷങ്ങൾ, പച്ചില നിറഞ്ഞവ, നോക്കിയാൽ നോക്കെത്താത്ത ഉയരവും. പല നിറത്തിലും പല ആകൃതിയിലും പല തരം സൌരഭ്യം പുറപ്പെടുവിക്കുന്നതു

മായ പുഷ്പങ്ങൾ കൊണ്ടു നിറഞ്ഞ ചെറുവൃക്ഷങ്ങളും ചെടികളും ഒരു ഭാഗത്തു്. കാണുമ്പോൾ തന്നെ വായ്നിറയെ വെള്ളം വരത്തക്ക ഭംഗിയും ആകൃതിയും ഉള്ള പഴങ്ങൾ വഹിച്ച് ക്ഷീണിച്ച കൊമ്പുകൾ ഉലഞ്ഞു താണുകിടക്കുന്ന ഫലവൃക്ഷങ്ങൾ മറെറാരു ഭാഗത്തു്. പഴങ്ങളും പുഷ്പങ്ങളും നല്കുന്നതിൽ വൃക്ഷങ്ങളേയും ചെടികളേയും തോല്പിക്കണമെന്നു കരുതിക്കൂട്ടി പ്രവർത്തിക്കുന്ന ലതകൾ ഇവയിൽ എല്ലാം കേറി കളിച്ചുമറിയുന്നു.

ഇക്കാണുന്നതെല്ലാം ഞങ്ങളുടെ സ്വന്തമാണു്, ഞങ്ങൾക്കായി മാത്രം സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണെന്ന ഭാവത്തിൽ ചിറകടിച്ചു പറന്നും കളകള ശബ്ദം പുറപ്പെടുവിച്ചും വിലസുന്ന പക്ഷികൾ എത്രയെത്ര തരം. അവയിൽ ഏതാണു് ഏററം അധികം ഭംഗിയുള്ളതെന്നു വിധിക്കാൻ ജേക്കബ്ബ് ശ്രമിച്ചു. ഒന്നു മററതിനേക്കാൾ ഭംഗിയുള്ളതാണെന്നു വിധിക്കുമ്പോൾ അതിനടുത്തു കാണുന്നതു അതിലും ഭംഗിയുള്ളതായി തോന്നും. അങ്ങനെ ചുററിത്തിരിഞ്ഞു ആദ്യം കണ്ടു തിരികെ വരുമ്പോൾ അതാണു് എല്ലാററിലും ഭംഗിയേറിയതെന്നാകും. ഒടുവിൽ പ്രകൃതിദേവി അനുഗ്രഹിച്ച സ്ഥലം എന്നു പറഞ്ഞു അവൻ ശ്രമത്തിൽ നിന്നു പിൻവാങ്ങുകയാണു് ചെയ്തതു്.

ജേക്കബ്ബ് സ്ഥലം കണ്ടു നടക്കുകയാണു്. എത്ര ദൂരം നടന്നു എന്നോ എത്ര സമയം നടന്നു എന്നോ നിശ്ചയമില്ല. അവന്റെ പിമ്പിൽ എന്തോ ഒരു ശബ്ദം കേട്ടു. തിരിഞ്ഞുനിന്നു. കാട്ടിൽ കരിയിലയിൽ എന്തോ ചവിട്ടുന്നു. ഉണക്കകമ്പുകൾ ഒടിയുന്നു. വല്ല പുലിയൊ ചെന്നായൊആയിരിക്കാമെന്നു ഓർത്തു. ഇറങ്ങിവന്നതൊ, ചെന്നായേക്കാൾ വലിയ ഒരു പട്ടി. അതു അവനെ ദൂരത്തുവച്ചു കണ്ടിട്ടു വാൽ ആട്ടിക്കൊണ്ടു ഓടിയടുത്തു. കരയുന്നുമുണ്ടു് ശത്രുവിനെ ക

ണ്ടിട്ടുള്ള കരയല്ല. നന്നാ അടുത്തുവന്നു. അപ്പോഴാണ് അതു സന്തോഷംകൊണ്ടാണ് വാൽ ആട്ടിയതെന്നും സന്തോഷസ്വരമാണ് പുറപ്പെടുവിച്ചതെന്നും ജേക്കബിനു ബോദ്ധ്യമായതു്. പട്ടി അടുത്തെത്തി. കൈകൾ ഉയർത്തി അവൻെറ ദേഹത്തുവച്ചുകൊണ്ടു നക്കുകയാണ് ചെയ്യുന്നതു്. സ്നേഹമാണ് വിരോധമല്ല എന്നതിനു ഇതിലധികം തെളിവു ആവശ്യമുണ്ടോ?

അപ്പോളാണ് എൽസിയുടെ, അല്ല അവൻെറയും എൽസിയുടേയും സീസർ ആയിരിക്കുമൊ ആ പട്ടി എന്നു ജേക്കബിനു സംശയം തോന്നിയതു്. വഷം പത്തുപതിനൊന്നു കഴിഞ്ഞില്ലേ? കാലം പട്ടിയുടെ ആകൃതിയിലും വരുത്തുമല്ലോ വ്യത്യാസം. മാത്രമല്ല നമുക്കു പത്തുപന്ത്രണ്ടു വയസ്സുള്ളപ്പോൾ കണ്ട ഒരു പട്ടിയെ പിന്നെ ഇരുപത്തിഒന്നിൽ മാത്രം കണ്ടാൽ അറിയുക അസാദ്ധ്യമല്ലേ?

പട്ടിയെ ഓമനിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജേക്കബിനു സംശയം തോന്നിയതു്. അവൻ സീസർ എന്നു വിളിച്ചു. പട്ടി മതിമറന്നു സന്തോഷിച്ചു. അതു സീസർ തന്നെ എന്നു ജേക്കബിനു മനസ്സിലായി. അങ്ങനെയെങ്കിൽ എൽസിയും, അവൻെറ അച്ഛനും അവിടെ ജീവനോടുകൂടി ഉണ്ടായിരിക്കുമല്ലോ. അവൻെറ ആശ അതിരുകടന്ന് ഓടി. പിന്നെ ജേക്കബു അവിടെ നിന്നില്ല. സീസർ വന്ന ഭാഗത്തേക്കു വേഗം നടന്നു. സീസറും സന്തോഷശബ്ദം പുറപ്പെടുവിച്ചുകൊണ്ടു അവൻെറകൂടെയുണ്ട്. ഇടയ്ക്കിടയ്ക്കു അവൻെറ ചുററിലും ഓടും, ദേഹത്തു കേറും. പട്ടിയും ജേക്കബും സന്തോഷിച്ചും സംസാരിച്ചും പോയതുകൊണ്ടു പട്ടിയെ ആരൊ വിളിച്ചതു അവർ രണ്ടാളും കേട്ടില്ല.

അവർ കാടെല്ലാം തെളിച്ചു വൃത്തിയാക്കിയിട്ടിരിക്കുന്ന ഒരു സ്ഥലത്തു ചെന്നിറങ്ങി. നല്ലൊരു ചെറു മൈതാനം. അതിനപ്പുറം കാണാം ഉയൎന്ന ഒരു കെട്ടിടം. ഇൻഡ്യൻ ക്ഷേത്രങ്ങൾ ചെറുപ്പത്തിൽ കണ്ടിട്ടുണ്ടായിരുന്നതിനാലും അവയുടെ വിവരങ്ങൾ കഴിയുന്നത്ര ശേഖരിക്കുക നാട്ടിൽ മടങ്ങിയെത്തിയ ശേഷം ഒരു തൊഴിൽപോലെ തന്നെ സ്വീകരിച്ചതിനാലും മൈതാനത്തിനു മറുവശത്തു കണ്ടതു് ഒരു ഇൻഡ്യൻ ക്ഷേത്രമാണെന്നു മനസ്സിലാക്കാൻ ജേക്കബിനു ഒരു പ്രയാസവും വന്നില്ല. അവൻ ഉത്സാഹഭരിതനായി ക്ഷേത്രനടയിലേക്കു നടക്കുകയല്ല, ഓടുകയാണു്. സീസറും കൂടെയുണ്ടു്.

ചുററിലും ഉയൎന്ന മതിൽക്കെട്ടുണ്ടു്. ഒരു ചെറിയ കവാടമാണു് മതിൽക്കെട്ടിനുള്ളിൽ കടക്കാനുള്ള ഏക മാൎഗ്ഗമായി ജേക്കബ് കണ്ടതു്. അവിടേക്കാണു് അവൻ ഓടിയതും. ഗേററിനു അടുത്തു ചെന്നപ്പോൾ ഭീമകായനായ ഒരു ഇൻഡ്യൻയോദ്ധാവു അവിടെ കാവൽ ഉണ്ടെന്നു കണ്ടു. ആ യോദ്ധാവു ജേക്കബിന്റെ പ്രവേശനം നിരോധിച്ചതു വാക്കുകൊണ്ടും ആംഗ്യംകൊണ്ടും ഒന്നുമല്ല. കൈയിൽ ഉണ്ടായിരുന്ന കുലച്ച വില്ലിന്റെ അമ്പു ജേക്കബിന്റെ ഹൃദയസ്ഥാനത്തു ലക്ഷ്യമാക്കി എയ്യാൻ ഒരുങ്ങിയിട്ടാണു്.

ജേക്കബു അപേക്ഷിച്ചു, "ദയവുതോന്നി എന്നെ അകത്തേക്കു കടത്തിവിടണേ. എന്റെ അച്ഛൻ അവിടെയുണ്ടു്."

ഇതിനു മറുപടിയായി നിഷേധരൂപത്തിൽ തല കുലുക്കുകയും വില്ലു കുറെക്കൂടി വലിക്കുകയുമാണു് ആ യോദ്ധാവു ചെയ്തതു്.

നിരാശ്രയനായ ജേക്കബു നിരാശയോടുകൂടി അവിടെനിന്നും പിന്തിരിഞ്ഞു. അവൻ മടങ്ങുകയാണു്. സീസറും ഉണ്ടു്. സീസർ എന്തോ പറയുന്നതിനു

ശ്രമിക്കയാണോ? അതു അവൻെറ ചുററിലും ഓട്ടകയും പ്രത്യേകതരത്തിൽ കരയ്ക്കുകയും ചെയ്യുകൊണ്ടിരുന്നു. നിരാശക്കുണ്ടിൽ പതിച്ചുപോയ ജേക്കബിൻെറ ശ്രദ്ധയിൽ അതൊന്നും പതിഞ്ഞില്ല. അവൻ സീസറിനെ ആദ്യമായി കണ്ട സ്ഥാനത്തു മടങ്ങിയെത്തി.

ഇൻഡ്യൻവനിതകളുടെ രീതിയിൽ മാറും അരയും ഒരു തരത്തിൽ മറയത്തക്കവിധം ഒരു പരുപരുത്ത വസ്ത്രം വാരിച്ചുററിയുടുത്ത ഒരു കൃശാംഗി ഒരു മരത്തിൻെറ മറയിൽ നിന്നു മാറുന്നതു കണ്ടപ്പോൾ ജേക്കബു കൽത്തൂൺപോലെ നിന്നുപോയി. നല്ല വെളുനിറം, അല്ല വെയിൽകൊണ്ടു അല്പം ചുവന്ന വെളുനിറം.

ഒററ നോട്ടത്തിൽ തന്നെ ആ യുവതി ഇൻഡ്യൻവർഗ്ഗത്തിൽപെട്ടവൾ അല്ലെന്നു കാണാം. ജേക്കബു വായ്പിളന്നു നോക്കിനിന്നിട്ടും അവൾക്കു ഒരു കൂസലും ഇല്ല. തഴച്ചുവളരുന്ന കറുത്ത മുടി അരയോളം നീണ്ടുകിടക്കുന്നു. സാധാരണയിൽ കവിഞ്ഞ ഉയരമുണ്ട്. വസ്ത്രങ്ങൾ ധരിച്ചും ആഭരണങ്ങൾ അണിഞ്ഞും വികൃതമാക്കപ്പെട്ടിട്ടില്ലാത്ത അവളുടെ കൈകാലുകൾ കലാവിദഗ്ദ്ധന്മാരായ ശില്പികൾ ആരോ ആനക്കൊമ്പിൽ കടഞ്ഞെടുത്തു സ്വർണ്ണവർണ്ണം കൊടുത്തവയാണെന്നു തോന്നി ജേക്കബിന്. നക്ഷത്രങ്ങളുടെ ശോഭയെ വെല്ലുന്ന ശോഭയോടുകൂടിയ നയനങ്ങളാൽ പ്രശോഭിതമായിരുന്ന മുഖത്തിൻെറ സൌന്ദര്യം ജേക്കബിനെ അത്ഭുതപ്പെടുത്തി.

സൌകുമാര്യവും സൌന്ദര്യവും സൌഭാഗ്യവും ഈവിധം ചേർന്നിണങ്ങിയ ഇവൾ ഒരു ദേവകന്യകയായിരിക്കുമോ എന്നാണ് അത്ഭുതസ്തംഭനായി ഭവിച്ചിരുന്ന ജേക്കബു ചിന്തിച്ചതു്. അപ്പോൾ ഇൻഡ്യക്കാരുടെ പട്ടണത്തിൽ ഒരു വെളുത്ത ദേവിയുണ്ടെന്നു ആരോ

ആ മദ്ധ്യക്കടയിൽവച്ചു പറഞ്ഞതു അവനു ഓർമ്മവന്നു. ദേവിയോ ദേവകന്യകയോ ആരായാലും ഇതിനു മുമ്പു കണ്ടിട്ടുണ്ടോ എന്നൊരു സംശയവും, ആ നോട്ടവും നടത്തയും സുപരിചിതമാണെന്നു ഒരു തോന്നലും ജേക്കബിനുണ്ടായി.

എൽസി ആയിരിക്കുമൊ, എൻെറ കൂട്ടുകാരി എൽസി? മരിച്ചുപോയി എന്നു ഞാൻ ഇക്കാലമെല്ലാം വിശ്വസിച്ചിരുന്ന എൽസി തന്നെ ആയിരിക്കണം എന്നു തന്നത്താൻ പറഞ്ഞു സംശയം തീർത്തു. ജേക്കബു യുവതിയുടെ അടുക്കലേക്കു അല്പം കൂടി അടുത്തുനിന്നു ചോദിച്ചു. "എന്നെ ഓക്കുന്നുണ്ടോ?...............ജേക്കബ്...........മനസ്സിലായില്ലേ? എന്നിൽ അത്ര വലിയ മാററം സംഭവിച്ചുവോ?"

യുവതി മറുപടി പറയുന്നതിനു പകരം ഹസ്തദാനം ചെയ്യുകാണു് അയാൾക്കു സ്വാഗതം അരുളിയതു്. മുഖത്തു ഒരു ചെറുപുഞ്ചിരി വിളയാടിയതോടൊപ്പം തന്നെ കണ്ണുകൾ രണ്ടും കണ്ണുനീർകൊണ്ടു നിറയുകയും ചെയ്തു.

അന്തരിച്ചുപോയി എന്നൊരു വ്യാഴവട്ടക്കാലത്തോളം അവൻ ധരിച്ചിരുന്ന സഖിയെ കണ്ടുമുട്ടിയതിലുള്ള സന്തോഷം കൊണ്ടു അല്പം ഒന്നു കരയണമെന്നു ജേക്കബിനു തോന്നി, കരഞ്ഞില്ല. പൌരുഷം അവനെ അതിൽനിന്നും രക്ഷിച്ചു.

എൽസി ഒരു കല്ലിൽ ഇരുന്നു, ജേക്കബു സമീപത്തു മുട്ടുകുത്തി നിന്നു അവളുടെ അഴകേറിയ കേശഭാരത്തിൽ തലോടിക്കൊണ്ടു ചോദിച്ചു. "പറയൂ എന്നെ മനസ്സിലായോ, ഓക്കുന്നുണ്ടോ?"

അവൾ അതിനു മറുപടിയായി "ജേക്കബ്" എന്ന ഒററ വാക്കു് വളരെ പണിപ്പെട്ടു ഉച്ചരിച്ചു. ഉ

ച്ചാരണം വളരെ ശരിയും ആയിരുന്നില്ല. അപ്പോളാണ അവൾ മാതൃഭാഷ മറന്നുപോയിരിക്കാം എന്നു യുവാവിനു ഓർമ്മ വന്നതു. അവളുടെ അമ്മയും അവൻെറ അച്ഛനും അവളോടൊപ്പം ഉണ്ടെങ്കിൽ അങ്ങനെ വരാനില്ലല്ലോ. അവർ തമ്മിൽ സംസാരിക്കുമ്പോൾ............ഇല്ല അവർ രണ്ടാളും അവളോടൊന്നിച്ചു ഇല്ലെന്നോ? ജേക്കബ്ബ് ഭയംകൊണ്ടു ഞെട്ടി.

അവൻ തുറന്നുചോദിച്ചു. "എൽസിയുടെ അമ്മയും എൻെറ അച്ഛനും ആ ഗ്രാമത്തിൽ ഇല്ലേ?"

ഈ ചോദ്യത്തിനു മറുപടി ഒന്നും പറയാതെ എൽസി കുനിഞ്ഞിരുന്നു കരയുകയാണു് ചെയ്തതു്.

ജേക്കബ്ബ് വളരെ സൌമ്യമായി ചോദിച്ചു. "എൽസി എന്താമറുപടി ഒന്നുംപറയാതെ കരയുന്നതു? എന്തു പററി?" എൽസി വളരെ പ്രയാസപ്പെട്ടാണു് "ഇപ്പോൾ ഇല്ല.........അമ്മ ചത്തു........." എന്നു കൊച്ചുകുട്ടികൾ ശബ്ദിക്കുന്ന വിധത്തിൽ പറഞ്ഞതു്.

ജേക്കബ്ബ് യുവതിയെ സമാധാനപ്പെടുത്താൻ അവളുടെ കൈയിൽ തടവിക്കൊണ്ടു, "അന്നു ആ ചങ്ങാടത്തിൽനിന്നും ഞാൻ വീണുപോയശേഷം എന്താണു സംഭവിച്ചതു?" എന്നു ചോദിച്ചു.

ആ ചോദ്യം പല പല അതിഭയങ്കരമായ അനുഭവങ്ങളുടെ സ്മരണയെ ഉണർത്തിയതുകൊണ്ടു മറുപടി പറവാൻ എൽസി വളരെ പ്രയാസപ്പെട്ടു. ഭാഷ മറന്നുപോയതുകൊണ്ടുള്ള പ്രയാസത്തെ മനഃക്ഷോഭം വർദ്ധിപ്പിക്കുകയുണ്ടായി. അവൾ വളരെ സാവധാനത്തിൽ ഓരോ വാക്കും പെറുക്കി പെറുക്കി എടുത്തുവയ്ക്കുന്ന രീതിയിൽ ആണു് സംസാരിക്കുന്നതു്.

കുറെ സമയം സംസാരിച്ചപ്പോഴേക്കുതന്നെ എൽസിക്കു ഭാഷയിൽ പിടി ഇല്ലാതിരുന്ന കുഴപ്പം തീരു

ന്നതു ജേക്കബിനു കാണാമായിരുന്നു. പക്ഷെ പൂർവ്വസ്മരണകൾ അവളുടെ ഹൃദയത്തിൽ ഉണ്ടായ വ്രണങ്ങളെ വീണ്ടും കുത്തി മുറിപ്പെടുത്തി. ഗൽഗദംകൊണ്ടു സംസാരത്തിനു കൂടെക്കൂടെ തടസ്സം ഉണ്ടായി. ആ ചോദ്യം അപ്പോൾ ചോദിക്കേണ്ടതില്ലായിരുന്നു എന്നു് ജേക്കബ് പശ്ചാത്തപിച്ചു. എൽസിയെ സാന്ത്വനപ്പെടുത്തുന്നതിനു അവൻ ഒരു തന്ത്രം പ്രയോഗിച്ചു. അവൻെറ ചോദ്യംപോലെതന്നെ അവൾക്കും ചോദിക്കാമായിരുന്നല്ലോ. ഒരു യുവതി ആയതുകൊണ്ടായിരിക്കണം മടിച്ചതു്. എൽസി ചോദിക്കാതെ തന്നെ ജേക്കബു ചങ്ങാടത്തിൽ നിന്നു വീണതിനുശേഷം അവനുണ്ടായ അനുഭവങ്ങൾ അല്പം ചില പൊടിപ്പും തൊങ്ങലും നേരമ്പോക്കുകളും ചേത്തു വിവരമായി പറയാൻ തുടങ്ങി.

“ബോധരഹിതനായി ഒരു വരത്തപ്പട്ടിയെപ്പോലെ എവിടെയോ ചുരുണ്ടുകൂടി കിടന്ന എന്നെ എടുത്തുകൊണ്ടുപോയി രക്ഷിച്ചവർ എത്ര നല്ല ആളുകൾ ആയിരുന്നിരിക്കണം എന്നും ഞാൻ പലപ്പോഴും ആലോചിക്കാറുണ്ടു്. എന്നെ രക്ഷിക്കാൻ വന്നതു ദേവദൂതന്മാർ ആയിരുന്നു എന്നു ചിലപ്പോൾ തോന്നാറുണ്ടു്. പക്ഷെ അവരുടെ കീറിപ്പറിഞ്ഞ മുഷിഞ്ഞു നാറുന്ന വസ്ത്രങ്ങളും, അവരുടെ നാവിൽനിന്നു ചിലപ്പോൾ വീഴുന്ന കല്ലുവച്ച വാക്കുകളും കണ്ടതും കേട്ടതും ഓക്കുമ്പോൾ ദേവദൂതന്മാരുമായി അവർ എങ്ങനെ കൂടി കഴിയും എന്നും തോന്നും. മദ്യം കണ്ടാൽ അതു തീക്കാതെ പിൻമാറുകയില്ലെന്നു സത്യം ചെയ്തിട്ടുള്ള പലരും ഉണ്ടായിരുന്നു ആ കൂട്ടത്തിൽ. മദ്യത്തോടുള്ള പ്രതിപത്തി കൊണ്ടല്ല അതിനോടുള്ള വിരോധം കൊണ്ടു കണ്ടാൽ ഇല്ലാതാക്കിക്കളയുകയാണു ചെയ്യുന്നതെന്നാണു് ഒരാൾ എന്നോടു പറഞ്ഞതു്. മദ്യത്തോടു അതിയായ ആസക്തി ഉള്ളവരിൽ ഒരുവൻ ഒരു ദിവസം എനിക്കു കുറെ തന്നു.”

എൽസി. "കുടിക്കാറുണ്ടോ? കുടിച്ചോ?"

ജേക്കബ് (ചിരിച്ചുകൊണ്ട്): "മദ്യം തരുന്നതു കുടിക്കാനല്ലാതെ പിന്നെന്തിനാണ്? ഞാൻ രുചിച്ചുനോക്കി. അല്പംപോലും മധുരമോ സ്വാദോ ഇല്ലായിരുന്നു. അതുകൊണ്ടു എനിക്കു വേണ്ടാ എന്നു ഞാൻ പറഞ്ഞു."

എൽസി. "എൻെറ അച്ഛൻ മദ്യം ഒരിക്കലും ഉപയോഗിക്കയില്ലായിരുന്നു, ഓർക്കുന്നുണ്ടോ?"

ജേക്കബ്. "ഇല്ല, ഞാൻ അങ്ങനെ ഓർക്കുന്നില്ല. അയ്യാൾ തന്ന മദ്യം വേണ്ടെന്നു ഞാൻ പറഞ്ഞതു അയാൾക്കു സന്തോഷമായില്ല. അല്പം കുടിച്ചു കഴിഞ്ഞാൽ നല്ല രുചി തോന്നുമെന്നായി അയാൾ. ഞാൻ പിന്നെയും മടിച്ചു. അപ്പോഴാണ് അയാളുടെ കൂട്ടുകാരൻ വന്നത്. അയാൾക്കു മദ്യത്തോടു പഥ്യമായിരുന്നെങ്കിലും ഒരു കൊച്ചുകുട്ടിക്കു മദ്യം കൊടുത്തതു മഹാ അക്രമം ആയിപ്പോയി എന്നു കൂട്ടുകാരനെ കുററപ്പെടുത്തി. തമ്മിൽ അടി വീഴുമെന്നു തോന്നി. അവരുടെ നേതാവു ഇടയ്ക്കു വീണില്ലായിരുന്നു എങ്കിൽ അടിയും അതിലധികവും ഉണ്ടാകുമായിരുന്നു."

എൽസി. "ജേക്കബിനു ഇപ്പോഴും മദ്യത്തോടു വെറുപ്പുതന്നെയാണല്ലോ"

ജേക്കബ്. "വെറുപ്പാണെന്നു പറയുന്നതു ശരിആയിരിക്കയില്ല. ഇവിടെ എത്തുന്നതിനുവേണ്ട സഹായങ്ങൾ കിട്ടുമെന്നു ഓർത്തു ഞാൻ ആക്കെല്ലാം മദ്യം വാങ്ങിക്കൊടുത്തിട്ടുണ്ടെന്നറിയാമോ?"

എൽസി. "വല്ലവർക്കും കൊടുക്കുന്നതുകൊണ്ടു കുഴപ്പം ഒന്നും ഉണ്ടാകാനില്ലല്ലോ."

ജേക്കബ്. "ഒരാൾക്കു കൊടുക്കുമ്പോൾ കൊടുക്കുന്ന ആളും കുറെ എങ്കിലും കുടിക്കണമെന്നാണ്. അങ്ങ

ന്നെ ചെയ്യില്ലെങ്കിൽ മററെ ആളെ അപമാനിക്കയാ ണെന്നു വരും."

എൽസി. "അതു എനിക്കു അറിഞ്ഞുകൂടായിരുന്നു."

ജേക്കബ്ബ്. "ഇനി എന്തെല്ലാം പഠിക്കേണ്ടതാ യിരിക്കുന്നു... ...."

എൽസി. "അതേ, എനിക്കു ഒന്നുംതന്നെ അറി ഞ്ഞുകൂടാ."

എൽസിയുടെ ചരിത്രം മനസ്സിലാക്കുന്നതിനു വ ണ്ടും ശ്രമിക്കാൻ പററിയ അവസരം ഇതുതന്നെ എന്നു വച്ചു ജേക്കബ്ബ് ചോദിച്ചു, "അതെന്താ?"

എൽസി. "എന്താണെന്നു ചോദിക്കാനുണ്ടോ? എന്നെ എന്തെങ്കിലും പഠിപ്പിക്കുന്നതിനോ എന്തെങ്കിലും പറഞ്ഞുതരുന്നതിനോ ആരാണ് ഇവിടെ ഉള്ളതു്? ചെറുപ്പത്തിൽ വായിക്കാനും കുറേശ്ശ എഴുതാനും പഠിച്ച തു തന്നെ മറന്നുപോകാത്തതു ദൈവാധീനം എന്നേയു ള്ളൂ. അല്ല, അവ കൊണ്ടു എന്തെങ്കിലും ആവശ്യമോ പ്രയോജനമോ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷി ച്ചുമില്ല."

ജേക്കബ്ബ്. "വായിക്കാൻ പഠിച്ചതു മറന്നുപോ കാതെ എങ്ങനെ കഴിച്ചു?"

എൽസി. "ദൈവഗത്യാ, എൻെറ പാഠപുസ്തക ങ്ങളിൽ ഒന്നുരണ്ടു കൈവശമുണ്ടായിരുന്നതു നഷ്ടപ്പെ ട്ടില്ല. ഇവർ അതു നശിപ്പിച്ചില്ല."

ജേക്കബ്ബ്. "അതു എങ്ങനെ സാധിച്ചു?"

എൽസി. "ഈ ഇൻഡ്യന്മാരിൽ തന്നെ രണ്ടു വ ർഗ്ഗക്കാർ ഉണ്ടു് ഇവിടെ. അവർ തമ്മിൽ ഒരു സാമ്യവും ഇല്ല. പ്രവൃത്തനങ്ങളിലും സ്വഭാവത്തിലും. എന്നാൽ പലകാര്യങ്ങളിലും യോജിച്ചു പ്രവർത്തിക്കുന്നുമുണ്ടു്."

ജേക്കബ്ബ്. "അവരെ എങ്ങനെയാണു തിരിച്ച റിയുക?"

എൽസി. "നമുക്ക ആൎക്കും അവരെ തിരിച്ചറിയാൻ സാധിക്കയില്ലെന്നു തന്നെ പറയാം."

ജേക്കബ്. "ഹരി ഇതിൽ ഏതു വകുപ്പിൽപ്പെട്ടവനാണ് ?"

എൽസി. "ചോദിക്കാനുണ്ടോ? അയാൾ ഒരു ഉത്തമൻ അല്ലായിരുന്നു എങ്കിൽ ജേക്കബിൻെറ തല മാത്രമെ ഇവിടെ എത്തുകയുണ്ടായിരുന്നുള്ളു."

ജേക്കബ്. "മററവൎഗ്ഗക്കാരും ഇവിടെത്തന്നെ ഉണ്ടോ ?"

എൽസി. "ഉണ്ട്. ഇവിടെ അടുത്തുതന്നെ ഉണ്ട്. അടുത്ത് എന്നു പറഞ്ഞാൽ നമ്മുടെ നാട്ടിലെപ്പോലൊന്നും അല്ലെന്നറിയാമല്ലോ. പല മലകൾക്ക അപ്പുറത്താണ് അവരുടെ കേന്ദ്രം. ഒരു ക്ഷേത്രവും മററുമുണ്ട്. അവരുടെ തലവൻ ഒരു മഹാ ഭയങ്കരനാണ്. കണ്ടാൽ തന്നെ പേടി ആകും."

ജേക്കബ്. "കണ്ടിട്ടുണ്ടോ ?"

എൽസി. "ഉണ്ട്. ഒരിക്കൽ കണ്ടിട്ടുണ്ട്. കംസൻ എന്നാണു പേർ. ആ പേരു കേൾക്കുമ്പോൾ തന്നെ ഇവിടെയുള്ള ആളുകൾ വിറയ്ക്കും."

ജേക്കബ്. "ഇവിടെയുള്ള ആളുകൾ എൽസിയോടു മൎയ്യാദയോടു കൂടിയാണോ പെരുമാറുന്നത് ?"

എൽസി. "മൎയ്യാദ എന്നല്ല പറയേണ്ടതു്. എൻെറ ഇഷ്ടം എന്താണെന്നു ചോദിക്കാതെ അതു മനസ്സിലാക്കി വേണ്ടതെല്ലാം ചെയ്യുകയാണ്."

ജേക്കബ്. "അങ്ങനെയോ !"

എൽസി. "അതേ, അവരുടെ ദേവി ആയിട്ടാണു എന്നെ ഗണിച്ചിരിക്കുന്നതു. എൻെറ ശുശ്രൂഷയ്ക്കു, അവരുടെ വൎഗ്ഗത്തിലെ ഏററം സുന്ദരികളും സമൎത്ഥകളും ആയ കന്യകകളെ ആണു നിയോഗിക്കുന്നതു. അവർ കല്യാണം കഴിച്ചു കഴിഞ്ഞാൽ എന്നിൽനിന്നു വിട

ത്തുകയായി. എന്നെ സമീപിക്കാൻ അവർ അയോഗ്യരാകുന്നു."

ജേക്കബ്. "അപ്പോൾ ഇക്കാലമെല്ലാം സുഖമായും സന്തോഷമായും കഴിച്ചു എന്നു വിശ്വസിക്കാമല്ലോ."

എൽസി. "ഒരു തരത്തിൽ പറഞ്ഞാൽ സുഖവും സന്തോഷവും ആയിത്തന്നെയാണ് ഇക്കാലങ്ങൾ കഴിച്ചത്."

ജേക്കബ്. "'ഒരു തരത്തിൽ പറഞ്ഞാൽ' എന്നു പറയുന്നത് ..........."

എൽസി. "സ്വന്തം ആളുകൾ ആരും ഇല്ലാതെ ഒരു തുണയും ഇല്ലാതെ, പരിചയിച്ചിട്ടുള്ള ജീവിതരീതി പാടെ ഉപേക്ഷിച്ചു കാട്ടാളന്മാരുടെ മദ്ധ്യത്തിൽ, ദേവി ആയിട്ടാണെങ്കിൽപോലും, ജീവിക്കുന്നതു എത്ര മാത്രം ആനന്ദപ്രദമായിരിക്കുമെന്നു അല്പം ഒന്നു ആലോചിച്ചു നോക്കിയാൽ ഞാൻ പറഞ്ഞതു ശരിയാണെന്നു കാണാം."

ജേക്കബ്. "ആ വിധത്തിൽ നോക്കുമ്പോൾ ശരിതന്നെയാണ്."

എൽസി. "എൻെറ കഥയെല്ലാം കേട്ടുവല്ലോ. ജേക്കബിൻെറ കാര്യം പറഞ്ഞുവന്നപ്പോൾ, ഞാൻ അറിയാതെ തന്നെ അതു തിരിച്ചുവിട്ട് എൻെറ വിവരങ്ങൾ മനസ്സിലാക്കുകയല്ലേ ചെയ്തതു്? ജേക്കബിൻെറ അനുഭവങ്ങളുടെ ബാക്കി ഭാഗം കൂടി കേൾക്കട്ടെ"

ജേക്കബ്. "അസമയമായല്ലോ. അവരുടെ ദേവിയുമായി ഇത്ര അധിക സമയം ഈവിധം വ്യയം ചെയ്യുന്നതു ശരിയല്ലെന്നു ഇൻഡ്യന്മാർക്കു തോന്നിയെങ്കിലോ ?"

എൽസി. "അങ്ങനെ ഒന്നും ഇല്ല. എങ്കിലും

നാളെ കാണുമ്പോൾ പറയുകയാണ് കുറെക്കൂടി സൌകര്യമെങ്കിൽ അതു മതി."

ജേക്കബ്ബ് യാത്ര പറഞ്ഞു അയാളുടെ ആസ്ഥാനമായ അതിഥിമന്ദിരത്തിലേക്കു മടങ്ങി.

---

## അദ്ധ്യായം 9

പിറേറന്നാൾ രാവിലെ ജേക്കബ്ബിൻെറ ആഗമനം പ്രതീക്ഷിച്ചു കാത്തിരിക്കയാണ് എൽസി. പുതിയ സ്നേഹിതനെപ്പററി, എൽസിയുടെ തോഴിമാർ ചോദിച്ച ശതക്കണക്കിനു ചോദ്യങ്ങൾക്കു അവൾ ഉത്തരം പറഞ്ഞു മടുത്തതിനുശേഷമാണ് ജേക്കബ്ബും ഹരിയും അവിടെ ചെന്നതു്. ഹരി, എൽസിയെ താണു വണങ്ങി. അവളുടെ കുശലം അന്വേഷിച്ചശേഷം വേട്ടയ്ക്കു പുറപ്പെട്ടു. അന്നു കിട്ടുന്നതു ദേവിക്കായി നേർന്നിരിക്കയാണെന്നു ധരിപ്പിച്ചശേഷമാണ് പുറപ്പെട്ടതു്.

തലേന്നാൾ തന്നെ, ജേക്കബ്ബ് എൽസിയും ഒരുമിച്ചു പ്രാതൽ കഴിക്കണമെന്നു ക്ഷണിച്ചിരുന്നു. എൽസിയുടെ തോഴികൾ കൊണ്ടുവന്നു നിരത്തിവച്ച ഭക്ഷണപദാർത്ഥങ്ങൾ! എൽസിയെ ദേവി ആയിത്തന്നെയാണ് ഇൻഡ്യന്മാർ ഗണിച്ചിരുന്നതെന്നു ആ സദ്യയുടെ വിഭവങ്ങൾ തെളിയിച്ചു. എൽസിക്കു പാചകവൃത്തി അശേഷം പരിചയമില്ലായിരുന്നു എങ്കിലും, പല പല തലമുറകൾ വഴി, ആ കാര്യത്തിൽ അവളുടെ മാതാവിനു ലഭിച്ചിരുന്ന വാസന പുത്രിക്കും ജന്മസിദ്ധമായി ഉണ്ടായിരുന്നു എന്നും, അവൾ അതു അവളുടെ തോഴികൾക്കും നല്കിയിരുന്നു എന്നും, സദ്യ തെളിയിച്ചു. നാട്ടിൽ നിന്നു പുറപ്പെട്ട ശേഷം അത്രമാത്രം തൃപ്തികരമായി ആഹാരം കഴിച്ചിട്ടില്ല എന്നാണു ജേക്കബ്ബ് പറഞ്ഞതു്.

ആഹാരം കഴിഞ്ഞു്, ബാക്കി വന്നവ തോഴികൾ എടുത്തുകൊണ്ടു പോയ ക്ഷണത്തിൽ തന്നെ ജേക്കബി ൻെറ അനുഭവ വിവരണം തുടരണമെന്നു എൽസി ആവശ്യപ്പെട്ടു.

ജേക്കബ്. "അങ്ങനെ വിവരിക്കത്തക്കതായി ഒന്നും ഇല്ലല്ലോ........"

എൽസി. "ആ വിധം പറഞ്ഞു ഒഴിഞ്ഞുകളയാമെന്നു വിചാരിക്കേണ്ടാ. ഞാൻ സമ്മതിക്കയില്ല."

ജേക്കബ്. "എന്നാൽ പറയാം. വൻകാട്ടിൽ വച്ചു എന്നെ കണ്ടെടുത്തവർ വെറും കാട്ടുമനുഷ്യന്മാർ ആണെന്നു പ്രഥമ ദൃഷ്ടിയിൽ തോന്നുമെങ്കിലും അവരെപ്പോലെ മൃദുലഹൃദയമുള്ളവർ ലോകത്തിൽ അധികം കാണുകയില്ലെന്നു എൻെറ അനുഭവം തെളിയിച്ചു. അക്കാലത്തു അവരുടെ മഹാമനസ്കതയേയും കാരുണ്യത്തേയും പററി എനിക്കു ഇപ്പോഴത്തെപ്പോലെ മതിപ്പു തോന്നിയിരുന്നില്ല."

എൽസി. "അതെന്താണൊ ?"

ജേക്കബ്. "ചെറുപ്പംകൊണ്ടും, ലോകപരിചയത്തിൻെറ കുറവുകൊണ്ടും ആയിരിക്കണം. മററുള്ളവൻെറ വകകൾ തട്ടിയെടുക്കുന്നതു എങ്ങനെയാണെന്നു നോക്കി നടക്കുന്നവരാണു് ഇന്നു ലോകത്തിലുള്ളവരിൽ അധികവും. അതിനു സൌകര്യമുള്ള ദിക്കിലേക്കു മാത്രമെ അവർ നോക്കുക തന്നെയുള്ളു. വസ്ത്രംപോലും ഇല്ലാതെ വൻകാട്ടിൽ കിടന്ന എന്നിൽനിന്നു ഒന്നും കിട്ടാനില്ല എന്നു അറിഞ്ഞുകൊണ്ടു്, എന്നെ രക്ഷിക്കയാണല്ലൊ അവർ ചെയ്തതു്. പ്രതിഫലം കിട്ടുകയില്ലെന്നു അറിഞ്ഞുകൊണ്ടല്ലെ അവർ എനിക്കുവേണ്ടി കഷ്ടപ്പാടു സഹിച്ചതു്? എത്ര നല്ല ആളുകൾ ആയിരിക്കണം എന്നു ഇപ്പോൾ മനസ്സിലാക്കരുതൊ?"

എൽസി. "ഏറക്കുറെ ഊഹിക്കാം. അതു പോകട്ടെ. കഥയുടെ ബാക്കി കേൾക്കട്ടെ."

ജേക്കബ്ബ്. "ബാക്കി അധികമൊന്നുംഇല്ലല്ലോ."

എൽസി. "അധികം വേണ്ടാ. ഉള്ളതു മതി."

ജേക്കബ്ബ്. "കാട്ടുപ്രദേശത്തുനിന്നു നാട്ടിൽ ഇറങ്ങിയിട്ടും, അവർ എന്നോടു വളരെ ദയവായിട്ടാണു പെരുമാറിയതു്. പട്ടണത്തിൽ എത്തിയ ഉടൻ തന്നെ എനിക്കു വേണ്ട കുപ്പായങ്ങളും മററും വാങ്ങിത്തന്നു. അതിനുശേഷം ഒരു ഡോക്ടരുടെ അടുക്കലേക്കാണു് പോയതു്. എൻെറ ആരോഗ്യത്തിനു തകരാറൊന്നും പററിയിട്ടില്ലെന്നും, മലമ്പനി പിടിച്ചതാണു് കുഴപ്പമുണ്ടാക്കിയതെന്നും, ചില മരുന്നുകളും, മരുന്നു ചേന്ന ആഹാരസാധനങ്ങളും കുറച്ചു ദിവസം കഴിച്ചാൽ, മലമ്പനിയുടെ ബാക്കിയും വിട്ടുമാറുകയും, ക്ഷീണം തീരുകയും ചെയ്യുമെന്നും, എന്നെ പരിശോധിച്ചശേഷം ഡോക്ടർ അഭിപ്രായപ്പെട്ടു."

എൽസി. "അതൊക്കെ വാങ്ങിത്തന്നുവൊ?"

ജേക്കബ്ബ്. "വാങ്ങിത്തരുകയല്ല ചെയ്തതു്. വല്ല ഹോട്ടലിലും താമസിച്ചാൽ ശരിയായ ആഹാരം കിട്ടുകയില്ല. ശുശ്രൂഷിക്കാൻ ആളുമില്ല. അതുകൊണ്ടു ആ ഡോക്ടരുടെ നേഴ്സിങ്ങു ഹോമിൽ തന്നെ എന്നെ താമസിപ്പിക്കണമെന്നു ആവശ്യപ്പെടുകയാണു ചെയ്തതു്."

എൽസി. "എന്നിട്ടോ?"

ജേക്കബ്ബ്. "അവരുടെ വേഷവും മററും കണ്ടപ്പോൾ പണം കിട്ടുമൊ എന്നു ഡോക്ടക്കു സംശയമുണ്ടായി എന്നാണു് തോന്നുന്നതു്. അതു മനസ്സിൽ വച്ചുകൊണ്ടു അദ്ദേഹം ചില തടസ്സങ്ങൾ ഒക്കെ പറഞ്ഞു. എന്നെ രക്ഷിച്ച ആളുകളുടെ നേതാവു

സാമൎത്ഥനായിരുന്നു. അദ്ദേഹം ക്ഷണനേരത്തിൽ കഥ മനസ്സിലാക്കി. നേഴ്സിങ്ങു ഹോമിൽ ഒരു മാസം താമസിച്ചാൽ മതിയാകുമൊ എന്നു അദ്ദേഹം ചോദിച്ചു. ധാരാളം മതി എന്നു ഡോക്ടർ മറുപടി കൊടുത്തപ്പോൾ, അത്രയും കാലത്തേക്കു എന്തു സംഖ്യ വേണ്ടിവരുമെന്നു ചോദിച്ചു മനസ്സിലാക്കി, അതു മേശമേൽ വച്ചു."

എൽസി. "അപ്പോൾ ഡോക്ടൎക്കു തൃപ്തി, ആയിക്കാണുമല്ലോ."

ജേക്കബ്. "ഇല്ല. അക്കാലം കഴിഞ്ഞാൽ എന്നെ ഏററുവാങ്ങാൻ ആളില്ലാതെ വന്നാലൊ എന്നായി ഡോക്ടർ."

എൽസി. "അതിനു എന്തു പ്രതിവിധി നിൎദ്ദേശിച്ചു?"

ജേക്കബ്. "അത്രയും ആയപ്പോൾ എന്റെ ചരിത്രം ഡോക്ടറെ പൂൎണ്ണമായി ധരിപ്പിക്കയും, ക്ഷീണം മാറിയാലുടനെ എന്നെ നാട്ടിലേക്കു അയക്കുന്നതിനു കപ്പൽ കൂലിക്കും മററും ആവശ്യമുള്ള സംഖ്യയും അദ്ദേഹം ഡോക്ടറെ ഏല്പിക്കയും ചെയ്തു. അദ്ദേഹം പറഞ്ഞ കാലാവധിക്കു എന്നെ നേഴ്സിങ്ങു ഹോമിൽ നിന്നു ഇറക്കി. ഡോക്ടർ തന്നെ യാത്രക്കുള്ള ടിക്കററു വാങ്ങിപ്പിക്കയും, അദ്ദേഹം വന്നു എന്നെ യാത്ര അയക്കുകയും ചെയ്തു. ഞാൻ സസുഖം നാട്ടിൽ എത്തി. അത്രയുമെയുള്ളൂ."

എൽസി. "നാട്ടിൽ എത്തിയിട്ടു്?"

ജേക്കബ്. "നാട്ടിൽ എത്തിക്കഴിഞ്ഞാൽ പിന്നെ എന്താണു്?"

എൽസി. "ഒന്നുമില്ലെന്നോ? നാട്ടിലെ വൎത്തമാനങ്ങൾ ആണല്ലൊ എനിക്കു കേൾക്കേണ്ടതു്."

ജേക്കബ്. "എന്നാൽ അതും പറയാം. ഞാൻ പഴയപടി പള്ളിക്കൂടത്തിൽ ചേൎന്നു പഠിച്ചു. ക്ലാസ്സിൽ

പഠിപ്പിച്ച വിഷയങ്ങളല്ല യഥാൎത്ഥത്തിൽ ഞാൻ പണി പ്പെട്ടു പഠിച്ചതു്."

എൽസി. "പിന്നെ?"

ജേക്കബ്. "ഈ രാജ്യത്തെപ്പറ്റി കിട്ടാവുന്ന വിവരങ്ങൾ എല്ലാം ശേഖരിക്കുക, പഠിക്കുക ഇതായിരുന്നു എന്റെ തൊഴിൽ."

എൽസി. "എന്താണു് അങ്ങനെ ചെയ്യുന്നതു്?"

ജേക്കബ്. "ഇവിടെ നിന്നു തോററു മടങ്ങി എന്നായിരുന്നു എനിക്കു തോന്നിയിരുന്നതു്. തോററിടത്തു, തോല്പിക്കപ്പെട്ടിടത്തു വിജയിക്കണം എന്നുള്ള മോഹം ആയിരിക്കണം എന്നെ നയിച്ചതു്."

എൽസി. "എന്നുവച്ചാൽ?"

ജേക്കബ്. "എന്റെ അച്ഛനും എൽസിയുടെ അച്ഛനമ്മമാരും ഒക്കെ കൂടി വന്നിട്ടു, ഉദ്ദേശം സാധിച്ചില്ലല്ലോ. ഞാൻ മാത്രമെ രക്ഷപെട്ടുള്ളു. അതുകൊണ്ടു മററുള്ളവൎക്കു പററിയ തോൽവി പരിഹരിക്കാൻ ഞാൻ കടപ്പെട്ടവനാണെന്നുള്ള ഒരു ബോധം ഉണ്ടായി. അതിനു ഒരുങ്ങുകയായിരുന്നു."

എൽസി. "ജേക്കബു ഒഴിച്ചു ബാക്കിയുള്ളവർ എല്ലാം അന്തരിച്ചുപോയി എന്നായിരുന്നോ വിശ്വാസം?"

ജേക്കബ്. "അല്ല. അങ്ങനെ ഭയം ഉണ്ടായിരുന്നു. എങ്കിലും അല്പാഴൊക്കെയും എന്റെ അച്ഛനും നിങ്ങൾ ഒക്കെയും ജീവനോടുണ്ടായിരിക്കും എന്നൊരു 'ആശ'യും ഉണ്ടായിരുന്നു."

എൽസി. "കഴിഞ്ഞ പത്തുപന്ത്രണ്ടു വൎഷക്കാലം മുഴുവൻ........"

ജേക്കബ്. "അതെ, ഇക്കാലമെല്ലാം, വീണ്ടും ഇവിടെ എത്തി നിങ്ങളെപ്പററി അന്വേഷിച്ചു കണ്ടുപിടി

ക്കയും, ഇൻകാ വിഗ്രഹം വീണ്ടെടുക്കയും ചെയ്യണം എന്നുള്ളതായിരുന്നു എനിക്കു ഊണിലും ഉറക്കത്തിലും പോലും ഉണ്ടായിരുന്ന ചിന്ത.''

എൽസി. ''നിങ്ങളുടെ അച്ഛനേയും ഇൻകാ വിഗ്രഹത്തേയും പററി ചിന്തിക്കയോ അതു വീണ്ടെടുക്കയോ ചെയ്യണമെന്നു അതിയായ ആഗ്രഹം ഉണ്ടായിരുന്നിരിക്കാം. ആ കൂട്ടത്തിൽ എൻെറ കാര്യം കൂടി ഉൾപ്പെടുത്തുന്നതു എന്തിനാണു് ?''

ജേക്കബ്ബ്. ''അതിൽ എന്താണു് തെററ് ?''

എൽസി. ''തെററുണ്ടെന്നല്ല. പത്തുപതിനഞ്ചു വഷങ്ങൾക്കു മുമ്പു കണ്ട പിരാന്തു പിടിച്ച ഒരു കൊച്ചു പെണ്ണിനെ അന്വേഷിക്കാൻ അനേകായിരം മൈൽ ദൂരം അനവധി അപകടങ്ങൾ അഭിമുഖീകരിച്ചു യാത്ര ചെയ്വാൻ ആഗ്രഹിച്ചു എന്നു പറയുന്നതു അതിശയോക്തി അല്ലേ എന്നാണു് എൻെറ സംശയം?''

ജേക്കബ്ബ്. ''അതിശയോക്തി പ്രയോഗിക്കേണ്ട ആവശ്യം എന്താണാവോ ?''

എൽസി. ''അതിസുന്ദരികളും യൌവ്വനയുക്തകളുമായ അനവധി യുവതികൾ, സഹവിദ്യാർത്ഥികളായും അല്ലാതെയും സന്തതസഹചാരികളായി ഉള്ളപ്പോൾ......... ?''

ജേക്കബ്ബ്. ''ഓ-ഹൊ—അങ്ങനെയൊ ?''

എൽസി. ''അങ്ങനെ തന്നെ. ജേക്കബ്ബ കല്യാണം കഴിച്ചുവോ? ഇല്ലെങ്കിൽ പറഞ്ഞു നിശ്ചയിക്കയെങ്കിലും ചെയ്തിട്ടില്ലേ ?''

ജേക്കബ്ബ്. ''രണ്ടു ചോദ്യങ്ങൾക്കും 'ഇല്ല' എന്നാണു് ഉത്തരം. എന്താ ?''

എൽസിയുടെ മുഖത്തു പ്രത്യക്ഷമായ സന്തോ

ഷ്ഷ ഛായ ജേക്കബ്ബ് കാണരുതെന്നുവച്ചു മുഖം കുനിച്ചു സമീപത്തു കിടന്ന സീസറിൻെറ ചെവിയിൽ പിടിച്ചു കൊണ്ടു 'അതെന്താ' എന്നു ചോദിച്ചു.

ജേക്കബ്ബ്. "ഇവിടെ എത്തി അന്വേഷണം നടത്തി അച്ഛനേയും എൽസിയേയും പററി എന്തെങ്കിലും വിവരങ്ങൾ സമ്പാദിക്കാൻ കഴിയുമൊ എന്നു നോക്കേണ്ടതു എൻെറ പ്രധാന കത്തവ്യകമ്മമായിട്ടാണു് ഞാൻ ഇക്കാലമെല്ലാം ഗണിച്ചിരിക്കുന്നതു്. മാത്രമല്ല വിവാഹം കഴിക്കണമെന്നും തോന്നിയില്ല. അല്ലെങ്കിലും അതിനു പററിയ ആളെ അവിടെങ്ങും കണ്ടില്ല."

എൽസി. "ധമ്മം നിറവേററിയില്ലേ? ഇനിയത്തെ നടപടി എന്താണു്?"

ജേക്കബ്ബ്. "ഇല്ല, പൂണ്ണമായി നിറവേററിക്കഴിഞ്ഞില്ല. അച്ഛനെപ്പററി ഒരു വിവരവും ഇതേവരെ കിട്ടിയില്ല. വിഗ്രഹത്തെ വീണ്ടെടുക്കാൻ സാധിക്കുമൊ എന്നും അറിഞ്ഞില്ല. അവയും കൂടി കഴിഞ്ഞാൽ, ഞാൻ ഒരു ലക്ഷ്യത്തിൽ എത്തി എന്നു സമ്മതിച്ചേക്കാം."

ജേക്കബിൻെറ അച്ഛനെപ്പററിയുള്ള വിവരങ്ങൾ നല്കാൻ അതിയായ വൈമനസ്യം ഉണ്ടായിരുന്നു എൽസിക്കു്. സന്തോഷകരമായി ഒന്നും ഇല്ല, എന്നല്ല, അത്യന്തം സന്താപകരമായിരുന്നു ജേക്കബിൻെറ അച്ഛൻെറ കഥ. അതുകൊണ്ടാണു് അവൾക്കു വൈമനസ്യം ഉണ്ടായതു്. അതു സംഭാഷണവിഷയമാക്കാതെ മാററാൻ ഒരു മാഗ്ഗമെ അവൾക്കുള്ളു. ജേക്കബ്ബുമായി പിരിഞ്ഞ ഉടൻ നടന്ന സംഭവങ്ങൾ വിവരിക്കുക എന്നുള്ളതായിരുന്നു അതു്.

അവൾ "എൻെറ കഥയുടെ ബാക്കി ഭാഗം കൂടി കേൾക്കേണ്ടയോ" എന്നു ചോദിച്ചുകൊണ്ടു പറഞ്ഞു,

"പല ദിവസങ്ങൾ ചങ്ങാടത്തിൽ തന്നെ ആയിരുന്നു. ഇൻഡ്യന്മാർ പുറകെവന്നു പിടിച്ചു. കംസൻ ജേക്കബിന്റെ അച്ഛനെയും സ്വർണ്ണവിഗ്രഹത്തെയും പിടിച്ചുകൊണ്ടുപോയി. അതിനിടയിൽ പനികൊണ്ടും ഭയംകൊണ്ടും എനിക്കു ബോധമില്ലാതായി. പിന്നെ ബോധം വീണപ്പോഴേക്കു അമ്മ"—സങ്കടത്തിന്റെ ആധിക്യംകൊണ്ടു സംസാരിക്കാൻ വയ്യാതായി. കുറച്ചുസമയം കരഞ്ഞതിനുശേഷമാണു പിന്നെ അവൾ തുടർന്നതു്.—"എനിക്കു ബോധം ഉണ്ടായപ്പോൾ എന്റെ അമ്മ മരിച്ചുപോയിരുന്നു. ഹരിയും മററും ഉണ്ടു എന്റെ അടുക്കൽ. സീസറും എന്റെ കാല്ക്കൽ കിടപ്പുണ്ടായിരുന്നു."

അവന്റെ പേർ കേട്ടയുടനെ സീസർ വാൽ ആട്ടിക്കൊണ്ടു നന്നാ അടുത്തുനിന്നു എൽസിയുടെ മടിയിൽ അവന്റെ തലവച്ചു സംതൃപ്തനായി.

ഈ സമയം ദൂരത്തുനിന്നു പെട്ടെന്നു പുറപ്പെട്ട ഒരു ഭേരിയുടെ ശബ്ദം അവിടെല്ലാം മാറെറാലിക്കൊണ്ടു.

ആ ഭേരിയുടെ ശബ്ദം എൽസിയെ ഭയപ്പെടുത്തി. അവൾ താണസ്വരത്തിൽ പറഞ്ഞു. "ജേക്കബിന്റെ അച്ഛനെ പിടിച്ചുകൊണ്ടുപോയ കംസന്റെ ഭേരിയാണു ആ മുഴങ്ങുന്നതു്."

ജേക്കബ് മനശ്ചാഞ്ചല്യത്തോടെ ചോദിച്ചു, "അച്ഛൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടല്ലോ. ഇവിടെ അടുത്തുതന്നെ അല്ലേ?"

അതിനു മറുപടി പറവാൻ യുവതി അല്പം പ്രയാസപ്പെട്ടു. "ജേക്കബിന്റെ മുഖത്തുനോക്കാതെ തലകുനിച്ചുകൊണ്ടു "തലകൊയ്ത്തുകാരുടെ കൂട്ടത്തിൽ അങ്ങനെ ആരും താമസിക്കാൻ അവർ ഇടയാക്കയില്ല. അന്യർ ആരായാലും അവർ തല കൊയ്തുകളയും. ജേക്ക

ബിൻെറ അച്ഛനെ ജീവനോടെ കാണാൻ പ്രയാസമാണ് " എന്നു പറഞ്ഞു.

താൻ നേരത്തെ കണ്ട ക്ഷേത്രം ഭയങ്കരനായ കംസൻെറ ആസ്ഥാനമാണെന്നും അയാളുടെ അമാനുഷികശക്തിയിൽ വിശ്വസിക്കുന്ന കിങ്കരന്മാർ വഴി അയാൾ സർവ്വശക്തരവഷ്ടം നടിച്ചു ആ ക്ഷേത്രം ഭയങ്കരപ്രവർത്തനങ്ങൾക്കുള്ള രംഗം ആക്കിയിരിക്കുകയാണെന്നും ജേക്കബ്ബ് അനുമാനിച്ചു. കംസനു എതിരായോ, അയാളുടെ അതൃപ്തിക്കു ഇട ആകുന്നതായോ എന്തെങ്കിലും സംഭവങ്ങൾക്കു ഹരിയുടെയോ ആ ഗ്രാമത്തിലുള്ള ആരുടെ എങ്കിലുമോ, എൽസിയുടെ തന്നെയോ സഹായം ലഭിക്കയില്ലെന്നും ജേക്കബിനു മനസ്സിലായി.

അവൻെറ അച്ഛനെ സംബന്ധിച്ചു എന്തെങ്കിലും വിവരം കിട്ടണമെങ്കിൽ കംസൻെറ ക്ഷേത്രത്തിലോ അതിൻെറ പരിസരങ്ങളിലോ പരിശോധന നടത്തണം. അവിടേക്കു ചെല്ലുന്നതിനു ധൈര്യപ്പെടുന്ന ഒരു ഒററ ഇൻഡ്യൻ അവിടെങ്ങും ഉണ്ടായിരിക്കയില്ല. ആരെല്ലാം എതിർത്താലും എന്തെല്ലാം തടസ്സങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാലും അച്ഛൻെറ വിവരങ്ങൾ അറിയാതെ പുറകോട്ടില്ലെന്നു തന്നെ ജേക്കബ്ബ് ഉറച്ചു: അതേ ഏകനായി പുറപ്പെട്ടു അതുപോലെ ഏകനായി മുമ്പോട്ടു പോകുകതന്നെ എന്നു അവൻ തീർച്ചപ്പെടുത്തി.

---

## അദ്ധ്യായം 10

പിററന്നാൾ രാവിലെ ജേക്കബിനെ കാണുന്നതിന് എൽസി "അതിഥി" മന്ദിരത്തിൽ ചെന്നു. അവിടെങ്ങും ആരുമേ ഇല്ല. ജേക്കബിൻെറ തോക്കും ഇല്ല. അച്ഛൻെറ വിവരങ്ങൾ അറിയുന്നതിനു കംസൻെറ

അടുക്കലേക്കു തന്നെ അയാൾ പുറപ്പെട്ടതാണെന്നു പെട്ടെന്നു ഒരു തോന്നൽ അവൾക്കുണ്ടായി. എൽസി പരിഭ്രമിച്ചു. ജേക്കബിനെ ഇനി ജീവനോടെ കാണാൻ സാധിക്കയില്ലെന്നുള്ള ഭയത്തെക്കാൾ അധികം, മരിക്കുന്നതിനു മുമ്പു കംസനിൽ നിന്നു അവൻ സഹിക്കേണ്ടതായി വരുന്ന ഉപദ്രവങ്ങളുടെ ഓർമ്മയാണു് അവളെ ക്ലേശിപ്പിച്ചതു്.

ഹരിയെക്കണ്ടു വിവരങ്ങൾ ധരിപ്പിക്കയും, സ്നേഹിതനെ രക്ഷിക്കുന്നതിനു വല്ല മാർഗ്ഗവും ഉണ്ടോ എന്നു ആലോചിക്കയും ചെയ്യാമെന്നുവച്ചു എൽസി അവനെ അന്വേഷിച്ചു പുറപ്പെട്ടു. എൽസിയിൽനിന്നു കാര്യങ്ങൾ മനസ്സിലാക്കിയ ക്ഷണത്തിൽതന്നെ ഹരി പുറപ്പെട്ടു കഴിഞ്ഞു. ഭയങ്കരനും അവരുടെ ദൃഷ്ടികളിൽ സർവ്വശക്തനും ആയ കംസന്റെ പിടിയിൽപ്പെട്ട സ്നേഹിതനെ രക്ഷിക്കാൻ പുറപ്പെട്ടാൽ അയാളുടെ അതൃപ്തിക്കു പാത്രമാകുമോ, അതിനു ഇട കൊടുക്കാതിരിക്കയല്ലേ നന്നു എന്നൊരു ചിന്തപോലും ഹരിക്കു ഉണ്ടായില്ല. അവൻ ജേക്കബിനെ സഹോദരനായി സ്വീകരിച്ചതു കൊണ്ടു അയാൾക്കുവേണ്ടി എന്തും സഹിക്കുന്നതിനു ഒരുക്കമായിരുന്നു. എൽസിയും ഹരിയുടെ തടസ്സങ്ങൾ അവഗണിച്ചു അവനെ അനുഗമിച്ചു.

എൽസിയും ഹരിയും ഗ്രാമത്തിൽനിന്നു വൻകാട്ടിൽകൂടി നടന്നു പല മലകൾ കടന്നു. അപ്പോൾ തലകൊയ്ത്തുകാരുടെ ഭേരിയുടെ ഭയങ്കരമായ മുഴക്കം കേൾക്കാറായി. പിന്നീടു അല്പസമയത്തേക്കു അതു നിലച്ചു. അപ്പോഴത്തെ നിശ്ശബ്ദത കുറെക്കൂടി ഭയാനകമായി എൽസിക്കു തോന്നി. അവർ അതിവേഗം നടന്നു് ഒരു മലയും കൂടി കടന്നു.

ആ നിശ്ശബ്ദതയെ പൈശാചികമായ അലച്ചയും ആർപ്പുവിളിയും മോങ്ങലും ഭഞ്ജിച്ചു. അതോടൊപ്പം ത

ന്നെ ഭീകരമായ കുഴൽവിളിയും. ഇവ കേട്ടപ്പോൾ ജേക്കബിന്റെ അനുഭവങ്ങൾ ഓൎത്തു എൽസി ഞെട്ടിപ്പോയി. ഹരിക്കു ഒരു കുലുക്കവുമില്ല. എന്തെല്ലാം അഭിമുഖീകരിക്കേണ്ടതായി വന്നാലും, തന്റെ സഹോദരനെ രക്ഷിക്കാമോ എന്നു ആവുംമട്ടു ശ്രമിക്കണമെന്നുള്ള ദൃഢനിശ്ചയമാണു അവൾ ധൈര്യം കൊടുത്തതു്.

അവർ ഒരു ചെറുകുന്നിന്റെ മുകളിൽ എത്തി. തലകൊയ്ത്തുകാരുടെ നൃത്തരംഗം അതിന്റെ താഴ്വരയിലാണു്. വൃത്താകരത്തിൽ കാട്ടുകുററിയും എല്ലാം തെളിച്ചു പറിച്ചു മാററിയ ആ സ്ഥലത്തു ഉണ്ടു് കംസന്റെ കിങ്കരന്മാർ ധാരാളം. എല്ലാവരും സമരത്തിനു തയ്യാറായിരിക്കയാണെന്നു അവർ ധരിച്ചിരിക്കുന്ന പടച്ചായവും വേഷവും തെളിയിക്കുന്നു. മരപ്പട്ട കൊണ്ടുണ്ടാക്കിയവയും വന്യമൃഗങ്ങളുടെ മുഖഛായ ഉള്ളവയും ആയ മുഖമൂടികളും ധരിച്ചിട്ടുണ്ടു്. പടയാളികൾ അവരുടെ യുദ്ധനൃത്തത്തിൽ, "കൊലആട്ട"ത്തിൽ എത്തിയിരിക്കുന്നു. നേതാവിന്റെ ആജ്ഞ അനുസരിച്ചു എന്തു സാഹസത്തിനും അവർ തയ്യാറാക്കപ്പെട്ടു കഴിഞ്ഞു. കലികേറി കഴിഞ്ഞതിനാൽ എന്തെല്ലാമാണു ചെയ്യുന്നതെന്നു അവർക്കു തന്നെയും നിശ്ചയം ഉണ്ടായിരിക്കയില്ല.

ആ പൈശാചിക കൂത്തിൽ എൽസിയുടെയും ഹരിയുടെയും ശ്രദ്ധ ഏററം അധികം ആകർഷിച്ചതു്, ആ കൂത്തുരംഗത്തിന്റെ മദ്ധ്യത്തിലുള്ള ഒരു കുററിയിൽ വള്ളികൾകൊണ്ടു ബലമായി ബന്ധിക്കപ്പെട്ടിരുന്ന ഒരാളായിരുന്നു. അതാണു കുരുതിക്കായി മാററി വയ്ക്കപ്പെട്ടിരിക്കുന്ന ആൾ എന്നു ഹരി എൽസിക്കു പറഞ്ഞുകൊടുത്തു. അയാൾക്കു നല്കിയിരുന്ന പ്രത്യേകതരത്തിലുള്ള വേഷവിധാനങ്ങളിൽനിന്നതു് മനസ്സിലാക്കാമായിരുന്നു. അയാളുടെയും മുഖം, യോദ്ധാക്കളുടെ കാര്യത്തിൽ എന്നവണ്ണം മരത്തോൽ കൊണ്ടുള്ള മുഖമൂടിയാൽ മറയ്ക്കപ്പെട്ടിരിക്കുന്നു.

മുഖമൂടി ഉള്ളതുകൊണ്ടു ബലിക്കു വിധിക്കപ്പെട്ടവൻ ആരാണെന്നു എൽസിക്കും ഹരിക്കും കാണാൻ കഴിഞ്ഞില്ല. എങ്കിലും അതു ജേക്കബായിരിക്കുമെന്നു അവൎക്കു നിശ്ചയമാണു. യോദ്ധാക്കൾക്കു കലികേറിക്കഴിഞ്ഞു എന്നു പറഞ്ഞുവല്ലോ. അതിന്റെ ശക്തി, തിളയ്ക്കൽ, വീണ്ടും വൎദ്ധിപ്പിക്കാൻ ഉപയുക്തമായ പാട്ടും കൊട്ടും അട്ടഹാസവും കുറെക്കൂടി ശക്തിയായും വേഗത്തിലും നടത്താൻ നേതാവു് ആംഗ്യം കൊണ്ടു് ആജ്ഞാപിച്ചു. തിളച്ചു മറിയുന്ന വെള്ളത്തിന്റെ ചൂടു പിന്നെയും വൎദ്ധിപ്പിക്കാൻ സാധിക്കുമോ? സാധിക്കുമെന്നാണു് കംസന്റെ അനുചരന്മാരുടെ നടപടി തെളിയിച്ചതു്. കൊട്ടും പാട്ടും അലറലും അട്ടഹാസവും ആൎപ്പുവിളിയും ഇടമുറിയാതെ അതിവേഗത്തിൽ ആയി. യോദ്ധാക്കളുടെ നൃത്തത്തിന്റെ വേഗതയും അതിനു അനുസരണമായി തന്നെ വൎദ്ധിച്ചു. അവരുടെ നൃത്താട്ടഹാസകോലാഹലങ്ങളാകുന്ന തിളച്ചവെള്ളം പിന്നെയും തിളച്ചുമറിഞ്ഞു. അതിൽനിന്നു പുറപ്പെട്ട വികാരമാകുന്ന ആവി ആ പ്രദേശത്തെ എല്ലാം മൂടൽ മഞ്ഞു എന്നപോലെ മറച്ചു.

കൂത്താടിക്കൊണ്ടിരിക്കുന്ന യോദ്ധാക്കളുടെ ഉന്മാദം വൎദ്ധിപ്പിക്കുന്നതിനു കൊമ്പും കുഴലും ഭേരിയും സഹായിക്കുന്നുണ്ടെന്നു പറഞ്ഞുവല്ലോ. അവരെ കൂടുതൽ കൂടുതൽ ഇളക്കുന്നതിനു സഹായിക്കുന്ന മറ്റൊന്നും അവിടെ ഉണ്ടു്. അതു കാണികളായി ചെന്നു കൂടിയ ആളുകളാണു്. ഇവരിൽ ആൎക്കെങ്കിലും നൃത്തത്തിൽ ചേരണമെങ്കിൽ ആവാം. അതിനു ആവശ്യമായ മുഖമൂടിയും ഇലകൾകൊണ്ടുള്ള വസ്ത്രങ്ങളും കൊടുക്കാൻ തയ്യാറാക്കി വച്ചിട്ടുണ്ടു്. പലരും അവ വാങ്ങി ധരിച്ചു നൃത്തത്തിൽ ചേൎന്നു യോദ്ധാക്കളെക്കാൾ മദോന്മത്തരായി വലിയ ബഹളം കൂട്ടുന്നുമുണ്ടു്.

സഹോദരനെ രക്ഷിക്കുന്നതിനു ദൂരത്തുനിന്നു് അ

യാളുടെ ദുരനുഭവം കണ്ടതുകൊണ്ടു ആവില്ലല്ലോ. ഹരിയും എൽസിയും കുന്നിൻെറ മുകളിൽനിന്നു നൃത്തരംഗത്തേക്കു തന്നെ പുറപ്പെട്ടു. ചുററിലും കൂടിനിന്നിരുന്നവരുടെ ഇടയിൽ കേറി. അതു കഴിഞ്ഞു രണ്ടാളും നൃത്തത്തിൽ തന്നെ ചേൎന്നു ജേക്കബിനു തുണ നല്കാൻ മാൎഗ്ഗം എന്തെങ്കിലും ഉണ്ടോ എന്നു പരിക്ഷിക്കാനുറച്ചു. ഓരോ മുഖമൂടിയും ഇലകൊണ്ടുള്ള വസ്ത്രവും വാങ്ങിധരിച്ചു നൃത്തം തുടങ്ങി. അവക്ക് മദമിളകയില്ലെങ്കിലും ഇളകി എന്നു ഭാവിക്കുന്നുണ്ടു്. അതു സ്വയരക്ഷക്കു തന്നെ ആവശ്യമായിരുന്നു.

യോദ്ധാക്കളുടെ അത്യുന്നത നേതാവായ കംസൻ നാടകീയമായ രീതിയിലും വേഷത്തിലും പെട്ടെന്നു അവരുടെ മുമ്പിൽ പ്രത്യക്ഷനായി. അടിമുടി പടച്ചായം, അതിനു അനുയോജ്യമായ വേഷം. മുഖത്തിലും നെഞ്ചിലും തേച്ചിരിക്കുന്ന കട്ടംചുവപ്പും മഞ്ഞയും ചായങ്ങൾ ഭീകരതയുടെ മാററ വൎദ്ധിപ്പിക്കുന്നുണ്ടു്. തലകൊയ്ത്തുകാരുടെ തലവൻ ആണെന്നു കാണിക്കുന്നതിനു ഒട്ടധികം തൂവെള്ളനിറത്തിലുള്ള തൂവലുകൾ കുത്തനെ നിരത്തി തുന്നിപ്പിടിപ്പിച്ചിട്ടുള്ള ശിരോലങ്കാരം എല്ലാററിനും മകുടംചാൎത്തുകതന്നെ ചെയ്യുന്നു. ശ്വാസോഛ്വാസംകൊണ്ടു ദേഹം അനങ്ങുമ്പോൾ തന്നെ ആ ശിരോലങ്കാരത്തിൽ ഘടിപ്പിച്ചിട്ടുള്ള തൂവലുകൾ ചലിക്കത്തക്കവിധം ആണു് അതു് നിൎമ്മിച്ചിരിക്കുന്നതു്. ചലനം അതിൻെറ ഭംഗിയും അയാളുടെ ഗൗരവവും വൎദ്ധിപ്പിക്കുന്നുണ്ടു്. വാദ്യം പിന്നെയും മുറുകി. യോദ്ധാക്കൾ എല്ലാം വിഭ്രാന്തിയുടെ ഉച്ചത്തിൽ തന്നെ എത്തി.

കംസൻ അയാളുടെ വലതുകൈ യോദ്ധാക്കളുടെ ശ്രദ്ധ ആകൎഷിക്കത്തക്കവിധം അഭിനയചാതുൎയ്യത്തോടുകൂടി മുമ്പോട്ടു നീട്ടി. എല്ലാവരുടെയും ശ്രദ്ധ അവിടെ കേന്ദ്രീകരിച്ചു എന്നു അറിഞ്ഞപ്പോൾ മടക്കിപ്പിടിച്ചി

രുന്ന കൈപ്പത്തി സാവധാനം നിവർത്തി. ആ കരുത്ത കൈയിൽ വെളുത്ത ഒരു ചെറുപന്തുപോലൊരു സാധനം! മധുരനാരങ്ങയുടെ വലുപ്പമുള്ള ഒരു തലയാണത്. തലമുടി, കൺപുരികം, കൺപീലി, മുഖരോമം ഇവയ്ക്കുപോലും യാതൊരു കേടും സംഭവിച്ചിട്ടില്ല. രോമം, തൊലി, കണ്ണ് ഇവയുടെ നിറവും മുഖപ്രകൃതിയും അതു ഒരു വെള്ളക്കാരൻെറ തലയാണെന്നു വിളിച്ചറിയിക്കുന്നുണ്ട്. എന്തിനു വെള്ളക്കാരൻെറ തല എന്നു പറയുന്നു, ജേക്കബിൻെറ തലതന്നെയാണത്. മുഖച്ഛായയ്ക്കു ഒരു വ്യത്യാസവുമില്ല. വലുപ്പം രണ്ടുമൂന്നു മടങ്ങു കുറവാണെന്നു മാത്രം. അതു കണ്ടപ്പോൾ യോദ്ധാക്കളുടെ കലിതുകററത്തിൻെറ ശക്തി വർദ്ധിച്ച് അറുകൊല കേറിയ മട്ടിലായി.

ഹരി അമ്പരന്നു. കംസൻ സഹോദരൻെറ തല കൊയ്തല്ലോ എന്നു സങ്കടപ്പെട്ടു. ജേക്കബിൻെറ തലയല്ല അതു അയാളുടെ അച്ഛൻെറ തലയാണ് എന്നു എൽസി പറഞ്ഞത് വിശ്വസിക്കാൻ അവനു പ്രയാസം.

ആ ജാതിയുടെ ഏററം വിലമതിക്കപ്പെടുന്ന വിശുദ്ധ വസ്തുവായ രത്നഖചിതമായ ഇൻകാ പ്രതിമ തട്ടിക്കൊണ്ടുപോയ മഹാശത്രുവിൻെറ തല കൈവെള്ളയിൽവച്ചു ഉയർത്തിക്കാണിച്ച മഹാപുരോഹിതനായ നേതാവിൻെറ മുമ്പിൽ നൃത്തം ചെയ്തുകൊണ്ടിരുന്ന യോദ്ധാക്കൾ ഓരോരുത്തരായി ദണ്ഡനമസ്കാരം ചെയ്തു.

---

## അദ്ധ്യായം 11

കംസൻ കർമ്മാനുഷ്ഠാനങ്ങളും മന്ത്രോച്ചാരണവും നിറുത്തിയിട്ടു അവൻെറ കിങ്കരന്മാരിൽ ഏററം മല്ലന്മാ

രായ രണ്ടാളുകളെ കൈവിരൽകൊണ്ടു ആംഗ്യം കാണി ച്ചു സമീപത്തേക്ക വിളിച്ച് എൽസിയെ ചൂണ്ടിക്കാ ണിച്ചു. അയാളുടെ കണ്ണുകളിൽ നിന്നും പുറപ്പെട്ട വി ദ്വേഷത്തിൻെറ ജ്വാലകൾ അവളുടെ മുഖമൂടി തുളച്ചു അപ്പുറം കടന്ന് എൽസിയുടെ മുഖത്തെ ദഹിപ്പിക്കും എന്നുപോലും ആ നോട്ടം കണ്ടപ്പോൾ അവൾക്ക ഭയം തോന്നി. കംസൻ ഹരിയേയും ചൂണ്ടിക്കാണി ച്ച്, യോദ്ധാക്കൾക്ക എന്തോ നിദ്ദേശം നല്കി. യോ ദ്ധാക്കളിൽ ഒരുവൻ വേഗത്തിൽ നടന്നു എൽസിയു ടെ അടുക്കൽ എത്തി അവളെ കടുവാ പിടിക്കുന്ന കണ ക്കെ നിർദ്ദയം പിടിച്ചു അവളുടെ മുഖംമൂടി വലിച്ചുകീറി ദൂരത്തെറിഞ്ഞു. അവളെ വലിച്ചിഴച്ചു കാട്ടിലേക്ക കൊണ്ടുപോയി.

എൽസി തിരിഞ്ഞുനോക്കിയപ്പോൾ വേറെ രണ്ടു കിങ്കരന്മാർ ഹരിയെ പിടിച്ചുവലിച്ചു കൊണ്ടുപോയി ബലിക്കായി നിശ്ചയിക്കപ്പെട്ടിരുന്ന തടവുകാരനെ കെട്ടിയിട്ടിരുന്ന സ്ഥലത്തു കൊണ്ടുചെന്നു ഒരു കുററി യോടു ചേത്തു ബലമായി കെട്ടുന്നതു കണ്ടു. തുടന്നു ആദ്യം അവിടെ കെട്ടിയിട്ടിരുന്ന ആളിനെ ലക്ഷ്യമാ ക്കി ഏതാനും യോദ്ധാക്കൾ അമ്പു എയ്യുന്നതും അവ ലക്ഷ്യത്തിൽ ശരിക്ക തറച്ചതും എൽസി കണ്ടു മുറവിളി കൂട്ടി. യോദ്ധാവിൻെറ പിടിയിൽ നിന്നു രക്ഷപെ ടാൻ അയാളുടെ കൈകൾ തട്ടിമാററാൻ അവൾ സവ്വ ശക്തിയും പ്രയോഗിച്ചു. അവനാകട്ടെ അവളുടെ കൈയിൽനിന്നു വിട്ടിട്ടു മുടിയിൽ പിടിച്ചു നിർദ്ദയം വ ലിച്ചു കാട്ടിലേക്ക കൊണ്ടുപോകയും ചെയ്തു.

എൽസിക്ക ബോധം ഉണ്ടായപ്പോൾ അവൾ ഒരു കുടിലിൽ കിടക്കുകയാണു്. ധാരാളം തുകലുകളും മററും ചുററിലും തൂക്കിയിരിക്കുന്നതു കണ്ടപ്പോൾ തന്നെ അതു ഒരു സ്ഥാനം ഉള്ള ആളിൻെറ വസതിയാണെന്നു അ

വൾ അനുമാനിച്ചു. താൻ എവിടെയാണ് എന്നു മനസ്സിലാക്കാൻ ശ്രമിക്കയും ജേക്കബിൻെറയും ഹരിയുടെയും അനുഭവങ്ങൾ എന്തെല്ലാമായിരുന്നിരിക്കണം എന്നു ഓക്കുകയും ചെയ്യവെ, ആരൊ അവിടേക്കു കടന്നു ചെല്ലുന്നു എന്നു തോന്നി. സുബോധയാണെന്നോ, ഉണൎന്നെന്നോ ആഗതൻ ധരിക്കേണ്ട എന്നുവച്ചു എൽസി കണ്ണുകൾ മുക്കാൽ ഭാഗവും അടച്ചു പഴയപടി കിടന്നു.

കംസനാണ് അവിടെ കേറിച്ചെന്നതു് എന്നു കണ്ടപ്പോൾ എൽസി ഭയാക്രാന്തയായി. നിലവിളിക്കാതെയും സുബോധയാണെന്നു അയാൾ ധരിക്കാതെയും കഴിക്കത്തക്കവിധം നിശ്ചലയായിക്കിടക്കുന്നതിനു അവൾ വളരെ പണിപ്പെട്ടുതുടങ്ങി വന്നു. ഇതുവല്ലതു മുണ്ടോ ആ കാട്ടുമുട്ടാളനോടു പററാൻപോകുന്നു. കംസൻ കുനിഞ്ഞൊന്നു നോക്കി. എൽസിയുടെ രണ്ടു തോളിലും പിടിച്ചു ശക്തിയായി കുലുക്കിക്കൊണ്ടു അവളെ വിളിച്ചു ഉണൎത്താനാണ് പിന്നീടു ശ്രമിച്ചതു്. കുലുക്കുകയല്ല കുടയുകയാണ് ചെയ്തതെന്നു പറയുന്നതായിരിക്കും ശരി. അതുകൊണ്ടും ഫലമില്ലെന്നു കണ്ടപ്പോൾ അവൻ എൽസിയുടെ തലമുടിയിൽ രണ്ടു വശത്തും പിടിച്ചു അവളുടെ തലയും ഉടലും ഉയൎത്തി. ഭയംകൊണ്ടു ഹൃദയം തുള്ളുകയാണ്. എന്നിട്ടും അവൾ ഉണൎന്നില്ല. തലനാരിൽ പിടിച്ചു കംസൻ കുറെ കുടയുകയും ഉലയ്ക്കുകയും ചെയ്തു. ഫലമില്ലെന്നു കണ്ടപ്പോൾ പെട്ടെന്നു പിടിവിട്ടു. എൽസിയുടെ തല തുകൽ വിരിച്ചിട്ടുള്ള തറയിൽ ചെന്നടിച്ചു. അവൾ നിലവിളിച്ചു പോകുമായിരുന്നു. അത്ര അധികം വേദന ഉണ്ടാക്കി ആ വീഴ്ച. ഒരുതരത്തിൽ കടിച്ചുപിടിച്ചു നിലവിളിക്കാതെ കഴിച്ചു എന്നു പറഞ്ഞാൽ മതി.

കംസൻ തിരിഞ്ഞു കുഴലിൽകൂടി ഊതിവിടുന്ന ഒരു

ചെറിയ അമ്പു എടുക്കുന്നതും അതിൻെറ അഗ്രം വിഷ ദ്രാവകത്തിൽ മുക്കുന്നതും എൽസി കണ്ടു. ഇതേവരെ പിടിച്ചുനിന്ന ആ യുവതി ആ പരീക്ഷണത്തിൽ തോററുപോയി. ആ വിഷം അല്പം ദേഹത്തു കടന്നാൽ പിന്നെ ജീവച്ഛവമായി കഴിക്കേണ്ടിവരും എന്നു അവൾക്കു അറിയാമായിരുന്നു. ആ അറിവു അവളെ തോല്പിച്ചു. ഒന്നു ഞെട്ടി അവൾ പിമ്പോട്ടു അല്പം ഒന്നു വലിഞ്ഞു. അതു കണ്ട കംസൻ ഒരു സന്തോഷശബ്ദം പുറപ്പെടുവിച്ചുകൊണ്ടു തിരിഞ്ഞു എൽസിയെ വലിച്ചു എണീല്പിച്ചു. മാർ മറച്ചിരുന്ന വസ്ത്രം മാററി വിഷംതേച്ച അമ്പു അവളുടെ മാറിൽ തറച്ചുകയററാൻ കൈ ഉയർത്തി. അതാ കൈ താണുവരുന്നു. അടുത്ത നിമിഷത്തിൽ അവൾ യഥാർത്ഥത്തിൽ ബോധരഹിതയാവും—എന്നന്നേക്കുമായി തന്നെ.

എൽസിയുടെ കഥ കഴിക്കാൻ തീർച്ചപ്പെടുത്തിയ കംസൻ ആയുധം ആവളുടെ മാറിൽ തറച്ചു കയററുന്നതിനു കൈ താഴ്ത്തിയപ്പോൾ പിമ്പിൽ ഒരു പട്ടിയുടെ മുരമ്മൽ കേട്ടു. അവൻ പെട്ടെന്നു ആ വശത്തേക്കു തിരിയാൻ നിർബ്ബന്ധിതനായി. ജേക്കബു സുവർണ്ണ ഇൻകാ വിഗ്രഹം കക്ഷത്തിൽ വച്ചുകൊണ്ടു അവിടെ കേറി ചെല്ലുന്നു. പിമ്പിൽ സീസറും ഉണ്ടു്. ആ നായ് കടിക്കാൻ മുരമ്മികൊണ്ടു അടുത്തപ്പോൾ ഉണ്ടായ ശബ്ദം കേട്ടാണു കംസൻ തിരിഞ്ഞുനോക്കിയതു്.

താൻ ഭയങ്കരമായ മരണത്തിൽനിന്നു രക്ഷ പ്രാപിച്ചുവല്ലോ എന്നുള്ള ഓർമ്മയല്ല, ജേക്കബിനു അപകടം ഒന്നും സംഭവിച്ചില്ലല്ലോ എന്നുള്ള സന്തോഷ ചിന്തയാണു് എൽസിക്കു അപ്പോൾ ഉണ്ടായതു്. കംസൻ നരബലിക്കു ഒരുക്കി, നൃത്തരംഗത്തു കെട്ടിവച്ചു പ്രദർശിപ്പിച്ച ആൾ, അയാളുടെ അതൃപ്തിക്കു പാത്രമായ കിങ്കരന്മാരിൽ ആരോ ആയിരുന്നിരിക്കണം എന്നു എൽസി അനുമാനിച്ചു.

എൽസിയുടെ നഗ്നമാക്കപ്പെട്ട മാറിൽ അമ്പു തറച്ചു കേററി കൊല്ലാനാണ കംസൻ തുടങ്ങിയതെന്നു ജേക്കബിനു ക്ഷണത്തിൽ മനസ്സിലായി. അവൻ കടുവായെപോലെ അലറിക്കൊണ്ടു കംസനോടു അടുത്തു. കായബലംകൊണ്ടും യുദ്ധപരിശീലനം മൂലം ലഭിച്ചിരുന്ന വൈദഗ്ദ്ധ്യംകൊണ്ടും കംസനു, ജേക്കബിൻെറ അക്രമണത്തിൽനിന്നു രക്ഷപ്രാപിക്കാൻ ഒരു പ്രയാസവും ഉണ്ടായില്ല. അയാൾ ഒന്നു തടഞ്ഞു ഒന്നു തട്ടി, ജേക്കബു നിലംപതിച്ചു. കംസൻ പിൻമാറാനാണ ശ്രമിച്ചതു്. സീസറിനു അതു സമ്മതമായില്ല. അസാധാരണ വലുപ്പവും ശക്തിയും ഉണ്ടായിരുന്ന സീസർ കംസൻെറ കാലിനു ഇടയിൽകൂടി ഒന്നു പാഞ്ഞു. കാട്ടാളനേതാവിനു ഒരു വേച്ചൽ ഉണ്ടായി. ആ സമയം അയാളുടെ നെഞ്ചത്തു കൈവച്ചു കൊണ്ടു എണീററു കഴുത്തിൽ കടിക്കാൻ ശ്രമിച്ചു സീസർ. കംസൻ പിറകോട്ടു മറിഞ്ഞു. കഴുത്തിൽ കടിക്കുന്നതിനുള്ള ശ്രമം ഉപേക്ഷിച്ചിട്ടു അയാളുടെ നായകത്വത്തിൻെറ ചിഹ്നമായ വെള്ളമുടി സീസർ കടിച്ചെടുത്തു തകർത്തു. സീസറിൻെറ ശ്രദ്ധ അവിടേക്കു തിരിഞ്ഞ ക്ഷണത്തിൽ നെഞ്ചത്തു് ചവുട്ടിയിരുന്ന അതിൻെറ കാലുകൾ തട്ടിമറിച്ചു കംസൻ പുറത്തു ചാടി. സീസർ അയാളുടെ പുറകേ ചാടി. പക്ഷേ ജേക്കബ് പുറകോട്ടു വിളിച്ചതുകൊണ്ടു് സീസറിന് അവൻെറ ശത്രുവിനെ പിൻതുടരാൻ സാധിച്ചില്ല.

കാര്യങ്ങൾ എല്ലാം എൽസിയിൽ നിന്ന് മനസ്സിലാക്കിയ ജേക്കബ് പറഞ്ഞു, നമുക്കു ഒരു ഒററ രക്ഷാമാർഗ്ഗമെ ഞാൻ കാണുന്നുള്ളു. എൻെറ അച്ഛൻെറ തല, മുട്ടയുടെ വലുപ്പത്തിൽആക്കിവച്ചിരിക്കുന്ന തല, ആണല്ലോ കംസൻ അവൻെറ "രക്ഷ"യൊ "യന്ത്ര"മൊ ആയി കാണിച്ചു സാധുക്കളെ ഭയപ്പെടുത്തി പാട്ടിലാക്കി

യിരിക്കുന്നതു്. ഞാൻ ഇപ്പോൾ അവരുടെ മുമ്പിൽ ചെന്നാൽ, എൻെറ മുഖം കാണുമ്പോൾ അച്ഛൻ പുനർജ്ജീവിച്ചു എന്നു അവർ ധരിക്കുമെന്നതു നിശ്ചയമാണ്. അതു പററിയാൽ പററിയതു തന്നെയാണു്......'

ജേക്കബ്ബ് പറഞ്ഞതു ശരിയാണെന്നു എൽസിക്കു ബോദ്ധ്യമായി എങ്കിലും, കലികേറിയ ആ കാട്ടാളപരിഷയുടെ മദ്ധ്യത്തിലേക്കു പോകാൻ അവൾക്കു വലിയ ഭയം തോന്നി. മററു മാർഗ്ഗം ഒന്നും കാണാഴികയാൽ അവൾ ജേക്കബ്ബും ഒരുമിച്ചു നൃത്തരംഗത്തേക്കു പുറപ്പെട്ടു. സമരരംഗത്തേക്കു വിഗ്രഹംകൂടെ കൊണ്ടുപോകുന്നതു അബദ്ധമാണു്. പിന്നെ എന്തു ചെയ്യണം? അവർ അല്പം പരുങ്ങി. ഹരിയെ രക്ഷിക്കണം. വിഗ്രഹവും വേണം. ഒടുവിൽ, കംസൻെറ ആ ഉറക്കറയിൽ തന്നെ വച്ചിട്ടു പോകാം, അയാൾ ഉടൻ മടങ്ങിവരുകയില്ല, മററാരും അവിടെ കാൽ കുത്തുകയില്ല, എന്നുവച്ചു വിഗ്രഹം അവിടെ വച്ചിട്ടാണു് അവർ പുറപ്പെട്ടതു്.

കാട്ടാളയോദ്ധാക്കൾ ഹരിയെ ബലി കഴിക്കാനുള്ള ഒരുക്കങ്ങൾ പൂർത്തി ആക്കിക്കൊണ്ടിരുന്നതിനാൽ, എൽസിയും ജേക്കബ്ബും അവിടെ ചെന്നതു അവർ കണ്ടില്ല. ജേക്കബ്ബു ശബ്ദം ഉണ്ടാക്കി അവരുടെ ശ്രദ്ധ ആകർഷിച്ചു. ഹരിയുടെ ചുററിലും കൂടിയിരുന്നവർ, ജേക്കബ്ബിനെ കണ്ടു പരിഭ്രാന്തരായി. കണ്ണും വായും തുറന്നു അയാളെ നോക്കിക്കൊണ്ടു നില്ക്കുന്നതിനല്ലാതെ, കുറെ സമയത്തേക്കു, വേറൊന്നിനും അവക്കു ശക്തി ഉണ്ടായിരുന്നില്ല.

ജേക്കബ്ബിൻെറ അച്ഛൻെറ തലയെ വിലമതിക്കാൻ പാടില്ലാത്ത ഒരു വിശുദ്ധ സാധനമായിട്ടാണു അവരെല്ലാവരും കംസൻ ധരിപ്പിച്ചതനുസരിച്ചു്

വിശ്വസിച്ചിരുന്നത്. അയാൾ പുനർജ്ജന്മം സ്വീകരിച്ചു പ്രത്യക്ഷപ്പെട്ടപ്പോൾ അത്ഭുതപാരവശ്യം മൂലം സ്തംഭിതരായതിൽ വീരപരാക്രമികളായ ആ യോദ്ധാക്കളെ കുററപ്പെടുത്താനുണ്ടോ?

അവർ എല്ലാവരും ജേക്കബിന്റെ മുമ്പിൽ കമഴ്ന്നടിച്ചു വീണ് അയാളെ നമസ്കരിക്കയാണ് പിന്നെ ചെയ്തതു.

രക്ഷപെടുന്നതിനുള്ള അവസരം ഇതുതന്നെ. ജേക്കബ്ബ് ഹരിയെ ബന്ധിച്ചിരുന്ന വള്ളികൾ മുറിച്ചു, മൂവരും, സീസറും കൂടി ഓടി. അവർ എൽസിയെ കംസൻ ദ്രോഹിക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന കുടിലിൽ എത്തി ഇൻകാ വിഗ്രഹം എടുത്തു. ഒരു മിനിററില്ല നഷ്ടപ്പെടുത്താൻ. അത്ഭുതംകൊണ്ടും, ഭയംകൊണ്ടും, മതപരമായ വിശ്വാസംകൊണ്ടും, സർവ്വവും മറന്നുപോകുന്ന ഒരു നിലയാണ് കലിയിളകിയിരുന്ന കാട്ടാളന്മാർക്കു ജേക്കബിന്റെ ആഗമനം മൂലം ഉണ്ടായതു്. ഈ വിവിധ കാരണങ്ങൾകൊണ്ടും വിവിധ വികാരങ്ങളുടെ സമ്മർദ്ദംകൊണ്ടും ഒരു തരം സുഷുപ്ത്യാവസ്ഥയിൽ ആയിരിക്കുന്ന കാട്ടാളന്മാർ അതിവേഗം ഉണരുമെന്നും, ജേക്കബിനു അറിയാമായിരുന്നു. പോരെങ്കിൽ ഹരി ആ വിവരം തുടരെത്തുടരെ പറഞ്ഞുകൊണ്ടുമിരുന്നു. അവിടെ നിന്നു സഹോദരനേയും എൽസിയേയും കൊണ്ടു എത്രയും വേഗം കടക്കണമെന്നേ ഹരിക്കുണ്ടായിരുന്നുള്ളു. ജേക്കബിനാകട്ടെ, അനേക വഷ്ക്കാലത്തെ ആലോചനയും തക്കങ്ങളും നടത്തുകയും, വർണ്ണനാതീതമായ കഷ്ടപ്പാടുകളും നഷ്ടങ്ങളും സഹിക്കയും ചെയ്തു് കൈവശപ്പെടുത്തിയ ഇൻകാ വിഗ്രഹം കൊണ്ടുപോകയും കൂടിചെയ്യേണ്ടിയിരുന്നു. കാട്ടാളന്മാർ പിന്നാലെ വരുമ്പോൾ അവരെ എതിരിടാൻ

എൽസിയെക്കൊണ്ടു സാധിക്കയില്ല. ഹരിക്കു അവ രുടെ നേതാവിൻെറ അമാനുഷികശക്തിയെ ഭയവുമാണ്. പിന്നെ ബാക്കി ഉള്ളതു ജേക്കബ്ബ് മാത്രമാണ്. അയാൾ വിഗ്രഹവും വഹിച്ചുകൊണ്ടു ഓടുകയും അതേ സമയം തന്നെ കാട്ടാളന്മാരുമായി സമരം നടത്തുകയും ചെയ്യുന്നതു എങ്ങനെയാണ്? എൽസിക്കു വിഗ്രഹം വഹിച്ചുകൊണ്ടു ഓടാൻ ശക്തി ഇല്ല. ഹരിക്കു അതിന്മേൽ തൊടാൻ ധൈര്യവും ഇല്ല. ഇതായിരുന്നു ജേക്കബ്ബിനെ കുഴക്കിയതു്. ഏതായാലും അവിടെനിന്നു പുറപ്പെടാം. പിന്നെ ഉണ്ടാകുന്ന കുഴപ്പങ്ങൾക്കു അപ്പോൾ പരിഹാരം ഉണ്ടാകും, ഉണ്ടാക്കാം എന്നു ഉറച്ച് ജേക്കബ്ബ് വിഗ്രഹം എടുത്തു തോളിൽ വെച്ചുകൊണ്ടു ഓടി. എൽസി പിമ്പെ. അതിനു പുറകിൽ ഹരിയും.

ഓടാൻ തുടങ്ങുന്നതിനു മുമ്പുതന്നെ, വിഗ്രഹം എടുക്കേണ്ടാ എന്നു ഹരി അഭിപ്രായപ്പെട്ടു. അവനു ആ വിഗ്രഹത്തെ ഭയവും അതിനോടു എന്തെന്നില്ലാത്ത സ്നേഹവും ഉണ്ടു്. ജേക്കബ്ബ് അതു കൊണ്ടുപോകുന്നതിൽ നല്ല സന്തോഷവും ഇല്ല. എന്നാൽ അയാളെ സ്വന്തം "സഹോദരൻ" ആയി സ്വീകരിച്ചുപോയതുകൊണ്ടു തടസ്സപ്പെടുത്താൻ അവൻെറ സംസ്കാരം അനുവദിച്ചുമില്ല. അവർ ഒരു മല കേറി മറുവശത്തിറങ്ങി. കാട്ടാളന്മാരുടെ അനക്കം ഒന്നുമില്ല.

എവിടുടക്കാണു് പോകേണ്ടതു്, ഏതു വഴി പോയാൽ രക്ഷപ്രാപിക്കാം എന്നു ജേക്കബ്ബിനും എൽസിക്കും നിശ്ചയമില്ല. ഹരി പിമ്പിൽനിന്നു കൊടുത്തുകൊണ്ടിരുന്ന നിർദ്ദേശം അനുസരിച്ച് അവർ നടക്കുന്നു എന്നേയുള്ളു. ആ മലയുടെ താഴ്വരയിൽ എത്തിയപ്പോൾ, ഹരി മുമ്പിൽ നടക്കണം എന്നും, പിമ്പിൽനിന്നു വഴി പറഞ്ഞുകൊടുക്കുന്നതിൽ സൌകര്യം അതായി

രിക്കമെന്നും എൽസി അഭിപ്രായപ്പെട്ടു. അതനുസരിച്ചു ഹരി മുമ്പിൽ കയറി. എൽസിയെ ഒരു തുണയുമില്ലാതെ പിമ്പിൽ വിടാൻ ജേക്കബിനു സന്തോഷമില്ലാതിരുന്നതുകൊണ്ടു, അയാൾ പിമ്പിലും എൽസി നടുവിലും, ഹരി വഴികാട്ടിയായി മുമ്പിലും നടക്കുകയാണു്. അതേ നടക്കുകയാണു്. ഹരിക്കു അപ്പോഴും ഓടാൻ കഴിയും. എൽസിക്കും കുറെ ഒക്കെ ഓടാമെന്നുണ്ടു്. വിഗ്രഹവും വഹിച്ചുകൊണ്ടു കുറെ ഓടിയപ്പോൾ ജേക്കബ് ക്ഷീണിച്ചതുകൊണ്ടാണു് ഇപ്പോൾ ഓട്ടം ഉപേക്ഷിച്ചു നടപ്പുകൊണ്ടു് തൃപ്തിപ്പെടുന്നതു്.

അവർ പിന്നെയും ഒരു മലകൂടി കേറി ഇറങ്ങി. അപ്പോൾ ജേക്കബു ചോദിച്ചു "നാം എവിടേക്കാണു് പോകുന്നതു? ഗ്രാമത്തിൽ എങ്ങനെ എത്തിച്ചേരുമെന്നാണു? ഈ പ്രദേശം ഒക്കെ ഹരിക്കു അറിയാമോ?"

ഹരി. "ഇവിടമെല്ലാം അറിയാം. ഒരു മല കൂടി കഴിഞ്ഞാൽ പുഴവക്കത്തു എത്താം. അവിടെ കംസന്റെ തോണി കാണും. അതിൽ കേറി രക്ഷപെടാമെന്നാണു്."

ജേക്കബ്. "കംസന്റെ തോണിയോ?"

ഹരി. "അതെ, അയാളുടെ ആധീനത്തിലാണു ഈ പ്രദേശങ്ങൾ എല്ലാം. എപ്പോൾ എവിടേക്കു പോകണമെന്നു തോന്നിയാലും പോകുന്നതിനുള്ള സൌകര്യങ്ങൾ എല്ലാം എല്ലായിടത്തും ഏപ്പെടുത്തിയിട്ടുണ്ടു."

ജേക്കബ്. "അപ്രതീക്ഷിത സമയങ്ങളിൽ ഓരോ ദിക്കിൽ എത്തി സാധുക്കളെ ദണ്ഡിപ്പിക്കയോ ദ്രോഹിക്കയോ ചെയ്തു സർവ്വശക്തൻ എന്ന സ്ഥാനം സ്ഥാപിക്കാൻ അതൊക്കെ ആവശ്യമാണല്ലോ."

കംസനു അമാനുഷിക ശക്തി ഉണ്ടെന്നു ഭയപ്പെട്ടിരുന്ന ഹരി ഇതിനു മറുപടി ഒന്നും പറയാതെ അതിവേഗം നടക്കുകയാണു്. അപ്പോൾ അവരുടെ മുൻ

ഭാഗത്തു അല്പദൂരത്തിൽ കാട്ടു അനങ്ങുന്നതു കണ്ടു. താമസിയാതെ തന്നെ ഒരു കരടി പ്രത്യക്ഷപ്പെടുകയും ചെയ്തു. യാത്രക്കാരെ കണ്ടിട്ടു അതു ഓടിപ്പോകുന്നതിനല്ല ഭാവം. കരടിയെ ഭയപ്പെടുത്തി ഓടിക്കുന്നതിനു സാധാരണ പ്രയോഗിക്കാവുള്ള ചില സൂത്രങ്ങൾ എല്ലാം പ്രയോഗിച്ചുനോക്കി, ഫലിച്ചില്ല. എന്നു മാത്രമല്ല, ആ ജന്തു ഇരുകാലിൽ എണീററു അവരുടെ അടുക്കലേക്കു അടുക്കുകയും ചെയ്തു തുടങ്ങി. അടുത്തു വരുന്നതുവരെ അതിനെ ഭയപ്പെടുത്തിപിന്തിരിക്കാൻ ശബ്ദങ്ങൾ പുറപ്പെടുവിക്കയും മററും ചെയ്തുനോക്കിയിട്ടു ഫലിക്കാതെ [illegible]നപ്പോൾ ഹരിക്കു സംശയമായി. അവൻ കരടിയുടെ മുഖത്തു നിന്നു കണ്ണു മാററാതെ ജേക്കബിനോടു ചോദിച്ചു. "ഇതു കംസൻെറ കരടി ആയിരിക്കുമോ? അതോ ദേവൻ തന്നെ അയച്ചതായിരിക്കുമോ?"

ജേക്കബ്. "കംസൻേറതുമല്ല, ദേവൻേറതുമല്ല ആ ജന്തു നമ്മെ കണ്ടു ഭയന്നതായിരിക്കണം."

കംസൻേറതുമല്ല, ദേവൻേറതുമല്ല എന്നു ജേക്കബു പറഞ്ഞതു തെററായിരിക്കുമെന്നു ഹരിക്കു തോന്നി. അതുപോലെ തന്നെ തെററാണു, അതു ഭയപ്പെട്ടിട്ടാണു അവരോടു അടുക്കുന്നതെന്നു പറഞ്ഞതും എന്നവൻ വിശ്വസിച്ചു. ജേക്കബിൻെറ അഭിപ്രായത്തെ എതൃക്കുന്നതിനു ഇഷ്ടമില്ലാതിരുന്നതുകൊണ്ടു എതിരു പറയാതെ "ഏതായാലും ദേവൻെറ വിഗ്രഹം കൊണ്ടുപോകേണ്ടാ എന്നു വയ്ക്കാമോ" എന്നു ചോദിച്ചു.

ബുദ്ധിമാനായ സീസറിനു ഒരു കുലുക്കവുമില്ല. അവൻ എൽസിയെ രക്ഷിക്കാൻ ഒരുങ്ങി അവളുടെ സമീപത്തു നില്ക്കുകയാണു. ഒന്നു കുരയ്ക്കുകയോ മുരമുകയോ പോലും ചെയ്യുന്നില്ല. ഈ സമയമെല്ലാം ഹരിയും കരടിയും രണ്ടു ഗുസ്തിക്കാരെപ്പോലെ തക്കം നോക്കി നില്ക്കുകയാണു. ഹരി എന്തിനും ഒരുങ്ങി എ

ന്നുള്ള ഭാവത്തിൽ അവൻ അടുത്തുവന്നിട്ടും കൂസലില്ലാതെ, ഭിക്ഷണിചൊരിഞ്ഞുകൊണ്ടു നില്ക്കുന്നതു കണ്ടപ്പോൾ കരടിയും മുമ്പോട്ടു നീങ്ങാൻ ശ്രമിക്കാതെ നില ഉറപ്പിക്കയാണുണ്ടായതു്. ഹരിയുടെ, വിഗ്രഹത്തെ ഉപേക്ഷിക്കാമൊ എന്നുള്ള ചോദ്യം ആലോചനാപോലും അർഹിക്കുന്നില്ലെന്നു തോന്നിയ ജേക്കബ് പറഞ്ഞു, “ഹരി അങ്ങനെതന്നെ അവിടെ നിന്നുകൊള്ളണം. ഞാൻ അങ്ങോട്ടുവന്നു് കരടിയെ വെടിവയ്ക്കാം.”

ഹരി. “അതു ഏതായാലും വേണ്ട. ഒരു വെടിക്കു് അതു ചത്തു വീഴുകയില്ല. ചാകാതിരുന്നാൽ നമ്മുടെ മൂന്നാളുകളുടെയും കഥ അവൻ കഴിക്കും. ഞാൻ ഒരു പണികൂടി നോക്കട്ടെ.”

ഹരി, ജേക്കബ് അവനു കൊടുത്ത ഒരു നല്ല കത്തിയും ഓങ്ങിക്കൊണ്ടു ഒരു ചുവടു മുമ്പോട്ടുവച്ചിട്ടു് കരടിയോടു പറഞ്ഞു, “എല്ലാംകൊണ്ടും നന്നു് നീ വഴിമാറിത്തരുകയാണു്. ഞങ്ങൾക്കു കടന്നു പോകാതെ നിവൃത്തിയൊന്നുമില്ല. മാറണം.” ഹരി ഒരു ചുവടു മുമ്പോട്ടുവച്ചതിനൊപ്പം ഒരു ചുവടുവച്ച കരടി ഇതുകേട്ടപ്പോൾ അവിടെ നിന്നു. ഹരി പിന്നെയും പിന്നെയും ആ വാചകം തന്നെ ഉരുവിട്ട ശേഷം ഒരടികൂടി മുമ്പോട്ടുവച്ചു. കരടി അവനെ അനുകരിച്ചില്ല. ഹരി പിന്നെയും ഒരു മന്ത്രംകണക്കെ ആ വാചകം ഉരുവിടുകയും അതോടുകൂടി, “അടുത്തുകൂടിയാൽ ഞാൻ നിന്നെ കൊല്ലും. നിനക്കു എന്നെ മുറിപ്പെടുത്താനെ പററുകയുള്ളു” എന്നു ചേർത്തു ഉരുവിടാനും അല്പാല്പമായി മുമ്പോട്ടു നീങ്ങാനും തുടങ്ങി. കരടി പരുങ്ങുന്നതുപോലെ തോന്നി. അതു കണ്ടപ്പോൾ ഹരിക്കു ചുണ വർദ്ധിച്ചു. മന്ത്രോച്ചാരണത്തിന്റെ വേഗതയും ശക്തിയും വർദ്ധിപ്പിച്ചുകൊണ്ടു് അവൻ കുറേശ്ശ മുൻപോട്ടു നീങ്ങി. കരടിയും ഹരിയും തമ്മിൽ ഇനി ഒരു പത്തുപന്ത്രണ്ടു അടിയിൽ കൂടുതൽ അകലമില്ല.

ഹരിയുടെ മന്ത്രം ഫലിച്ചു. കരടി ഒരു ചുവടു് പുറകോട്ടുവച്ചു. അതു കണ്ട ക്ഷണത്തിൽ ഹരി രണ്ടു ചുവടു വച്ചു. കരടി തിരിഞ്ഞു് ഗൗരവം വെടിയാതെ നടന്നു് ഒരു കാട്ടിൽ മറഞ്ഞു. ഹരി ജേക്കബിനോടു്, "എന്റെ അമ്മാവൻ ചെറുപ്പത്തിൽ പഠിപ്പിച്ച ഒരു വിദ്യയാണു്. ഫലിക്കുമോ എന്നു ഇതിനു മുമ്പു ഞാൻ പരീക്ഷിച്ചിട്ടില്ലായിരുന്നു. കംസനും അനുയായികളും ഇപ്പോൾ വരും. നമുക്കു വേഗം നടക്കണം."

കരടിയും ഹരിയും കൂടി അഭിനയിച്ച നാടകം എൽസിയുടെ രക്തം കട്ടയാക്കി എങ്കിലും അവൾ ഒരു വാക്കെങ്കിലും പറയുകയൊ എന്തെങ്കിലും ശബ്ദം പുറപ്പെടുവിക്കയോ ചെയ്തില്ല. നമുക്കു വേഗം നടക്കാം എന്നു ഹരി പറയുന്നതു കേട്ടു് എൽസി ഉണർന്നതുപോലെ അവൾക്കുതന്നെ തോന്നി.

അവർ അതിവേഗം നടന്നു. ഒരു മലയുടെ മുകളിൽ എത്തി പുറകോട്ടു നോക്കിയപ്പോൾ, പുറകിൽ ഒരു മലയുടെ മുകളിൽ എന്തോ ഒരു ചലനം ഹരി കണ്ടു. ജേക്കബും എൽസിയും ഒന്നും കണ്ടില്ല. കംസകിങ്കരന്മാർ എത്തിക്കഴിഞ്ഞു എന്നു വ്യക്തമായപ്പോൾ, ഇനി ഓടിയെങ്കിൽ അല്ലാതെ രക്ഷപ്പെടാൻ സാധിക്കയില്ലെന്നു അവൻ ജേക്കബിനേയും എൽസിയേയും ധരിപ്പിച്ചു. അവർ ഓടുവാനും തുടങ്ങി. മൂന്നുനാലു നാഴിക ഓടിയപ്പോളാണു് അവർ പുഴക്കടവത്തു എത്തിയതു്. പ്രതീക്ഷിച്ചതുപോലെ തോണി തയ്യാറുണ്ടു്. തോണിക്കാരനും ഉണ്ടു് ഒരുവൻ. അവൻ സുഖമായ ഉറക്കത്തിലാണു്. ഹരി ശബ്ദം ഉണ്ടാക്കാതെ നടന്നു പുഴവക്കിൽ എത്തി. ഒരു ചാട്ടം. തോണിയിൽ, തോണിക്കാരന്റെ നെഞ്ചത്തു്. അവൻ ഉരുണ്ടു് എണീക്കാൻ ശ്രമിച്ചു എന്നു തോന്നുന്നു. സമയം ഒട്ടും നഷ്ടപ്പെടുത്തിയില്ല ഹരി. തോണിക്കാരൻ നദിയിൽ പതിച്ചു.

എൽസിയും ജേക്കബ്ബും വേഗം തോണിയിൽ കേറാൻ ഹരി ആംഗ്യം കാണിച്ചു. അവർ രണ്ടാളും, അവരുടെ പുറകെ സീസറും തോണിയിൽ കേറി. ഇൻകാ വിഗ്രഹവും ഉണ്ട്. തോണി കരയിൽ നിന്നു നീക്കിയപ്പോൾ ഒരു അമ്പ് അവരുടെ തലയ്ക്കുമീതെ കൂടി വന്നു നദിയിൽ പതിച്ചു. അതിൻെറ പുറകെ പുറകെ അമ്പുകൾ പറന്നു പറന്നു വന്നുകൊണ്ടിരുന്നു.

വർഷിച്ചുകൊണ്ടിരുന്ന ശരത്തിൽനിന്നു രക്ഷപ്പെടുന്നതിന് ജേക്കബ്ബ് തോണിയിൽ കുനിഞ്ഞിരുന്നുകൊണ്ടാണ് തുഴഞ്ഞത്. എൽസി വള്ളത്തിൽ കിടന്നുകൊള്ളുന്നതിന് അയാൾ നല്കിയ ആജ്ഞ അവൾ അനുസരിക്കാതെ, ജേക്കബ്ബിനെ പോലെ തന്നെ വള്ളത്തിൽ താണു കുനിഞ്ഞിരുന്നു അമരം പിടിക്കുകയാണ്. ഹരി ഇതൊന്നും അറിയാത്ത ഭാവത്തിൽ യാതൊരു ക്ഷോഭവും കൂടാതെ തുഴയുന്നു. തലകൊയ്ത്തുകാരുടെ പോരാട്ടഹാസം കേട്ട് ആ ശബ്ദം പുറപ്പെടുന്ന ഭാഗത്തേക്കു നോക്കി കുരയ്ക്കുകയാണു സീസർ. ഇൻകാ വിഗ്രഹം മാത്രം ഒന്നും അറിയാത്ത മട്ടിൽ സുഖനിദ്ര ചെയ്യുന്നു. ഉറങ്ങുകയാണൊ? ഒന്നും അറിയുന്നില്ലേ! എന്തൊ, സംശയിക്കാൻ ന്യായമുണ്ട്. തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന, തുറന്ന ആ കണ്ണുകളിലും മുഖത്തും ഒരു ഇളംപുഞ്ചിരിയുടെ ലാഞ്ഛന കാണുന്നു. അത് ജേക്കബ്ബും എൽസിയും കാണുന്നും അറിയുന്നുമില്ല എന്നൊരു ആശ്വാസമുണ്ട്.

രണ്ടാൾക്കു മാത്രം ഉദ്ദേശിച്ചിട്ടുള്ള ഒരു ചെറുതോണിയാണ് അവർക്കു കിട്ടിയത്. അതിൽ രണ്ടാളുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു എങ്കിൽ വേഗത്തിൽ വലിച്ചു വിടാമായിരുന്നു. ഹരിയുണ്ട് മൂന്നാമതായി. നാലാമൻ സീസർ നല്ല ഒരു തടിയനാണ്. ഒരാളുടെ ഭാരം ഇല്ലെങ്കിലും അതിനടുത്തുവരും. അതുപോരെങ്കിൽ

അഞ്ചാമൻ ഇൻകാവിഗ്രഹവും ഉണ്ടു് തോണിയിൽ. ഈ ഭാരം എല്ലാം വഹിച്ചുകൊണ്ടു വെള്ളത്തിൽ താഴാതെ ആ തോണി വേഗത്തിൽ കൊണ്ടുപോകയെന്നുള്ളതു് അസാദ്ധ്യംതന്നെയാണെന്നു അമരം പിടിച്ചിരുന്ന എൽസിക്കു വേഗത്തിൽ മനസ്സിലായി. അതുകൊണ്ടാണു തോണി മുങ്ങാഞ്ഞിരുന്നതു എന്നും സമ്മതിക്കണം.

കംസനും പരിവാരങ്ങളും അടുത്തടുത്തുവരുന്നു എന്നു അവരുടെ അട്ടഹാസം കേട്ടാലറിയാം.

എൽസി പറഞ്ഞു, "നമുക്കു എല്ലാവക്കും കൂടി ഈ തോണിയിൽപോയി രക്ഷപെടാൻ സാധിക്കയില്ല. ഹരിയും സീസറും കരയിൽ ഇറങ്ങി മുമ്പോട്ടു പോകട്ടെ. തമ്മിൽ സന്ധിക്കാൻ പ്രയാസം വരാനില്ല. ഹരിക്കു് ഈ പ്രദേശമെല്ലാം നന്നായി അറിയാം."

ഹരിയേയും സീസറിനേയും കരയിൽ ഇറക്കിവിട്ടതു് ശരിയാണൊ എന്നു ജേക്കബിനു സംശയം തോന്നി. അല്പം കൂടി ആലോചിച്ചപ്പോഴാണു് അങ്ങനെ ചെയ്യുന്ന പക്ഷം അവർ രണ്ടാളും — ഹരിയും സീസറും —രക്ഷപെടാൻ കുറെക്കൂടി എളുപ്പം ഉണ്ടാകുമെന്നു ബോദ്ധ്യമായതു്. അവർ തോണിയിൽ നിന്നു ഇറങ്ങിയാൽ അതു കുറെക്കൂടി വേഗത്തിൽ തുഴഞ്ഞു വിട്ടു തങ്ങൾക്കും രക്ഷപെടാൻ സാധിച്ചേക്കാം എന്നും അയാൾക്കു തോന്നി. ആ കാട്ടാളക്കൂട്ടത്തിന്റെ അട്ടഹാസം! നിമിഷംപ്രതി അവർ അടുത്തടുത്തുവരുകയാണു്. തോണി അവക്കു കാണാറായി എന്നു വിജയചരായ കലൻന്ന അവരുടെ ആപ്പുവിളി തെളിയിച്ചു. അവർ ശരവർഷം നിറുത്തി. ജേക്കബിന്റെ തലയ്ക്കും മുഖത്തിനും യാതൊരു കേടുംകൂടാതെ പിടിപ്പെട്ടുകുക എന്നുള്ളതാണു് അവരുടെ ലാക്കു് എന്നു അതു തെളിയിച്ചു.

എൽസി തോണി കരയിലേക്കു അടുപ്പിച്ചു. ഒരു ആറടി അടുത്തപ്പോഴേക്കു ഹരി കരയിലേക്കു ചാടി.

ആജ്ഞാനുസരണം സീസറും അയാളെ അനുഗമിച്ചു. ഹരിയുടെയും സീസറിൻെറയും ചാട്ടംകൊണ്ടു വല്ലാതെ ഇളകിയ തോണി നേരെയാക്കി പുഴയുടെ മദ്ധ്യത്തിലേക്കു വീണ്ടും നീക്കുന്നതിനു എൽസി ശ്രമിക്കുന്നു. അപ്പോൾ കംസൻ കാട്ടിനിടയിൽനിന്നു പെട്ടെന്നു പ്രത്യക്ഷപ്പെട്ടു തോണിയിലേക്കു ചാടി. അയാളുടെ ലക്ഷ്യം പിഴച്ചില്ല. ആ തടിമാടൻ അത്ര ദൂരത്തുനിന്നു ചാടിക്കേറിയിട്ടും തോണി മറിഞ്ഞില്ല. അയാളുടെ മെയ്യായം എത്രമാത്രമെന്നു നോക്കുക.

തോണിയിൽ ചാടിവീണ ക്ഷണത്തിൽ അവൻ ജേക്കബിനെ കടന്നുപിടിക്കുകയാണു ചെയ്തത്. ജീവിതമരണസമരമാണ് അതെന്നു ശരിക്കറിയാമായിരുന്ന ജേക്കബ് അവൻെറ സകല കഴിവുകളും എടുത്തു പ്രയോഗിച്ചു എന്നു പറയേണ്ടതില്ലല്ലോ. ആ ചെറു തോണിയിൽ കിടന്നു ആ മല്ലന്മാർ മല്ലയുദ്ധം നടത്തിയപ്പോൾ അതു മറിയാതെ രക്ഷിക്കാൻ എൽസി പെട്ട പാട് അവൾക്കുനിയമെന്നു മാത്രമെ പറയാനുള്ളു. രണ്ടു മനുഷ്യർ തമ്മിലാണൊ സമരം? പ്രതിയോഗിയെ തകർക്കാൻ സർവ്വ കഴിവുകളും രണ്ടാളും പ്രയോഗിക്കുന്നു. രണ്ടാളുടെയും മൃഗീയമായ വികാരങ്ങൾ ഉച്ചകോടിയിൽ എത്തിക്കഴിഞ്ഞു. ബുദ്ധിസാമർത്ഥ്യം കൊണ്ടല്ലാതെ ശരീരശക്തികൊണ്ടു കാട്ടാളനായ കംസനെ വെല്ലാൻ സാധിക്കയില്ലെന്നു നിശ്ചയമുണ്ടായിരുന്നതിനാൽ ജേക്കബ് ക്ഷോഭവും വികാരങ്ങളും ആവുന്നത്ര അടക്കി തന്ത്രപ്രയോഗത്തിനു അവസരം നോക്കുകയാണ്. അതാ തോണി മറിയുന്നു! ഇല്ല, എൽസിയുടെ സമർത്ഥമായ വാട്ടം പിടുത്തംകൊണ്ടു അപകടം കൂടാതെ കഴിഞ്ഞു. അതാ വീണ്ടും മറുപശുത്തേക്കു തോണി മറിയുന്നു. ഇത്തവണ എൽസിയുടെ "വാട്ടംപിടുത്തം" ഫലിക്കുന്നില്ല. തോണിയിൽ വെള്ളം കേറിത്തുടങ്ങി. അപ്പോ

ഴാണ് മല്ലന്മാരായ ആ മല്ലയുദ്ധക്കാരുടെ പിടുത്തത്തിൽ മാററം എന്തോ ഉണ്ടായത്. അതോടെ തോണി നേരെയായി. എൽസിയെ കംസൻ കൊല്ലുകയില്ലെന്നു അറിയാമായിരുന്നതുകൊണ്ട് അവളെ തോണിയിൽ വിട്ടിട്ടു പോകാൻ നോക്കിയാൽ എന്താണെന്നു ജേക്കബ്ബ് ചിന്തിച്ചു. വലിയ അബദ്ധം ഇല്ലെന്നും തല്ക്കാലം രക്ഷപ്രാപിച്ചാൽ, പിന്നീടു മടങ്ങി എത്തി എൽസിയെ രക്ഷിച്ചുകൊണ്ടു പോകാം എന്നും ജേക്കബ്ബും ആലോചിച്ചു. താൻ രക്ഷപ്പെട്ടുകൊള്ളാം, തോണി മറിയാതെ സൂക്ഷിച്ചുകൊള്ളണം എന്നു ജേക്കബ്ബ് മല്ലയുദ്ധത്തിനിടയിൽ എൽസിയോടു വിളിച്ചു പറഞ്ഞു.

"അയ്യൊ, അരുതേ. പിരണമത്സ്യങ്ങൾ തോണിയുടെ ചുററിലും കൂടിയിരിക്കുന്നു. വെള്ളത്തിൽ ചാടിയാൽ അഞ്ചുനിമിഷങ്ങൾക്കുള്ളിൽ അവ....'' എന്നായിരുന്നു എൽസിയുടെ മറുപടി.

കംസനുമായി ഏററുമുട്ടി ഒരു തീരുമാനം ഉണ്ടാക്കുകയേ ഇനി ജേക്കബ്ബിനു മാർഗ്ഗമുള്ളല്ലോ. അടുത്ത പിടി കംസനു വളരെ സൗകര്യമായിത്തന്നെ കിട്ടി. ജേക്കബ്ബിൻെറ കുരവള്ളി ആ മല്ലൻെറ പിടിയിൽ പെട്ടുപോയി. രണ്ടു കൈകളും കൂട്ടിപ്പിടിച്ചു അമർത്തുകയാണ്. കൈകൾ പിടിച്ചു മാററാൻ ജേക്കബ്ബ് ചെയ്ത ശ്രമം എല്ലാം വിഫലമായി. അകപ്പെട്ടു എന്നു അവൻ തീർച്ചപ്പെടുത്തി. ശ്വാസം കഴിക്കാൻ പ്രയാസം. മരണവേദനയും ജീവിതമോഹവും ജേക്കബ്ബിനു നല്കിയ ശക്തി എല്ലാം അവൻെറ കാലിലുലക്കു കടന്നു. കുനിഞ്ഞു കിടന്ന് അവൻെറ കഴുത്തിൽ ഞെക്കിക്കൊണ്ടിരുന്ന കംസൻ പ്രതീക്ഷിച്ചിരുന്നില്ല ആ കാൽ പ്രയോഗം. ഒരു ചവിട്ട്. ജേക്കബ്ബിൻെറ ജീവിതമോഹവും മരണവേദനയും അതിൽ കേന്ദ്രീകരിച്ചിരുന്നു. ജേക്കബ്ബിൻെറ പാദം കംസൻെറ വയററിന്മേൽ പതിച്ചതോടെ

കംസൻെറ കൈകൾ നിർബ്ബലങ്ങളായി, അവൻ പൊങ്ങി പറന്നു നദിയിൽ പതിച്ചു, താണു.

അവൻ വെള്ളത്തിനടിയിൽ നിന്നു ഉയൎന്നുവന്നപ്പോഴേക്കു പിരണമത്സ്യങ്ങൾ മൂക്കും ഒരു കണ്ണും കടിച്ചുപറിച്ചു തിന്നു കഴിഞ്ഞിരുന്നു. കംസൻെറ മന്ത്രവാദത്തെയും വീരപരാക്രമങ്ങളെയു[illegible] ഒന്നും ആ മത്സ്യങ്ങൾക്കു അശേഷം ഭയമില്ലെന്നും അവയെ തടഞ്ഞുനിറുത്തുകയില്ലെന്നും തെളിഞ്ഞു. ജേക്കബ്ബ് ശ്വാസം നേരെയാകാൻപോലും താമസിച്ചില്ല. തുഴ കൈയിൽ എടുത്തു. തോണി അതിവേഗത്തിൽ കുതിച്ചു[illegible]ഞ്ഞു. നേതാവിൻെറ അനുഭവം കണ്ടുകൊണ്ടു കരയിൽ[illegible]ന്നിരുന്ന കംസൻെറ അനുയായികൾ ഭയന്നുവിറച്ചു പുറകോട്ടോടി. ജേക്കബ്ബ് കംസനെക്കാൾ ഭയങ്കരനായ മന്ത്രവാദിയാണെന്നാണ് അവർ തീൎച്ചപ്പെടുത്തിയതു്.

കംസകിങ്കരന്മാർ പിൻവാങ്ങി എന്നു ജേക്കബ്ബും എൽസിയും അറിഞ്ഞില്ല. അവർ കിട്ടിയ സമയം കൊണ്ടു് രക്ഷ പ്രാപിക്കണമെന്നു വച്ചു് സൎവ്വശക്തിയും ഉപയോഗിച്ചു തുഴയുകയാണ്. ഒന്നുരണ്ടു മണിക്കൂർ കഴിഞ്ഞു. രണ്ടാളും തളൎന്നു. അല്പംകൂടി കഴിഞ്ഞാൽ തോണി കരയിൽ അടുപ്പിച്ചു് ഇറങ്ങി ഓടണം എന്നു ജേക്കബ്ബ് നിശ്ചയിച്ചു് ആ ജലവാഹനത്തെ, പുഴയുടെ ശാഖയായി തോന്നിയ ഒരു മാൎഗ്ഗത്തിലേക്കു തിരിച്ചുവിട്ടു. ആ തോട്ടിൽകൂടെ കുറെ ദൂരം യാത്രചെയ്തു. തലകൊയ്ത്തുകാരുടെ അനക്കം ഒന്നുമില്ല. തോടു ഒരു ജലാശയത്തിൽ ചെന്നു അവസാനിക്കയും ചെയ്തു. ജലാശയം എന്നല്ല ചെളിക്കുണ്ടു് എന്നാണു പറയേണ്ടതു്. തോണി ചെളിയിൽ ഉറച്ചു. കരയിൽ അടുപ്പിക്കാൻ ശ്രമിച്ചിട്ടു സാധിക്കുന്നില്ല. പുറകോട്ടു മാററാൻ

നോക്കിയിട്ടും പററുന്നില്ല. അതു ചെളിയിൽ തറഞ്ഞു പോയി.

ഇരുഭാഗത്തും കാടുകളാണ്. വലിയ മരങ്ങൾ തോട്ടിലേക്കു ചാഞ്ഞു് നിൽക്കുന്നതുകൊണ്ടു പ്രകാശം ഇല്ല. കാടുകളിൽ നിന്നു പറന്നുയന്ന കൊതുകുപററങ്ങൾ രണ്ടാളേയും മൂടി. ഒന്നു തൂത്താൽ ആയിരം ആയിരം കൊതുകുകൾ ചാകും. ചത്തവയുടെ സ്ഥാനത്തു പതിനായിരം പതിനായിരം വന്നു കൂടും. തോണി മുമ്പോട്ടും പുറകോട്ടും പോകയില്ല. വെള്ളത്തിൽ ചാടി കരയ്ക്കു കേറി രക്ഷപെടുകയെ മാർഗ്ഗമുള്ളു. അപ്പോളാണു് അല്പദൂരത്തു്, ചെളിയും മൂടിക്കിടക്കുന്ന വെള്ളവും ഭൂകമ്പത്താൽ എന്നവണ്ണം ചലിക്കുന്നതു കണ്ടതു്. അതിൻെറ രഹസ്യം അറിയാൻ അധികസമയം വേണ്ടതായി വന്നില്ല. തിമിംഗലത്തിൻെറ വലുപ്പമുള്ള ഒരു മുതല തല ഉയർത്തി തോണിയെ ലക്ഷ്യമാക്കി അടുത്തു വരുകയാണു്. അതിൻെറ പുറകെ ഒരു കൂട്ടാളിയും ഉണ്ടു് അതേ വലുപ്പത്തിൽ. ജേക്കബ്ബ് അവൻെറ കൈത്തോക്കിലെ നിറ അതിൻെറ മൂക്കിലേക്കു ഒഴിച്ചു. ഒന്നു ചത്തു. മററതു് അതുകൊണ്ടു് ഭയന്നു പിൻമാറിയില്ല. ഒന്നുകൂടി വെടിവച്ചു. അതും ചത്തു. അപ്പോൾ വേറെ രണ്ടു മുതലകൾ. ഒക്കെക്കൂടെ മൂന്നു തോട്ടാകൾ മാത്രമെ ബാക്കിയുള്ളു. അയാൾ അതിൽ രണ്ടും ചെലവാക്കി. രണ്ടു മുതലകളും ചത്തു. എന്തു പ്രയോജനം? ഇതിനിടയിൽ മറെറാരുവൻ തല തോണിക്കുള്ളിലേക്കു കടത്തി. എൽസി അവളുടെ തുഴകൊണ്ടു മൂക്കിൽ ആഞ്ഞടിച്ചു. അതു പിൻമാറി. ഏതു തരത്തിലെങ്കിലും കര പററാൻ നോക്കണം. അല്ലാതെ രക്ഷാമാർഗ്ഗമില്ല. മുതലകൾ എല്ലാം തോണിയുടെ ഒരു വശത്തുനിന്നാണു ഇളകി വന്നതു്. മറുവശത്തു ചാടിയാൽ കരയിൽ എത്താൻ വളരെ ദൂരമില്ല. ആ വശത്തേക്കു

ചാടിക്കൊള്ളാൻ ജേക്കബ്ബ് എൽസിയോടു പറഞ്ഞു. അവൾ ഒരു തുഴയും എടുത്തുകൊണ്ടു ചാടി. ജേക്കബ്ബ് ഇൻകാവിഗ്രഹവും കൈയിൽ എടുത്തു പുറകെ ചാടി. എൽസി കര പററി. ജേക്കബ്ബ് കരയോടു അടുത്തു. അതാ അവനെ കരയിൽ കടക്കാതെ തടയുന്നതിനു ഒരു മുതല പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ബാക്കി ഉണ്ടായിരുന്ന ഒരു തോട്ടാ, വളരെ വൈമനസ്യത്തോടെ ജേക്കബ്ബ് ചെലവാക്കി. കര പററാൻ ഇനി അല്പംദൂരമെയുള്ളു. ജേക്കബ്ബും വിഗ്രഹവും രക്ഷപെട്ടുപോയി. ഇല്ല, ആതാ, ഇതേവരെ ആക്രമിച്ച മുതലകളുടെ എല്ലാം നേതാവാണെന്നു തോന്നുന്ന ഒരു ഭയങ്കരൻ! ജേക്കബ്ബ് കൈത്തോക്കു അവൻെറ മുഖത്തേക്കു എറിഞ്ഞു. തെററിഞ്ഞു അതു്. അടുത്തു പിടിക്കുമെന്നായപ്പോൾ ബാക്കി ഉണ്ടായിരുന്ന ഏക ആയുധമായ ഇൻകാ വിഗ്രഹം, രണ്ടു കൈകളും കൂട്ടിപ്പിടിച്ചു ഉയർത്തി ആഞ്ഞടിച്ചു. വിഗ്രഹവും മുതലയും ഒരുമിച്ചു അപ്രത്യക്ഷമായി. ജേക്കബ്ബും രക്ഷപ്പെട്ടു. അയാൾ കരയിൽ കയറുന്നതുവരെ മുതലകളുടെ ആക്രമണം ഉണ്ടായില്ല. ഇൻകാ വിഗ്രഹത്തെ കാക്കാൻ മുതലകളെ ചുമതലപ്പെടുത്തിയിരുന്നുവോ? ആൎക്കറിയാം?

---

## അദ്ധ്യായം 12

എൽസിയും ജേക്കബ്ബും പിറെറന്നാളാണു് ഗ്രാമത്തിൽ എത്തിയതു്. യാത്രയിൽ പല തരത്തിൽ കഷ്ടപ്പെട്ടു. എന്നാൽ ജീവാപായം സംഭവിക്കാനിടയുള്ള അപകടങ്ങളെ ഒന്നിനെയും അവർ അഭിമുഖീകരിക്കേണ്ടതായി വന്നില്ല. അതു് എൽസിയിൽ ഒരു മനോപരിവൎത്തനം വരുത്തുകയുണ്ടായി. പത്തു ദീൎഘവൎഷങ്ങൾ .ഇൻ

ഡ്യൂൻ ഗ്രാമത്തിൽ അവരിൽ ഒരാൾ എന്ന നിലയിൽ കഴിച്ചിട്ടും അവരുടെ ദേവനെപ്പററി അവൾക്കു് അല്പമെങ്കിലും ഭയമോ ഭക്തിയോ ഉണ്ടായിരുന്നില്ല. എൽസിയുടെ തോഴികളും അവരോടു ഇടപെടുന്നവർ എല്ലാവരും ദേവൻെറ അത്ഭുതശക്തികളെപ്പററി എന്നും തന്നെ ഓരോന്നു പറയുന്നതു കേട്ടിട്ടും, ദേവൻെറ വിഗ്രഹം ഒന്നു കാണണമെന്നോ, അദ്ദേഹത്തോടപേക്ഷിച്ചു മോചനം പ്രാപിക്കണമെന്നോ ഒരിക്കലെങ്കിലും തോന്നാഞ്ഞതു എന്താണെന്നു അവൾ ചിലപ്പോൾ ആലോചിക്കാറുണ്ടായിരുന്നു. ആ വിഗ്രഹം ജേക്കബ്ബ് കൈക്കലാക്കപ്പെടുത്തിയ സമയം മുതൽ, അതുകൊണ്ടു് മുതലയുടെ തലയിൽ അടിച്ചു അതുപേക്ഷിച്ചു ജേക്കബ്ബ് രക്ഷപ്പെട്ടതു വരെ, അവനും അവളും അഭിമുഖീകരിച്ച അതിഭയങ്കരങ്ങളായ അപകടങ്ങൾ ആയിരിക്കുമോ ഈ പരിവത്തനം വരുത്തിക്കൂട്ടിയതു്?

വിഗ്രഹം അന്വേഷിച്ചു പുറപ്പെട്ട സംഘത്തിൻെറ നേതാവായിരുന്ന അവളുടെ അച്ഛനു് അപമൃത്യു സംഭവിച്ചപ്പോഴാകട്ടെ, വിഗ്രഹവുംകൊണ്ടു് ബാക്കിയുള്ളവർ യാത്ര പുറപ്പെട്ടശേഷം അടിക്കടി അനവധി അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരുന്ന സമയത്താകട്ടെ എൽസിക്കു ഇന്നത്തെത്തരത്തിലുള്ള ഒരു ചിന്തയേ ഉണ്ടായില്ല. ഇന്നു അപകടത്തിൻെറ മുന ജേക്കബ്ബിൻെറ ഹൃദയസ്ഥാനത്തായിരുന്നു ആദ്യം തറച്ചുകേറുന്നതു് എന്നു വന്നതുകൊണ്ടാണോ ഈ മാററം സംഭവിച്ചതു്? ജേക്കബ്ബിനെ പിടിക്കാൻ മുതലകൾ പുറകെപുറകെ വരുന്നതു കണ്ടപ്പോൾ അനുഭവപ്പെട്ട അസഹ്യമായ മനോവേദന അവളുടെ കണ്ണുകൾ അപ്പോൾ തുറപ്പിച്ചില്ല. എന്തുകൊണ്ടാണു അത്ര അധികം വേദന തോന്നാൻ കാരണം എന്നു ചിന്തിക്കുന്നതിനോ, ചിന്തയെ വിശകല

നം ചെയ്യുന്നതിനൊ അപ്പോൾ അവസരവും ഇല്ലായിരുന്നു. അപകടം കൂടാതെ ഗ്രാമത്തിൽ മടങ്ങി എത്തി വിശ്രമിച്ചപ്പോഴാണു് വലിയൊരു മനംമാററം തനിക്കു ഉണ്ടായിട്ടുണ്ടെന്നു എൽസിക്കു ബോദ്ധ്യമായതു്. ജേക്കബും കംസനുമായി നടന്ന ദ്വന്ദ്വയുദ്ധത്തിൽ അവനെന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ, മുതലകളുടെ ആക്രമത്തിൽ അവനു് എന്തെങ്കിലും അപകടം പററിയിരുന്നെങ്കിൽ താൻ എങ്ങനെ സഹിക്കുമായിരുന്നു.... അവളുടെ ചിന്ത ഈ സ്ഥാനത്തു എത്തിയപ്പോൾ എൽസിക്കു കഥ മനസ്സിലായി. ജേക്കബിനെ സഹോദരനായിട്ടാണു് അവൾ ഗണിച്ചിരുന്നതു്. അതിൽ [illegible]ല്ലാ കുറവോ എന്തെങ്കിലും ഉണ്ടാകുമെന്നുപോലും ആ തരുണി ഓർത്തിട്ടില്ല. ഇപ്പോഴോ? അവളുടെ ഹൃദയം എൽസിയോടു പറയുന്നു, ഞാൻ ജേക്കബിൻെറ അടിമ ആയിപ്പോയി എന്നു്. അവൾ തനിയെയുണ്ടായിരുന്നുള്ളുവെങ്കിലും എൽസി ലജ്ജകൊണ്ടു മുഖം കുനിച്ചുപോയി. ലജ്ജ മാത്രമാണോ? അല്ല, അവൾ അന്നുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു ആനന്ദാനുഭൂതിയും അനുഭവപ്പെട്ടു.

വിഗ്രഹം നഷ്ടപ്പെട്ടശേഷം അവർ ഗ്രാമത്തിലേക്കു യാത്രചെയ്യുമ്പോഴാണു്, ആ വിഗ്രഹം കൈവശപ്പെടുത്തുന്നതിനു ജേക്കബിനു് എത്രമാത്രം ആഗ്രഹം ഉണ്ടായിരുന്നു എന്നു എൽസിക്കു മനസ്സിലായതു്. കംസൻെറ പിടിയിൽനിന്നു് മോചനം ലഭിച്ചതിനും മുതലകളുടെ വായിൽപെടാതെ രക്ഷപെട്ടതിനും ഈശ്വരനെ എത്രമാത്രം സ്തോത്രം ചെയ്താലും മതിയാവില്ലെന്നായിരുന്നു എൽസിയുടെ അഭിപ്രായം. വിജയിച്ചു എന്നായിരുന്നു അവളുടെ വിശ്വാസം. എന്നാൽ അനേകവർഷത്തെ ഒരുക്കങ്ങളും, അനേകമാസത്തെ കഷ്ടപ്പാടുകളും ശക്തിക്കപ്പുറമുള്ള പണച്ചെലവും നഷ്ടമായ

ളുതന്നെ വലിയൊരു തോൽവി ആയി ജേക്കബിനു തോന്നി. അതു അവനെ ക്ലേശിപ്പിക്കയും ചെയ്തു. അത്രയുമെ ഉണ്ടായിരുന്നുള്ളു എങ്കിൽ വഹിക്കയും സഹിക്കയും ചെയ്യാമായിരുന്നു; ആ വിഗ്രഹം തന്നെ തോല്പിച്ചു. അതു സഹിക്കാൻ പാടില്ല എന്നായിരുന്നു ജേക്കബിൻെറ അഭിപ്രായം. എൽസിക്കു ഇതെല്ലാം പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും, ജേക്കബിനു് വലിയ കുണ്ഠിതം ഉണ്ടെന്നു അറിയാമായിരുന്നു. അതു അകററുന്നതിനു അവൾ ആവതു ശ്രമിക്കയും ചെയ്തു.

പരാജയമനസ്ഥിതിയിൽ കഴിയുന്ന ജേക്കബിനെ സന്ദർശിക്കാൻ, വിജയം വരിച്ച എൽസി പിറെറന്നാൾ രാവിലെ അതിഥിമന്ദിരത്തിലേക്കു പുറപ്പെട്ടു. രാത്രി എൽസിയുടെ ഹൃദയം അവളോടു തുറന്നു പറഞ്ഞ പരമാർത്ഥം ആ കന്യകയെ ഇപ്പോഴും ലജ്ജാവതി ആക്കുന്നുണ്ടു്. അതു കാരണം അവൾ അല്പമൊരു ആശങ്കയോടുകൂടിയാണു പുറപ്പെട്ടതു്. അവൾ അതിഥിമന്ദിരത്തിൽ ചെന്നുകേറിയതു ജേക്കബു് അറിഞ്ഞില്ല. അവൻ എന്തൊ എഴുതുകയാണു്. ശ്രദ്ധ മുഴുവൻ അതിൽ കേന്ദ്രീകരിച്ചിരുന്നതുകൊണ്ടു എൽസി അടുത്തു ചെന്നു് അവൻെറ പിമ്പിൽ നില ഉറപ്പിച്ചിട്ടും ജേക്കബ് അറിഞ്ഞില്ല. അവനെ വിളിക്കുന്നതിനു എൽസിക്കു പതിവില്ലാത്ത ഒരു സങ്കോചം! അവളുടെ ഹൃദയം പതിവിലധികം വേഗത്തിൽ തുടിക്കുന്നുണ്ടു്. അതു് എല്ലാം തട്ടിത്തകർത്തു പുറത്തു ചാടാനുള്ള ശ്രമത്തിൽ ഉണ്ടാകുന്ന ശബ്ദം ജേക്കബ് കേൾക്കുമോ എന്നു പോലും സംശയം തോന്നി എൽസിക്കു്. ജേക്കബ് എഴുതുകയല്ല. ഒരു പ്ളാൻ വരയ്ക്കുകയാണു്. കുറച്ചു സമയംകൊണ്ടാണു് എൽസിക്കു കാര്യം മനസ്സിലായതു്. തലേന്നാൾ മുതലയുടെ ആക്രമണം ഉണ്ടായ സ്ഥാനം ചുവന്ന പെൻസിൽകൊണ്ടു അടയാള

പ്പെടുത്തിയിരിക്കുന്നു. അവിടെ നിന്നു അവർ ഗ്രാമത്തിലേക്കു പോന്ന മാർഗ്ഗവും ശരിക്കു രേഖപ്പെടുത്തിയിട്ടുണ്ട്. പ്ളാനിൽ എഴുതാനുള്ളതു് എഴുതുന്നതിന് അയാളുടെ ഫൌണ്ടൻപേനാ എടുക്കുന്നതിനു തിരിഞ്ഞപ്പോളാണു്, എൽസി അടുത്തു നില്ക്കുന്നതു് ജേക്കബ്ബ് കണ്ടതു്. "എൽസി വന്നതു ഞാൻ അറിഞ്ഞില്ലല്ലോ" എന്നു ജേക്കബ്ബ് പറഞ്ഞപ്പോഴേക്ക് അവളുടെ ദേഹത്തുള്ള രക്തം അത്രയും മുഖത്തു പാഞ്ഞുകേറി എന്നു എൽസിക്കു തോന്നി. ജേക്കബ്ബ് അതു കാണുമോ, അവളുടെ രഹസ്യം മനസ്സിലാക്കുമോ എന്നവൾ ഭയപ്പെട്ടു. മനസ്സിൽ ഉള്ളതു് മറച്ചുവയ്ക്കുന്നതിനു സ്ത്രീ[illegible]ക്കു പ്രകൃതിദത്തമായി ലഭിച്ചിട്ടുള്ള സാമർത്ഥ്യം അവൾ പ്രയോജനപ്പെടുത്തി. വിശേഷവിധിയായി ഒന്നും ഇല്ലെന്നു നടിച്ചുകൊണ്ടു് എൽസി ചോദിച്ചു, "എന്താണു് ഇത്രമാത്രം ശ്രദ്ധയോടുകൂടി വരയ്ക്കുന്നതു്? ഞാൻ ഇവിടെ വന്നു നിൽക്കാൻ തുടങ്ങിയിട്ടു അഞ്ചെട്ടു മിനിററായിട്ടും അറിഞ്ഞില്ലല്ലോ?"

ജേക്കബ്ബ്. "ഇൻകാ ദേവനോടുള്ള സമരത്തിൽ ഞാൻ ഇന്നലെ തോററു തൊപ്പിയിട്ടുപോയല്ലോ. ആ സമരരംഗത്തിൻെറ ഒരു പ്ളാൻ എങ്കിലും, ഓർമ്മ ശരിക്കുള്ളപ്പോൾ വരച്ചുവയ്ക്കാം എന്നു വച്ചു് ശ്രമിക്കയായിരുന്നു."

"സന്താനപരമ്പരയ്ക്കു അവരുടെ അച്ഛൻെറയോ മുത്തച്ഛൻെറയോ വീരപരാക്രമത്തിനു ലക്ഷ്യമായി വച്ചുസൂക്ഷിക്കുന്നതിനുള്ള ഒരു പാരമ്പര്യദ്രവ്യം ആയിട്ടാണൊ ഈ പ്ളാൻ ഉദ്ദേശിക്കുന്നതു്" എന്നു അവളുടെ വശ്യശക്തി പൂർണ്ണമായി ഉൾക്കൊള്ളുന്ന പുഞ്ചിരി തൂകിക്കൊണ്ടു എൽസി ചോദിച്ചു. മുൻകൂട്ടി ആലോചിച്ചു ചോദിച്ചതല്ലെങ്കിലും, ഹൃദയം അവളെ ലക്ഷ്യത്തിലേക്കു നടത്താൻ തുടങ്ങിക്കഴിഞ്ഞുവല്ലോ എന്നുള്ള ഓർമ്മ

ചോദ്യം പുറപ്പെട്ട ക്ഷണത്തിൽ ഉണ്ടായി. അതു അവളെ വീണ്ടും ലജ്ജിപ്പിക്കാൻ തുനിഞ്ഞു എങ്കിലും അവൾ വഴങ്ങിക്കൊടുത്തില്ല.

ജേക്കബ്ബ്. "ഒരു ഭായ്യപോലും ഇല്ലാത്തവൻ സന്താനപരമ്പരകൾക്കു ആരാധിക്കാനുള്ള മാഗ്ഗം അന്വേഷിക്കേണ്ടതില്ലല്ലോ."

എൽസി. "ആ കുറവു പരിഹരിക്കുന്നതിനെന്താ പ്രയാസം!"

ജേക്കബ്ബ്. "ആയുസ്സിൽ ആദ്യം ചെയ്യ ശ്രമത്തിൽ പിതൃ സമ്പത്തുണ്ടായിരുന്നതു മുഴുവൻ പണയത്തിലാക്കി. ചെയ്യ ശ്രമത്തിൽ പരിപൂണ്ണമായി പരാജയപ്പെട്ട ഒരുവൻ, ജീവിച്ചിരിക്കാൻപോലും അർഹനല്ല. അപ്പോൾ പിന്നെ അവൻ ആ തോൽവിക്കവകാശികളുണ്ടാവാൻ ഇടയാക്കുന്നതു ശരി ആയിരിക്കുമോ?"

എൽസി. "ഒന്നും ചെയ്യാത്തവൻ തോല്ക്കുകയില്ല. അവൻ തീച്ചയായും ജയിക്കുകയില്ലല്ലോ. വേണ്ടവിധം ശ്രമിക്കാൻ കരുത്തുള്ളവന്നു് പരാജയം സംഭവിച്ചാലും അതിനെ അതിജീവിച്ചു വിജയം വരിക്കാൻ തീച്ചയായും സാധിക്കും."

എൽസിയുടെ അഭിപ്രായപ്രകടനം ജേക്കബ്ബിന്റെ അധഃപതിച്ചിരുന്ന മനസ്സിന്നു ആശ്വാസം കൊടുത്തു എന്നു അയാളുടെ മുഖത്തു കാണാമായിരുന്നു. അവൻ പറഞ്ഞു, "തോററാൽ തോററിടത്തു തന്നെ ജയിക്കണം. അതാണു് സാമത്ഥ്യം. അതാണു് പുരുഷധമ്മം. അതുകൊണ്ടാണു് ഞാൻ പരാജയപ്പെട്ട സമരരംഗത്തിന്റെ പ്ളാൻ തയ്യാറാക്കിയതു്."

എൽസി. "വിവേകമാണു് പരാക്രമത്തിന്റെ ആയുധവും ആലോചനക്കാരനും, എന്നുള്ള വസ്തുത മറക്കരുതേ."

ജേക്കബ്ബ്. "എൽസി പറഞ്ഞതിൻെറ സാരം?"

എൽസി. "ഞാൻ കേട്ടിട്ടുള്ള ചൊല്ല് ആവൎത്തിച്ചു എന്നു വച്ചാൽ മതി."

ജേക്കബ്ബ്. "അതല്ല, ഉള്ളതു പറയണം."

എൽസി. "ലോകപരിചയമോ പഠിപ്പോ ഇല്ലാത്ത ഞാൻ എന്തു പറയാനാണു്?"

ജേക്കബ്ബ്. "കുട്ടികളിൽ നിന്നാണെങ്കിലും പഠിക്കാവുന്നതു പഠിക്കണമെന്നാണല്ലോ."

എൽസി. "അതു ശരിയായിരിക്കാം. നിൎബ്ബന്ധമാണെങ്കിൽ, ഞാൻ ഉദ്ദേശിച്ചതെന്താണെന്നു [illegible]ം."

ജേക്കബ്ബ്. "നിൎബ്ബന്ധമാണു് കേൾക്കട്ടെ."

എൽസി. "ജേക്കബ്ബിൻെറ സംസാരത്തിൽനിന്നു ഞാൻ മനസ്സിലാക്കിയതു്, നഷ്ടപ്പെട്ട ആ വിഗ്രഹം വീണ്ടെടുക്കാൻ ശ്രമിക്കുമെന്നാണു്. എൻെറ ധാരണ ശരിയല്ലെ?"

ജേക്കബ്ബ്. "ശരിയാണു്."

എൽസി. "മിനിഞ്ഞാന്നു മുതലകളുമായി നടത്തിയ സമരത്തിൽ ജേക്കബ്ബ് വിജയിച്ചില്ല. നാളെയൊ മററന്നാളൊ വീണ്ടും അവയുമായി ഏററുമുട്ടിയാൽ മറിച്ചൊരു അനുഭവം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാൻ എന്താണു ന്യായം?"

ജേക്കബ്ബ്. "ശ്രമിക്കു, ശ്രമിക്കു, വീണ്ടും ശ്രമിക്കു, എന്നുണ്ടല്ലോ."

എൽസി. "ഉണ്ടു്. പക്ഷെ വീണ്ടും വീണ്ടും ശ്രമിക്കുന്നതു് വിജയത്തിനു അല്പ സാദ്ധ്യതയെങ്കിലും കണ്ടുകൊണ്ടായിരിക്കേണ്ടയോ?"

ജേക്കബ്ബ്. "ഇവിടെ വിജയത്തിനു യാതൊരു സാദ്ധ്യതയും ഇല്ലെന്നാണൊ എൽസി പറയുന്നതു്?"

എൽസി. "മിനിഞ്ഞാന്നത്തേക്കാൾ എന്തു മേന്മയാണു ഇന്നുള്ളതു്, അല്ലെങ്കിൽ നാളെ ഉണ്ടാകുന്നതു്?"

ജേക്കബ്. "അതുകൊണ്ടു്?"

എൽസി. "മിനിഞ്ഞാന്നു ഒരു കൈത്തോക്കും രണ്ടുമൂന്നു തോട്ടായും എങ്കിലും ഉണ്ടായിരുന്നു. ഇപ്പോൾ അതു പോലുമില്ല. പിന്നെങ്ങിനെ വിജയിക്കും?"

ജേക്കബ്. "ഇവിടെനിന്നു ഹരിയേയും അയാളുടെ കൂട്ടുകാരിൽ കുറെ ആളുകളെയും കൂട്ടിക്കൊണ്ടുപോയാലോ?"

എൽസി. "ജേക്കബ്ബ നിർബ്ബന്ധമായി ആവശ്യപ്പെട്ടാൽ ഉപേക്ഷിക്കാൻ നിവൃത്തി ഇല്ലാത്തതുകൊണ്ടു ഹരി വരും. മററു ഒരു ഒററ ആൾ വരുകയില്ല."

ജേക്കബ്. "എന്താണു് അത്ര നിശ്ചയം?"

എൽസി. "ഇവിടത്തെ ഇൻഡ്യൻമാരുടെ പൂർവ്വചരിത്രം അറിയാവുന്നതുകൊണ്ടാണു ധൈര്യമായി പറയുന്നതു്."

ജേക്കബ്. "വേണ്ടിടത്തോളം പണം കൊടുത്താൽ രണ്ടുമണിക്കൂർ നേരം പ്രയത്നിക്കുന്നതിനോ, അല്പമായ അപകടത്തെ അഭിമുഖീകരിക്കുന്നതിനോ, ഈ കാട്ടാളന്മാരിൽ ആരും പുറപ്പെടുകയില്ലെന്നു കേട്ടിട്ടു ചിരി വരുന്നു. എൽസിയുടെ വാദത്തിനു ആധാരമായ ചരിത്രത്തിൽ അല്പം കേട്ടാൽ കൊള്ളാം."

എൽസി. 'എനിക്കു അറിയാവുന്നതു പറയാം. എത്ര ചുരുക്കി പറഞ്ഞാലും കുറെ അധികസമയം വേണ്ടിവരും. മുഷിച്ചിൽ തോന്നുമോ?"

ജേക്കബ്. 'എൻെറ ജീവിതത്തെ വളരെ സാരമായി സ്പർശിക്കുന്ന ഒരു കാര്യമാണു്. ജീവിതം വിജ

യത്തിലൊ അപജയത്തിലൊ എത്തുന്നു എന്നു തിരുമാനിക്കപ്പെടുന്ന ഫലട്ടവുമാണ്. അതു തന്നെയല്ല, എന്റെ എൽസിയുടെ അഭിപ്രായത്തിനുള്ള അടിസ്ഥാനകാരണങ്ങൾ ധരിപ്പിക്കാൻ ശ്രമിക്കുകയാണു. ഒക്കെയ്ക്കുംമേലായി എൽസിയാണു പറയുന്നതു, പിന്നെ ഞാൻഎങ്ങനെ മുഷിയും? കേൾക്കട്ടെ. ചുരുക്കി പറ[illegible]ണമെന്നൊന്നുമില്ല.

എൽസി പറഞ്ഞു:— "ഈ ഇൻഡ്യന്മാരുടെ വേഷവും സമ്പ്രദായങ്ങളും കണ്ടാൽ അവൎക്കു പരഷ്കാരവും സംസ്കാരവും അല്പംപോലുമില്ലാത്തവരാണെന്നു തോന്നും. അതുകൊണ്ടാണല്ലോ അവരെ അ[illegible]ന്നു കാട്ടാളന്മാർ എന്നു പറഞ്ഞതു. ഈ തോന്നൽ അല്ലെങ്കിൽ ധാരണ ശരിയല്ല. അനേകമനേക ശതാബ്ദങ്ങൾക്കു മുമ്പു അതിസുന്ദരി ആയ ഒരു മനുഷ്യസ്ത്രീയെ കണ്ടു സൂൎയ്യദേവൻ ഭ്രമിച്ചു. അവളെ ഭാൎയ്യ ആക്കാതെ ഇഷ്ടസാദ്ധ്യത്തിനു തുനിഞ്ഞിട്ടു പററാതെ വന്നപ്പോൾ മനുഷ്യവേഷം സ്വീകരിച്ചു മറപ്രകാരം അവളെ വിവാഹം കഴിച്ചു. ആ വിവാഹത്തിന്റെ ഫലമാണു് ഇൻകാ ഇൻഡ്യന്മാർ എന്നാണു് അവരുടെ അലിഖിത ചരിത്രം. ഇതിൽ അതിശയോക്തിയും അന്ധവിശ്വാസവും വളരെ ഉണ്ടായിരിക്കാം. അല്ല, മുഴവൻ തന്നെ അതാണെന്നു വയ്ക്കുക. എന്നാൽ തന്നെ എന്താണു്? മനുഷ്യവൎഗ്ഗത്തിൽ അതിസമൎത്ഥന്മാരും അത്ഭുതമന്മാരും ആയ വൎഗ്ഗക്കാൎക്കുള്ള പലപല ഗുണങ്ങളും അവരിൽ ഇന്നും തെളിഞ്ഞു കാണുന്നുണ്ടു്.

ഉദാഹരണമായി ഹരിക്കു ജേക്കബിനോടുള്ള പ്രതിപത്തി നോക്കുക. ജേക്കബു അവനെ ഒരിക്കൽ അപകടത്തിൽനിന്നു രക്ഷിച്ചു. അവൻ ആ കടംവീട്ടുന്നതിനു എത്ര എത്ര പ്രാവശ്യം അപകടം സ്വയം വരിച്ചിട്ടുണ്ടു്. എന്നിട്ടും കടം വീടിയില്ല എന്നാണു് അവന്റെ വിശ്വാസം. സംസ്കാരസമ്പന്നന്മാരും പരി

ഷ്കാരത്തിന്റെ ഉച്ചഃകോടിയിൽ എത്തിയിരിക്കുന്നവരും ആണെന്നു അഭിമാനിക്കുന്ന നമ്മുടെ ആളുകൾ ആണെങ്കിൽ എന്തായിരിക്കും ചെയ്യുന്നതു്? കൃതജ്ഞത എന്ന ഗുണം ഉള്ളവനാണെങ്കിൽ ഒരിക്കൽ രക്ഷിച്ചതിന്റെ കടം വീട്ടാൻ രക്ഷിച്ച ആളിനുവേണ്ടി ഒരിക്കൽ അപകടം വരിച്ചു എന്നു വരാം. 'എന്റെ ജീവൻ രക്ഷിക്കാൻ ഞാൻ അയാളോടപേക്ഷിച്ചില്ല. അയാൾ സ്വമേധയാ ചെയ്തു. അതിനു ഞാൻ എന്തു വേണം? ഞാൻ കടക്കാരനല്ല' എന്നു പറഞ്ഞൊഴിഞ്ഞു കളയുന്നവരും പ[illegible]ാളും കാണും. വേറൊരു സംഗതി കൂടി മനസ്സിലാക്കിയിരിക്കണം. ഇൻകാ ഇൻഡ്യന്മാൎക്കു നമ്മുടെ ആളുകളോടു അടക്കിയാൽ അടങ്ങാത്ത, തീൎത്താൽ തീരാത്ത വിരോധം ഉണ്ടു്. അവർ അവരുടെ തോതനുസരിച്ചു വളരെ ശ്രേയസ്കരമായി കഴിക്കുന്ന കാലത്താണു സ്പെയിനിൽനിന്നു കുറെ കൊള്ളക്കാർ വന്നു വേണ്ടാത്ത നാശങ്ങൾ എല്ലാം വരുത്തിയതു്. ശത്രുക്കളാണെന്നു തുറന്നു പറഞ്ഞു തുറന്ന യുദ്ധത്തിനിറങ്ങുകയല്ല അവർ ചെയ്തതു. മിത്രങ്ങളാണെന്നുള്ള നാട്യത്തിൽ അടുത്തു കൂടി വൻചതിവു ചെയ്കയാണുണ്ടായതു. അവർ ഇൻഡ്യൻമാരുടെ അനേകം നഗരങ്ങൾക്കു കൊള്ളിവച്ചു. കണ്ടവരെയെല്ലാം കൊലചെയ്കയും കണ്ടതെല്ലാം കൊള്ളചെയ്തു കൊണ്ടുപോകയും ചെയ്തു. അതിനുശേഷം പുറത്തുനിന്നു വരുന്നവർ ആരായാലും അവരുടെ കഥ അപ്പോഴെ കഴിക്കണമെന്നാണു് അവരുടെ നിശ്ചയം. എന്നിട്ടും ജേക്കബിനുണ്ടായ അനുഭവം എന്തായിരുന്നു? ഈ ഗ്രാമത്തിലെ ആളുകളിൽനിന്നു എന്തെങ്കിലും ഉപദ്രവം ഉണ്ടാകുമെന്നു ജേക്കബിനു എപ്പോൾ എങ്കിലും തോന്നിയിട്ടുണ്ടോ? ഹരിയെ അപകടത്തിൽനിന്നു രക്ഷിച്ചതുകൊണ്ടു് അതിലുള്ള കൃതജ്ഞതകൊണ്ടു് ജേക്കബിനെ അവർ സ

ഹോദരനായി സ്വീകരിച്ചു. പാരമ്പര്യ ശത്രുവായ ഒരാളോടു അങ്ങനെ വത്തിക്കാൻ സംസ്കാരം ഇല്ലാത്തവക്കു സാധിക്കുമോ? സംസ്കാരമുള്ള നമ്മുടെ ആളുകൾക്കു സാധിക്കുമോ ?

ഞാൻ ഒരു പടികൂടെ മുമ്പോട്ടു പോകാം. 'ഇൻകാ വിഗ്രഹം' എന്നു നാം നിസ്സാരമായി പറയുന്നതിനോടു ഇവിടത്തെ ഇൻഡ്യന്മാക്കുള്ള ബഹുമാനവും സ്നേഹവും എത്രമാത്രമാണെന്നു ഊഹിക്കാൻപോലും ജേക്കബിനു സാധിക്കയില്ല. അതു അവരുടെ വർഗ്ഗത്തിന്റെ ജനയിതാവായ സൂര്യന്റെ വിഗ്രഹമാണു്. മനു[illegible]നായി അവതരിച്ച സൂര്യന്റെ വിഗ്രഹമാണു്. അതിനു ദൈവിക ശക്തി ഉണ്ടെന്നു അവർ പൂർണ്ണമായി വിശ്വസിക്കുന്നു. അവക്കു അതിനനുസരണമായ അനുഭവങ്ങളും ധാരാളം ഉണ്ടായിട്ടുണ്ടെന്നും ഇന്നും ഉണ്ടാകുന്നുണ്ടെന്നുമാണു പറയുന്നതു്. ആ വിഗ്രഹത്തിനു ഹാനി സംഭവിക്കാതെ സൂക്ഷിക്കുന്നതിനു ഈ ഗ്രാമത്തിലുള്ളവർ എല്ലാം ഒരുമിച്ചു ആത്മഹത്യ ചെയ്യണമെന്നു ബോദ്ധ്യമായാൽ യാതൊരു മടിയും കൂടാതെ അവർ ജീവൻ ബലികഴിക്കും. വിദേശികൾ ആ വിഗ്രഹത്തിൽ തൊട്ടാൽ അതു അശുദ്ധമാകുമെന്നാണു് അവരുടെ വിശ്വാസം. അങ്ങനെ സംഭവിക്കാതെ സൂക്ഷിക്കുവാൻ അവർ കടപ്പെട്ടവരുമാണു്. എന്നാൽ ജേക്കബു വിഗ്രഹവും എടുത്തുകൊണ്ടു പുറപ്പെട്ടപ്പോൾ ഹരി എന്തെങ്കിലും തടസ്സമുണ്ടാക്കിയോ ? എന്തുകൊണ്ടു? അവന്റെ സംസ്കാരംകൊണ്ടു് അവന്റെ ജീവൻ രക്ഷിച്ച, അവൻ സഹോദരനായി സ്വീകരിച്ച ആൾ അവന്റെ ദേവനെ കൊണ്ടുപോകുന്നതിനുപോലും സമ്മതിച്ചു. നാമാണെങ്കിൽ എന്തു ചെയ്യുമെന്നു അല്പം ഒന്നു ആലോചിച്ചാൽ ഈ 'കാട്ടാളന്മാർ' മഹാത്മാക്കളാണെന്നു മനസ്സിലാകും. അവരുടെ പുറകെ നട

ക്കാൻ നമ്മുടെ ആളുകൾ യോഗ്യരല്ല. അവരുടെ ഗു ണങ്ങൾക്കും ഒരു അതിരുണ്ട്. അതുകൊണ്ടാണു മുത ലയുമായി സമരം ചെയ്യാൻ വരണമെന്നാവശ്യപ്പെട്ടാൽ ഹരി ഒഴിച്ചു ആരും വരുകയില്ലെന്നു ഞാൻ പറഞ്ഞതു്."

ജേക്കബ്. "അപ്പോൾ മുതലകളും അവരുടെ ദേവന്മാരാണോ ?"

എൽസി. 'മുതലകളുടെ ശക്തി അനുഭവിച്ചറിഞ്ഞ ആളോടു അവ ദേവനോ ദേവന്മാരോ ആണോ എ ന്ന് [illegible]യേണ്ടതുണ്ടോ? ഇന്നു അവരുടെ ദേവൻെറ കാവൽക്കാരായിരിക്കുന്ന മുതലകളോടു യുദ്ധം ചെയ്തു പരിശുദ്ധമെന്നു അവർ വിശ്വസിക്കുന്ന വിഗ്രഹ ത്തെ കൈ അടക്കി കൊണ്ടു കടക്കാൻ അവർ സഹാ യിക്കണമെന്നാവശ്യപ്പെട്ടാൽ വരുകയില്ല എന്നുള്ളതിൽ സംശയിക്കാനില്ല.'

ജേക്കബ്. 'അപ്പോൾ ഞാൻ വെറും കൈയാ ലെ മടങ്ങി പോകണമെന്നാണല്ലോ വരുന്നതു്.'

എൽസി. 'വെറും കൈയാലെ മടങ്ങണമെന്നാ ണെങ്കിൽ അങ്ങനെ ആവാം' എന്നു അല്പം ഒരു പുഞ്ചി രിതൂകിക്കൊണ്ടാണു പറഞ്ഞതു.

ജേക്കബിനു ക്ഷണത്തിൽ കാര്യം മനസ്സിലായി. 'ഞാൻ മടങ്ങി പോകുന്നു എന്നു പറഞ്ഞാൽ ഞാനും എൽസിയും മടങ്ങുന്നു എന്നാണർത്ഥം.'

എൽസി. 'അത്രയുമായോ, ആ കഥ ഞാൻ അ റിഞ്ഞില്ലല്ലോ. ഞാനും അറിയേണ്ടതല്ലേ ?'

ജേക്കബ്. 'അറിയേണ്ടതും അറിഞ്ഞതും ആ ണെന്നാണെൻെറ വിശ്വാസം.'

എൽസി. 'ഞാൻ അറിഞ്ഞു എന്നുവച്ചാൽ ത ന്നെയും മതിയാകുന്നില്ല.

ജേക്കബ്ബ്. 'പിന്നെ?'

എൽസാ. 'ഇവിടത്തെ ജാതിത്തലവൻെറ അനുമതി അത്യാവശ്യമാണ്. അതുകൂടാതെ ഈ പ്രദേശത്തിനു പുറത്തു കടക്കാൻ എനിക്കു സാധിക്കയില്ല.'

ജേക്കബ്ബ്. 'ജാതിത്തലവൻ എന്നു പറഞ്ഞതു അയ്യർ അല്ലേ? ഞങ്ങൾ തമ്മിൽ ലോഹ്യമാണ്.'

എൽസി. 'ലോഹ്യമാണെങ്കിൽ, ഞാൻകൂടി നാട്ടിലേക്കു വരണമെന്നു ജേക്കബ്ബിനുള്ള പക്ഷം അദ്ദേഹത്തെ കണ്ടു സംസാരിക്കണം.'

ജേക്കബ്ബ്. 'വരണമെന്നുള്ള പക്ഷം എന്നു എടുത്തു പറഞ്ഞതിൻെറ സാരം എന്താണ്? എൽസിയെ ഈ കാട്ടാളവർഗ്ഗത്തിൽ വിട്ടുംവച്ചു പോകാൻ തക്ക അധമനാണു ഞാൻ എന്നു വിചാരിക്കുന്നുണ്ടോ?'

എൽസി. 'ഈ കാട്ടാളവർഗ്ഗം സംസ്കാരമുള്ളവരാണെന്നും അവരെ വിശ്വസിക്കാൻ കൊള്ളാമെന്നും വിശ്വസിക്കുന്നവരെ ഒരിക്കലും ചതിക്കയില്ലെന്നും ഞാൻ ധരിപ്പിച്ചിട്ടുണ്ടല്ലോ. എന്നെ ഒരു ദേവി ആയി അവർ ഗണിക്കുന്നു. എൻെറ ഇഷ്ടം എന്താണെന്നു അന്വേഷിച്ചു അതു അവരുടെ ശക്തിക്കനുസരണം സാധിച്ചുതരുന്നു. ഇതിലധികം എന്താണ് അവർ ചെയ്യേണ്ടതു? ഇങ്ങനെയുള്ള പരിതസ്ഥിതികളും ഉപേക്ഷിച്ചു എന്നെയും എനിക്കും അറിയാൻപാടില്ലാത്ത "പരിഷ്കൃതലോകത്തിലേക്കു" ഞാൻ ബദ്ധപ്പെട്ടുപോകുന്നതെന്തിനാണ്. അച്ഛൻെറ ഒരനുജനും അമ്മയുടെ ഒരു സഹോദരനും ഉണ്ടായിരുന്നു. അവർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നു തന്നെ അറിഞ്ഞുകൂടാ. അത്തരത്തിൽ നോക്കിയാലും നാട്ടിലേക്കു പോയതുകൊണ്ടു വിശേഷം ഒന്നുമില്ല.'

ജേക്കബ്ബ്. "പോരുകയില്ലെന്നാണോ പറയുന്നതു്?"

എൽസി. "എന്നു ഞാൻ പറഞ്ഞില്ല. നാട്ടിലേക്കു പോകേണ്ട ആവശ്യം ഒന്നും കാണുന്നില്ല. ഇവിടത്തേക്കാൾ സൌഭാഗ്യകരമായ ഒരു ജീവിതം അവിടെ നയിക്കാൻ സാധിക്കുമെന്നു എങ്ങിനെയാണ് അറിയുന്നതു്?"

ജേക്കബ്ബ്. "ഒരു ആവശ്യവും കാണുന്നില്ല എന്നോ?"

എൽസി അതിനു ശരിയായ ഒരു മറുപടി കൊടുക്കാതെ പറഞ്ഞു. "ഇവിടെ ആണെങ്കിൽ എനിക്കു പരിചയമുള്ളവരും എന്നോടു സ്നേഹവും ബഹുമാനവും ഉള്ളവരും ധാരാളമുണ്ട്. നാട്ടിൽ ചെന്നാലോ? അച്ഛൻ മരിച്ചിട്ടു വർഷങ്ങൾ വളരെ ആയി. അദ്ദേഹത്തിൻെറ സ്നേഹിതന്മാരിൽ വല്ലവരും ബാക്കി ഉണ്ടെങ്കിൽ എൻെറ അച്ഛൻെറ പുത്രി ആയതുകൊണ്ടു അവരുടെ പഴയ സ്നേഹിതൻെറ പുത്രിയോടു അല്പം അലിവു തോന്നിയേക്കാം. വല്ലവരെയും ബുദ്ധിമുട്ടിക്കാൻ എനിക്കിഷ്ടമില്ല. ഇവിടെ ആണെങ്കിൽ ആ വക കുഴപ്പങ്ങൾ ഉണ്ടാകാനില്ല."

ജേക്കബ്ബ്. "ഇൻകാ ഇൻഡ്യന്മാരുടെ പുരോഗതിക്കായി സ്വയം ബലി അർപ്പിക്കാമെന്നാണോ?"

എൽസി. "അവരുമായുള്ള സമ്പർക്കത്തിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു ഞാൻ അവരെ ഉയർത്താൻ അയോഗ്യയാണെന്നും അവരിൽനിന്നു പലതും നമുക്കു പഠിക്കാനുണ്ടെന്നുമാണ്."

ജേക്കബ്ബ്. "നമ്മുടെ സമുദായത്തിൻെറ ഇന്നത്തെ നിലയെപ്പററി ഇത്ര വലിയ അവജ്ഞ ഉണ്ടാകാൻ കാരണമെന്താണ്? എന്തു്, എങ്ങിനെ, മനസ്സിലാക്കിയിട്ടാണ് ഈ വിധം അഭിപ്രായം പറയുന്നതു്."

എൽസി. "ജേക്കബിൽനിന്നും ജേക്കബിൻെറ

കെട്ടിൽ ഉണ്ടായിരുന്ന ചില പുസ്തകങ്ങൾ വായിച്ചും ഒക്കെയാണ്."

ജേക്കബ്. "ശരിക്ക വായിക്കാൻ പാടില്ലെന്നോ വായിച്ചാലും ശരിക്ക മനസ്സിലാകയില്ലെന്നോ എന്നോട ഇവിടെവച്ചു ആദ്യം കണ്ടദിവസം പറഞ്ഞതായി തോന്നുന്നല്ലോ."

എൽസി. "അതു ശരി ആണ്. ആദ്യം ഒന്നും തന്നെ ശരിക്ക മനസ്സിലാകയില്ലായിരുന്നു. പല പ്രാവശ്യം വായിച്ചിട്ടും മനസ്സിലാകാത്ത വാക്കുകളോ കാര്യങ്ങളോ ജേക്കബിനോട ചോദിച്ചു മനസ്സിലാക്കുക ആയിരുന്നു."

ജേക്കബ്. "എന്നോട ചോദിച്ചു സംശയം തീക്കുകയോ മനസ്സിലാക്കുകയോ ചെയ്യൂ എന്നാണോ പറയുന്നതു?'

എൽസി. 'അതെ, ഇന്നതു എനിക്ക മനസ്സിലാകുന്നില്ല, പറഞ്ഞുതരണം എന്നാവശ്യപ്പെടാതെ സംസാരത്തിൽ ആ വാക്കുകളോ കാര്യങ്ങളോ ഉൾപ്പെടുത്തി സാധിക്കുകയാണു ചെയ്യൂതു."

ജേക്കബ്. "സൂത്രത്തിൽ!"

എൽസി. "ആ വാക്ക പ്രയോഗിക്കണമെങ്കിൽ ആയിക്കൊള്ളണം."

ജേക്കബ്. "നാം വളരെ ഗൌരവതരമായ കാര്യങ്ങളെപ്പററി ആലോചിച്ചു കൊണ്ടിരുന്നിടത്തുനിന്നു വളരെ അകന്നുപോയി. ഇൻഡ്യന്മാരുടെ ഗുണഗണങ്ങളും നമ്മുടെ ആളുകളുടെ ദൂഷ്യങ്ങളും ഒക്കെ അങ്ങനെ കിടക്കട്ടെ. എൽസി നാട്ടിലേക്ക പോരുന്നില്ല എന്നാണോ നിശ്ചയിച്ചിരിക്കുന്നതെന്നു ഞാൻ വീണ്ടും ചോദിക്കുന്നു."

എൽസി. "അവിടെ എത്തി പലരുടെ സഹാ

യംകൊണ്ടോ പലരെ ഉപദ്രവിച്ചോ കാലം കഴിക്കാൻ സന്തോഷം തോന്നുന്നില്ല."

ജെക്കബ്ബ്. "പലരുടെ സഹായമോ? എന്തിനു?"

എൽസി. "ഒന്നും ഇല്ലാത്ത, ഒന്നും അറിഞ്ഞുകൂടാത്ത അബലയായ ഞാൻ പിന്നെ എങ്ങനെ കഴിയും?"

ജെക്കബ്ബ്. "അതാണോ അഭിപ്രായഗതി? മററുള്ളവരുടെ സഹായം അഭ്യർത്ഥിക്കുന്നതിനല്ല, ജീവിതസമരത്തിൽ എന്നെ സഹായിക്കുന്നതിനായി എൻെറ സഹധർമ്മിണി ആയി വരണമെന്നാണു ഞാൻ ഇതുവരെ പറഞ്ഞതെല്ലാം. എൽസി അതു മനസ്സിലാക്കി എന്നാണു ഞാൻ ധരിച്ചിരുന്നതു്"

എൽസി സന്തോഷമോ സങ്കോചമോ മുഖത്തു പ്രത്യക്ഷപ്പെടാതിരിക്കാൻ വളരെ പണിപ്പെടുന്നുണ്ടു്. അവൾ പറഞ്ഞു "അങ്ങനെ മനസ്സിലാക്കിക്കളയാകുന്ന നിസ്സാരമായ ഒരു കാര്യമല്ല വിവാഹം എന്നാണു് എൻെറ അഭിപ്രായം."

ജെക്കബ്ബ്. "നിസ്സാരകാര്യമായിട്ടാണു ഞാൻ ഗണിച്ചതെന്നു വിചാരിക്കേണ്ട."

എൽസി. "എൻെറ നിസ്സഹായാവസ്ഥയിൽ അനുകമ്പ തോന്നിയതുകൊണ്ടു ആണെന്നു വന്നാലും...."

ജെക്കബ്ബ്. "എൻെറ ഹൃദയം തന്നെ തുറന്നുവച്ച പുസ്തകംപോലെ എൽസിയുടെ മുമ്പിൽ ഇരിക്കുന്നു എന്നും അതു വായിച്ചു എന്നുമാണു ഞാൻ ധരിച്ചിരുന്നതു്. എൻെറ ധാരണ ശരിയല്ലെന്നു ഇപ്പോൾ മനസ്സിലായി. എന്നെ ഈ നരകത്തിലേക്കു കൊണ്ടുവന്നതു് എൽസിയാണു്. അച്ഛൻെറ വിവരങ്ങൾ അറിയണമെന്നും ഇൻകാ വിഗ്രഹം കിട്ടുമെങ്കിൽ കൊണ്ടുപോകണമെന്നും ആഗ്രഹമില്ലാതില്ല. എൽസിയാണു എന്നെ ആകർഷിച്ച മാഗ്നററ്. അതു കൈയിൽ കിട്ടിയിട്ടു ഈ കാട്ടിൽ ഉപേക്ഷിച്ചുംവച്ചു പോകാൻ തക്ക

വിഡ്ഢി അല്ല ഞാൻ. എൽസിയെ കൂടാതുള്ള ഒരു ജീവിതത്തെപ്പററി ചിന്തിക്കുന്നതിനുപോലും കഴിവില്ല. എൽസിക്കു നാട്ടിലേക്കു വരാൻ ഇഷ്ടമില്ല. നാം രണ്ടാളും ഇവിടെ തന്നെ താമസിക്കണം എന്നു ആവശ്യപ്പെടുന്നപക്ഷം അതും എനിക്കു സന്തോഷമാണ്. എൻെറ ഹൃദയം കവൎന്ന ഭവതിക്കു എൻെറ ഭാൎയ്യാപദം സ്വീകരിക്കാൻ ഇഷ്ടമില്ലെങ്കിൽ, എന്നിൽ അല്പംപോലും പ്രേമമോ, സ്നേഹമോ എങ്കിലും തോന്നുന്നില്ലെങ്കിൽ............"

എൽസി. "ഞാൻ എന്നും ജേക്കബിൻെറ സ്വന്തആയിട്ടാണു കഴിഞ്ഞതെന്നും രാജകുമാരിയെ സ്വാൎഗ്ഗത്തിൽനിന്നു രക്ഷിച്ച സെൻറ ജോർജ്ജിനെ[illegible]പ്പോലെ മോചിപ്പിക്കാൻ ജേക്കബിനെ അയയ്ക്കണമെന്നു ഞാൻ പ്രാൎത്ഥിക്കയും അയയ്ക്കുമെന്നു വിശ്വസിക്കയും ചെയ്തിരുന്നു എന്നും ആ ആശകൊണ്ടാണു ജീവിക്കാൻ സാധിച്ചതെന്നും അറിഞ്ഞാലും"........... അവരുടെ വിവാഹനിശ്ചയം അങ്ങനെ കഴിഞ്ഞു.

ജേക്കബ്. "നമുക്കു നാട്ടിലേക്കു കഴിയുന്നത്ര വേഗത്തിൽ പുറപ്പെടണം."

എൽസി. "ഞാൻ തയ്യാറാണ്. എന്നെ ഇക്കാലമെല്ലാം സംരക്ഷിച്ച ജാതിത്തലവൻെറ അനുമതി വാങ്ങണമെന്നു ഞാൻ പറഞ്ഞുവല്ലോ."

ജേക്കബ്. "ഞാൻ തനിച്ചു അദ്ദേഹത്തെ കണ്ടു പറഞ്ഞാൽ മതിയോ? അതുകൊണ്ടു തൃപ്തി വരുകയില്ലായിരിക്കും."

എൽസി. "ഞാനും വരാമല്ലോ?"

രണ്ടാളുംകൂടി ജാതിത്തലവനായ അയ്യരെ കാണുന്നതിനു പുറപ്പെട്ടു. എൽസിയെയും കൂട്ടിക്കൊണ്ടു നാട്ടിലേക്കു പോകുന്നതിനു ആഗ്രഹിക്കുന്നു എന്നും അനുമ

തിനല്ലെന്നമെന്നും ജേക്കബ്ബ് ആവശ്യപ്പെട്ടപ്പോൾ, അതുവരെ വളരെ ലോഹ്യമായി പെരുമാറിക്കൊണ്ടിരുന്ന അയ്യർ യാതൊരു മറുപടിയും കൊടുത്തില്ല. അതുകേട്ട ഭാവംപോലും അദ്ദേഹത്തിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടില്ല.

ജേക്കബ്ബ് തുടൎന്നു പറഞ്ഞു. "എൽസിയും ഞാനുമായി വിവാഹനിശ്ചയം ചെയ്യു കഴിഞ്ഞു. അവളെ കൂട്ടിക്കൊണ്ടുപോകാൻ അനുവദിക്കണമെന്നു വീണ്ടും അപേക്ഷിച്ചുകൊള്ളട്ടെ."

അയ്യരുടെ ഗൌരവഭാവം മാറി അദ്ദേഹം പറഞ്ഞു. "ഇതു പറവാൻ പോകുന്നു എന്നു നിങ്ങൾ വന്നപ്പോൾ തന്നെ ഞാൻ കണ്ടു. അല്ല അതിനു മുമ്പു തന്നെ ഞാൻ ഊഹിച്ചു. ദേവി എപ്പോൾ സംസാരിച്ചാലും ജേക്കബിനെപ്പററിയുള്ള സ്മരണകൾ ഉയൎന്നു വരുന്നതു കണ്ടപ്പോഴാണ് ഞാൻ കാൎയ്യം മനസ്സിലാക്കിയതു്."

അവരുടെ ഹൃദയത്തിൻെറ ഉള്ളറയിൽ വളരെ രഹസ്യമായി സൂക്ഷിച്ചു വച്ചിരുന്ന രഹസ്യം ആ വൃദ്ധൻ മനസ്സിലാക്കി എന്നറിഞ്ഞപ്പോൾ എൽസി ലജ്ജിച്ചു. അവൾ ജേക്കബിനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്നു എന്ന പരമാൎത്ഥം ആ യുവാവു കേൾക്കെ വൃദ്ധൻ തട്ടിവിട്ടതു അവളെ കുറെക്കൂടി കുഴക്കി.

അയ്യർ തുടൎന്നു "ഞങ്ങളുടെ ദേവിയുടെ ഹിതം എന്തോ അതു തന്നെ ഞങ്ങളുടേയും ഹിതം. ജേക്കബിനെ വിവാഹം കഴിക്കണമെന്നും ഒരുമിച്ചു നാട്ടിലേക്കു പോരണമെന്നും ദേവിക്കു അതിയായ ആഗ്രഹമുണ്ടെന്നു മനസ്സിലാക്കാൻ, അങ്ങെട്ടു ഒരിക്കൽ നോക്കിയാൽ മതി. നിങ്ങൾക്കു സൎവ്വ്വേശ്വരൻെറ അനുഗ്രഹങ്ങൾ ധാരാളം കിട്ടുന്നതിനു ഞങ്ങൾ എല്ലാം പ്രാൎത്ഥിക്കാം. വിവാഹം എന്നാണു്? എന്നാണു് നാട്ടിലേക്കു പുറപ്പെടുന്നതു്?"

ജേക്കബ്ബ്. "നാട്ടിൽ എത്തിയാൽ ഉടൻ വിവാഹം നടത്താമെന്നും, കഴിയുംവേഗത്തിൽ ഇവിടെനിന്നു പുറപ്പെടണമെന്നുമാണു്."

അയ്യർ. "കപ്പലിൽ കേറുന്നതിനു മുമ്പു വിവാഹകർമ്മം നടത്താമെങ്കിൽ കടൽതീരം വരെ ഞാനും വരാം."

ജേക്കബ്ബ്. "അങ്ങനെ തന്നെ."

അയ്യർ. "ഒരു അപേക്ഷയുണ്ട്."

ജേക്കബ്ബ്. "എന്താണു്?"

അയ്യർ. "ഞങ്ങളുടെ ദേവിക്കു പകരം ഒരു ചെറുദേവിയെ, നിങ്ങൾക്കു ആദ്യം ലഭിക്കുന്ന പുത്രിയെ തരണമെന്നാവശ്യപ്പെട്ടാൽ സമ്മതിക്കയില്ലെന്നു അറിയാം. അതുകൊണ്ടു ആദ്യത്തെ പുത്രിയേയും കൂട്ടിക്കൊണ്ടു യാത്ര ചെയ്യാൻ സൌകര്യമായാലുടൻ ഞങ്ങളെ ഒരിക്കൽ സന്ദർശിക്കണമെന്നപേക്ഷയുണ്ടു്."

എൽസി മറുപടി പറയുകയില്ലല്ലൊ! ജേക്കബ്ബു പറഞ്ഞു "നിവൃത്തി ഉണ്ടെങ്കിൽ ഒരിക്കൽ കൂടി ഈ രാജ്യം സന്ദർശിക്കണമെന്നു എനിക്കു ആഗ്രഹമുണ്ടു്. അതുകൊണ്ടു ക്ഷണം സസന്തോഷം സ്വീകരിക്കുന്നു."

മൂന്നു ദിവസം വലിയൊരു ഉത്സവമായി കഴിച്ചശേഷം നാലാം ദിവസം എൽസിയും ജേക്കബ്ബും യാത്ര ആരംഭിക്കുക എന്നു തീർച്ചപ്പെടുത്തി. അവരോടൊപ്പം അയ്യരും കടൽതീരം വരെ അനുയാത്ര ആയി പോകുന്നു എന്നറിഞ്ഞപ്പോൾ, "പോകേണ്ടാത്ത ഒരാൾപോലും ഇല്ലെന്നു വന്നു. സഹായത്തിനു ഹരി മാത്രം മതി എന്നു അയ്യർ കല്പിച്ചാണു് ആ തക്കം തീർത്തു്.

മൂന്നു ദിവസത്തെ ഉത്സവത്തിന്റെയൊ കടൽതീര പട്ടണത്തിൽ എത്തിയ ഉടൻ തന്നെ നടന്ന എൽസി-ജേക്കബ്ബു വിവാഹകർമ്മത്തിന്റെയോ, അതി-

ന്നെ തുടൎന്ന ഹോട്ടലിൽവച്ച നടന്ന സദ്യയുടേയോ, അതിൽ അയ്യരും ഹരിയും സംബന്ധിച്ചതിൻേറയോ റിപ്പോർട്ട ഇവിടെ ചേക്കാൻ സാധിക്കുന്നില്ല.

## ഉപസംഹാരം

വൎഷം രണ്ടു കഴിഞ്ഞു. എൽസിയുടെ അച്ഛൻെറ വക ആയി ഉണ്ടായിരുന്ന ഒരു നല്ല സ്വത്തു അവൾക്കു കിട്ടിയില്ലായിരുന്നു എങ്കിൽ ആ ദമ്പതികളുടെ സ്ഥിതി പരിതാപകരമായി പരിണമിക്കുമായിരുന്നു. ജേക്കബിൻെറ കണ്ണിലുണ്ണിയാണു് എൽസി. ഇന്നും അതിനു് ...റമൊന്നുമില്ല. എന്നല്ല, ഇന്നു അവളോടുള്ള പ്രേമത്തിൻേറയൊ സ്നേഹത്തിൻേറയോ മാററു വളരെ വൎദ്ധിച്ചിട്ടുണ്ടു്. അവൾ ഒരു കുസൃതിക്കുടുക്ക ആയ കൊച്ചു എൽസിയുടെ മാതാവായതാണു് മാററു വൎദ്ധിക്കാൻ കാരണം. എന്നാലും ലോകകാൎയ്യങ്ങളൊ വീട്ടുകാൎയ്യങ്ങളൊ അന്വേഷിക്കുന്നതിനും, ആദായം ഉണ്ടാക്കാനുള്ള ഏതെങ്കിലും മാൎഗ്ഗം ആരായുന്നതിനും ജേക്കബ്ബ അശേഷം കൂട്ടാക്കുന്നില്ല. "ഇൻകാ പനി" പിടിച്ചുപോയി എന്നാണു് അയാൾ തന്നെ പറയുന്നതു്. ഇൻകാകളുടെ ദേവനെ കൊണ്ടുപോരാൻ ചെയ്ത ശ്രമം വിഫലമായി എന്നാണു്, ആ ശ്രമത്തിൽ അപകടം സംഭവിക്കാതെ രക്ഷപെട്ടു എന്നല്ല ജേക്കബ്ബ ഇപ്പോഴും സങ്കടപ്പെടുന്നതു്. ഇൻകാ വിഗ്രഹത്തെ ജേക്കബിൻെറ കൈയിൽ നിന്നു പിടിച്ചെടുത്ത മുതലകളുടെ ആസ്ഥാനം എവിടെ ആണെന്നറിയാം. അന്നു വരച്ച പ്ളാൻ ഇപ്പോഴും കൈവശമുണ്ടു്. മുതലകളെ എല്ലാം നശിപ്പിക്കയും വേണ്ടിവന്നാൽ ആ ചളിക്കുണ്ടു് വററിക്കയും ചെയ്യുന്നതിനുള്ള ഒരുക്കങ്ങളോടുകൂടി, ഒരു യാത്ര കൂടി ചെയ്യുന്നതിനു ഒരുങ്ങുകയാണു് ജേക്കബ്ബ നാട്ടിൽ

വന്ന ദിവസം മുതൽ. കുറെ അധികം ആളുകളും നവീന യന്ത്രസാമഗ്രികളും എല്ലാം ആയി പുറപ്പെട്ടാൽ വിജയം നിശ്ചയമാണെന്നുള്ള വിശ്വാസത്തിൽ, യാത്രയ്ക്കു ആവശ്യമുള്ള പണം മുടക്കാൻ പലർ മുമ്പോട്ടു വരുന്നുണ്ടു്. അവരുമായി കൂടിയാലോചന നടത്തുകയും, കൂടുതൽ കൂടുതൽ ഗവേഷണം നടത്തുകയും ചെയ്യേണ്ടതുകൊണ്ടാണു് മറെറാരു കാര്യത്തിലും ശ്രദ്ധിക്കാൻ ജേക്കബിനു സമയം കിട്ടാതെ വരുന്നതത്രെ. എൽസിക്കു നല്ലൊരു സ്വത്തു കിട്ടിക്കഴിഞ്ഞപ്പോൾ, പണം ഉണ്ടാക്കുന്നതിനുള്ള പ്രചോദനവും ജേക്കബിനു ഇ[illegible]തായി എന്നു വയ്ക്കുക.

എൽസി ഒരു പെൺകുട്ടിയുടെ മാതാവായിക്കഴിഞ്ഞപ്പോൾ, ആ കുട്ടിയെ ഇൻകാ രാജ്യത്തേക്കു കൊണ്ടുചെല്ലാമെന്നു ജാതിത്തലവനായ അയ്യക്കു വാക്കുകൊടുത്ത കാര്യം ജേക്കബിനു ഓർമ്മവന്നു. അവൾക്കു രണ്ടു വയസ്സാകാതെ കൊണ്ടുപോകാൻ നിവൃത്തിയില്ലല്ലൊ, അതുകൊണ്ടു യാത്ര അല്പം കൂടി നീട്ടാമെന്നല്ലാതെ, എൽസിക്കുഞ്ഞിനെ കൊണ്ടുപോകാതിരിക്കാം എന്നു ജേക്കബു ഓർക്കുന്നതേ ഇല്ല.

ഈജിപ്പിലെ ഫറവോരാജാക്കന്മാരുടെ ശവക്കല്ലറ തുറന്നവർക്കുണ്ടായതിൽ അതിഭയങ്കരമായ ദുരിതാനുഭവമായിരിക്കും, ഇൻകാ വിഗ്രഹവും കൊണ്ടു പോന്നാൽ ഉണ്ടാകുന്നതെന്നു പൂർണ്ണമായി വിശ്വസിക്കുന്ന എൽസി, യാത്രയ്ക്കു എന്തെല്ലാം തടസ്സങ്ങൾ ഉണ്ടാക്കാമൊ അവയെല്ലാം ഉണ്ടാക്കുന്നുണ്ടു്.

ജേക്കബ്ബ്. "എൽസിക്കുഞ്ഞിനു രണ്ടു വയസ്സു തികയുന്ന ദിവസം തന്നെ പുറപ്പെടണം."

എൽസി. "അപകടം വലിച്ചു തലയിൽ കേറാൻ പുറപ്പെടാതിരിക്കയാണു് നന്നു്."

ജേക്കബ്. "എൽസിക്കുഞ്ഞിനെ അവിടെ കൊണ്ടുചെല്ലാമെന്നു നാം അയ്യക്കു വാക്കു കൊടുത്തില്ലേ?"

എൽസി. "ഒരു വാക്കിനെക്കാൾ വളരെ വിലയുണ്ടു എൻെറ എൽസിക്കു............കൊടുത്ത വാക്കു അവിടെ കിടക്കട്ടെ. എൽസിയെ ഞാൻ വിടുകയില്ല."

ജേക്കബിൻെറ രണ്ടാം പര്യടനചരിത്രം, പര്യടനം പൂർത്തിയായ ശേഷം എഴുതാം.

ശുഭം

---

C. M. S Press, Kottayam—535—1000—25-9-—1953

S. N. V. വിവേക പ്രദായിനി
വായനശാല & ഗാന്ധി
സ്മാരക ഗ്രന്ഥശാല
രജി; നമ്പർ 72.
പെരിങ്ങമ്മല, കല്ലിയൂർ പി. ഒ.
തിരുവനന്തപുരം-42.

പുസ്തകത്തിന്റെ പേര്:

ഗ്രന്ഥകർത്താവ്:

നമ്പർ:

വില:

പുസ്തകം പിഴകൂടാതെ തിരികെ
ഏൽപ്പിക്കേണ്ട അവസാന തീയതി

3 APR 1998 | 1042/621
18 AUG 2001



൧൨ അണ
൧൪ ഗ്രന്ഥാവലി

# അത്ഭുത വിഗ്രഹം

1807
G
894.8124
CHE

EPBD

Indic Digital Archive Foundation
gpura.org